Reg. No. M. 2293

ഒരുപ്രതി 2ണ.

# സത്യദീപം


"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 26 | 1128 മകരം 8 – ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത് – എറണാകുളം 1953 ജാനുവരി 21 | ലക്കം 22


## ആ ജൂബിലിപ്രദക്ഷിണം

(ജോസഫ് മാന്തറ)









ഭാരതക്രൈസ്തവരുടെയെല്ലാം, പ്രത്യേകം കേരളകത്തോലിക്കരുടെ വിശ്വാസസ്ഥിരതയും ഭക്തിപ്രകടനങ്ങളും വിളിച്ചറിയിച്ച്, അഖിലലോകരുടേയും പ്രശംസയും, പ. പിതാവിന്റെ പ്രത്യേകാശീർവ്വാദവും സമാർജ്ജിച്ച ഒരു മഹാസംഭവമാണല്ലോ ഇക്കഴിഞ്ഞദിവസങ്ങളിൽ എറണാകുളത്തു നടന്നത്. പൂർണ്ണവിജയത്തിൽ സമാപിക്കപ്പെട്ട ആ ജൂബിലിയാഘോഷങ്ങൾ എല്ലാ ഭാരതീയരും എക്കാലവും അഭിമാനംകൊള്ളത്തക്ക ഒരു ചരിത്രസംഭവമായി നിലകൊള്ളുന്നതാണ്. കണ്ണഞ്ചിക്കുന്ന അലങ്കാരവിശേഷങ്ങൾ നിറഞ്ഞ സമ്മേളനപ്പന്തലിൽ മഹാസമുദ്രംപോലെ തിങ്ങിനിന്ന ജനങ്ങളുടെ ശ്രദ്ധയെ സവിശേഷം ആകർഷിച്ച ഒരു സംഭവം ഡിസമ്പർ 28-ാം- വൈകീട്ട് അഞ്ചുമണിക്ക് അവിടെയുണ്ടായി. സംഗതിയെന്തെന്നറിയുവാൻ എല്ലാവരും ഉദ്യുക്തരായി. പീഡകളുടേയും ക്ലേശങ്ങളുടേയും, ഒടുവിൽ വിജയത്തിന്റേയും ചിഹ്നമായ കുരിശുവഹിച്ച്, വിദൂരസ്ഥലങ്ങളിൽനിന്നും കാൽനടയായി ഒരു കൂട്ടം തീർത്ഥകർ, അയ്യായിരത്തിൽ അധികംവരുന്ന ഒരു ജനാവലി, പന്തലിൽ പ്രവേശിക്കുകയായിരുന്നു. ഒരു കൈയിൽ മരക്കുരിശും മാറത്തിൽ ജപമാലയുമേന്തി, പ്രാർത്ഥനാനിരതരായി, ശാന്തിയും സംതൃപ്തിയും കളിയാടുന്ന വദനങ്ങളോടെ ഒരു പ്രദക്ഷിണം അവിടെ വന്നുചേർന്നു. ഘോഷയാത്രയുടെ നട്ടുനായകത്വം വഹിച്ചിരുന്ന രഥമാണ് കാണികളുടെ ഹൃദയങ്ങളെ കവർന്നത്. സാമാന്യം വലുതായ ആ രഥത്തിന്റെ ഒരറ്റത്ത് ഒരു ക്രൂശിതരൂപം, ആൾ വലിപ്പത്തിലുള്ള മിശിഹാകർത്താവിന്റെ രൂപം തൂങ്ങിക്കിടക്കുന്ന ഒരു വലിയ കുരിശ് നാട്ടിനിറുത്തിയിരിക്കുന്നു. ശില്പകലാവൈദഗ്ദ്ധ്യം തുളുമ്പുന്ന ആ ദിവ്യസ്വരൂപത്തിൽ നോക്കുന്നവരെല്ലാം നിർന്നിമേഷരായി കുറേനേരം നിന്നുപോകുന്നതിലും, പലരും മുട്ടുകുത്തുന്നതിലും ആശ്ചര്യപ്പെടാനില്ല. ക്ലേശങ്ങളുടെയും ത്യാഗത്തിന്റെയും പാരമ്യം വ്യക്തമാക്കുന്ന ദിവ്യനാഥന്റെ തിരുമുഖത്തുനിന്നു കണ്ണുപിൻവലിച്ചുകളയുവാൻ ഏതൊരു വിശ്വാസിക്കു കഴിയുമാകും? ക്രൂശിതരൂപത്തിന്റെ വലതുവശത്ത് ഇൻഡ്യയുടെ പ്രഥമപ്രേഷിതനായ മാർത്തോമ്മാശ്ലീഹായുടേയും ഇടതുവശത്ത് പിതിയാപ്പസ്തോലനായ വി. ഫ്രാൻസീസ് സേവ്യറിന്റെയും സ്വരൂപങ്ങൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. എതിർഭാഗത്ത്, ക്രൂശിതനായ ഈശോയെ അഭിമുഖീകരിച്ച്, മുട്ടിന്മേൽനിന്ന് കൈകൾ രണ്ടും വിരിച്ച് ഫ്രാൻസീസ് അസ്സീസിയുടെ രൂപവും.

മാർത്തോമ്മാശ്ലീഹായും വി. ഫ്രാൻസീസ് സേവ്യറും ഇൻഡ്യയിൽവന്നു് രക്ഷകനായ മിശിഹായെ പ്രസംഗിക്കുന്നതിനായിരുന്നല്ലോ. മനുഷ്യരക്ഷയ്ക്കായി കഠിനപീഡകൾ സഹിച്ച് കുരിശിൽ മരണമടഞ്ഞ ഈശോയെ എല്ലാവർക്കും പരിചയപ്പെടുത്തി, സകലരേയും മിശിഹായിലേക്ക് ആകർഷിക്കുവാനാണ് ഈ പ്രേഷകന്മാർ രണ്ടുപേരും നമ്മുടെ ഇൻഡ്യയിൽ വന്നത്. അതിനാൽ ഈ പ്രേഷിതന്മാരുടെ സ്മരണയെ കൊണ്ടാടുന്ന അവസരത്തിൽ, അവർ രണ്ടുപേരും ക്രൂശിതനായ മിശിഹായെ ചൂണ്ടിക്കാണിക്കുന്ന സ്വരൂപങ്ങളും വഹിച്ചുകൊണ്ട് നടത്തപ്പെടുന്ന പ്രദക്ഷിണം, അതും കുരിശുംവഹിച്ച്, കാൽനടയായി ചെയ്യുന്ന പ്രദക്ഷിണം, ജൂബിലിയാഘോഷങ്ങൾക്ക് ഏറ്റവും അനുപേക്ഷണീയമായ ഒന്നാണ്. ഫ്രാൻസീസ്കൻ മൂന്നാംസഭാംഗങ്ങളുടേയും സന്യാസസംഘാംഗങ്ങളുടേയും ആഭിമുഖ്യത്തിൽ രൂപീകരിക്കപ്പെട്ട് വിജയത്തിലെത്തിയ പ്രദക്ഷിണമാണ് മേല്പ്പറഞ്ഞവിധം സമ്മേളനരംഗത്ത് പ്രവേശിച്ചത്.

ആരക്കുഴ, നാകപ്പുഴ, വാഴക്കുളം, കോടിക്കുളം, മുതലക്കോടം, ദേവപുരം, ഉഴവൂർ, കല്ലൂർ, കടവൂർ, [illegible], കരിമണ്ണൂർ മണത്തൂർ, മാറിക, ആയവന, കടനാട്, ഇളഞ്ഞോട്ട്, മൈലക്കൊമ്പ്, നെടിയകാട്ട് എന്നി ഇടവകകളിലെ അംഗങ്ങൾ മൂവാറ്റുപുഴ സമ്മേളിച്ചു; അവിടെനിന്നും ബ. പീയോ അച്ചന്റെ (കപ്പൂച്ചിൻ) നേതൃത്വത്തിലും; കുറവിലങ്ങാട്ട്, ഇടനാട്ട്, മീനാട്ട്, കല്ലാട്ട്, തലയോലപ്പറമ്പ്, വയപ്പൂര്, [illegible], പൂവരണി, [illegible], ചാവറ, ചെമ്പിൽ, കുളത്തൂർ, ചെറുവാണ്ടൂർ, വെത്തമറ്റം, കുന്നംപുറം, കരിമ്പനക്കുളം, വെല്ലൂം, ഇടതൂ, കൊടക, എന്നി ഇടവകക്കാർ വെല്ലൂരത്തി അവിടെ

തെക്കാട്ടുമൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ച്: ആലുവാ റെയിൽവെസ്റ്റേഷനു സമീപം
എല്ലാ വ്യാഴാഴ്ചയും ഒരുമണിമുതൽ അഞ്ചുമണിവരെ
ഇ. ടി. ആര്യൻമൂസ്സ് അവർകൾ
വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ച് ചികിത്സ നിശ്ചയിക്കുന്നതുമാണ്

# മലങ്കരനസ്രാണികളും ക്രൈസ്തവപുനരൈക്യവും

(ഫാദർ തോമസ് വടശ്ശേരി എൽ. ഡി.)

6. (തുടർച്ച)

ചില അകത്തോലിക്കാ സഹോദരന്മാർ കത്തോലിക്കരുടെ പ്രസംഗങ്ങൾ കേൾക്കുകയോ, കത്തോലിക്കാ ഗ്രന്ഥങ്ങൾ വായിക്കുകയോ ചെയ്താൽ തങ്ങളുടെ സഭ ശരിയല്ലെന്നും, കത്തോലിക്കാസഭയാണു ശരിയെന്നും ബോദ്ധ്യംവന്ന് ഒടുവിൽ കത്തോലിക്കാസഭയിൽ ചേരേണ്ടിവന്നേക്കുമല്ലോ എന്നു ഭയന്ന് ആ സഭയെപ്പററി പഠിക്കുന്നതിനുള്ള സാഹചര്യങ്ങൾ മനഃപൂർവ്വം അകററി ജീവിക്കുവാൻ ശ്രമിക്കുന്നു. "മലങ്കര യാക്കോബായക്കാർ ഏകസഭാംഗമാകരുതോ?" എന്നപേരിൽ ഞാൻ ഈയിടെ പ്രസിദ്ധം ചെയ്ത ഒരു ഗ്രന്ഥം ഇംഗ്ലീഷ് സ്കൂളിൽ എന്നെ പഠിപ്പിച്ച യാക്കോബായക്കാരനായ ഒരദ്ധ്യാപകനു വായിക്കാൻ കൊടുക്കുകയുണ്ടായി. ആ പുസ്തകം വായിച്ചശേഷം അദ്ദേഹം തന്റെ സ്നേഹിതനായ ഒരു കത്തോലിക്കാ അദ്ധ്യാപകനോട് ഇപ്രകാരം പറഞ്ഞതായി ഞാൻ അറിഞ്ഞു: "ആർക്കും മനോബോദ്ധ്യം വരത്തക്കവിധമാണ് ഈ പുസ്തകം രചിച്ചിട്ടുള്ളത്. ഇതിൽ ഉദ്ധരിച്ചിരിക്കുന്ന സാക്ഷ്യങ്ങൾ യാക്കോബായക്കാർക്ക് നിഷേധിക്കുവാൻ സാധിക്കുന്നതല്ല. അച്ചൻ എന്റെ ശിഷ്യനായതുകൊണ്ടു മാത്രമാണ് ഈ പുസ്തകം ഞാൻ വായിച്ചുതീർത്തത്. എന്നാൽ ഇതുപോലെയുള്ള പുസ്തകങ്ങൾ അച്ചൻ ഇനി എഴുതിയാൽ ഞാൻ വായിക്കയില്ല." കത്തോലിക്കാസഭയുടെ സത്യാവസ്ഥയെപ്പററി അന്വേഷിച്ചു പഠനംചെയ്താൽ ആ സഭയിൽ ചേരാൻ ഇടവന്നേക്കുമെന്നു ഭയന്ന് ഈ അദ്ധ്യാപകനെപ്പോലെ എത്രയോ പേരാണ് ഇന്നു സത്യപ്രകാശത്തിന് എതിരായി മനഃപൂർവ്വം കണ്ണടച്ച് അകത്തോലിക്കാ സഭാന്ധകാരത്തിൽത്തന്നെ ജീവിച്ചുവരുന്നത്!

വേറെ ചില അകത്തോലിക്കർ കത്തോലിക്കാസഭതന്നെയാണ് സത്യസഭയെന്നും മാതൃസഭയെന്നും ശരിയായി ഗ്രഹിച്ചിട്ടും കുടുംബാംഗങ്ങളുടെ എതിർപ്പ്, ഇപ്പോഴുള്ള ഉദ്യോഗമോ സ്വസമുദായത്തിലുള്ള സ്ഥാനബഹുമാനമോ നഷ്ടപ്പെട്ടേക്കാം അഥവാ മാതാപിതാക്കന്മാർ വസ്തുവകകളുടെ അവകാശം നൽകാതിരുന്നേക്കുമെന്നുള്ള ഭീതി, സ്നേഹിതന്മാരുടെയും ബന്ധുജനങ്ങളുടെയും പരിചിതരുടെയും അയൽക്കാരുടെയും അതൃപ്തിയും നിസ്സഹകരണമനോഭാവവുംമൂലം തങ്ങളുടെ ശവസംസ്കാരം, മക്കളുടെ, പ്രത്യേകിച്ച് പ്രായപൂർത്തിവന്ന പെൺമക്കളുടെ വിവാഹം മുതലായ ചടങ്ങുകൾക്കു വലിയ വിഘ്നവും വിഷമവും നേരിട്ടേക്കുമെന്നുള്ള ആശങ്ക എന്നിവനിമിത്തം കത്തോലിക്കാസഭയിൽ പ്രവേശിക്കുവാൻ മടിക്കുന്നു! വാസ്തവത്തിൽ ഏതെങ്കിലും അകത്തോലിക്കാസഭയിൽ ജനിച്ചു വളർന്ന് ദീർഘകാലം അതിൽ പരിശീലിച്ചവർക്ക് കത്തോലിക്കാസഭ ശരിയാണെന്നു ബോദ്ധ്യംവന്നാലും ഇങ്ങനെയുള്ള പല പ്രതിബന്ധങ്ങൾ തരണംചെയ്ത് കത്തോലിക്കാസഭയിൽ പ്രവേശിക്കുന്നതു സ്വാഭാവികമായി വളരെ മർമ്മഭേദകമായ ഒരു സംഗതിയാണെന്നുള്ള കാര്യം വിസ്മരിക്കാവുന്നതല്ല. സാമുദായികമായ ചില ബന്ധങ്ങളേയും സാഹചര്യങ്ങളേയുംപററി ചിന്തിക്കുമ്പോൾ ഒരു ഹിന്ദുവിനോ മഹമ്മദീയനോ ക്രിസ്ത്യാനിയാകുവാൻ എന്തു വിഷമമുണ്ടോ അത്രയും വിഷമമാണു ഒരു അകത്തോലിക്കനു കത്തോലിക്കനാകുന്നതിൽ അനുഭവപ്പെടുക എന്നും വരാം. പ്രത്യേകിച്ച് കത്തോലിക്കർ അധികമില്ലാത്ത അകത്തോലിക്കാ കേന്ദ്രങ്ങളിൽ ഒരു വ്യക്തിയോ കുടുംബമോ ഒററതിരിഞ്ഞു കത്തോലിക്കാസഭയെ ആശ്ലേഷിച്ചാൽ വെള്ളത്തിൽനിന്നു എടുത്തു കരയ്ക്കിട്ട മത്സ്യംപോലെ അനുഭവിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകളും യാതനകളും ഒട്ടും കുറവല്ലെന്നു സമ്മതിക്കണം.

കത്തോലിക്കാസഭയൊഴിച്ച് ഏതു സഭയിൽ ഒരാൾ ചേർന്നാലും അകത്തോലിക്കർക്കു ആ ആളോടു എതിരില്ല. ചില യാക്കോബായകുടുംബങ്ങളിൽത്തന്നെ മാർത്തോമ്മാ, പ്രോട്ടസ്റ്റന്റ്, ബ്രദർ, പെന്തിക്കോസ്തു എന്നീ വിവിധ സഭകളിൽ ചേർന്ന സഹോദരങ്ങൾ വളരെ സ്നേഹത്തിലും സൗഹാർദ്ദത്തിലും കഴിഞ്ഞുപോരുന്നുണ്ട്. എന്നാൽ ഒരാൾ കത്തോലിക്കാസഭയിൽ ചേർന്നാൽ ആ കുടുംബത്തിലുള്ളവർക്കും അന്യർക്കും ആ ആളോടു എതിരായി. മാതാപിതാക്കന്മാരും സ്വന്തസഹോദരങ്ങളും വലിയ ശത്രുവിനെപ്പോലെയാണ് ആ ആളെ പരിഗണിക്കുക. "നിങ്ങൾ ലോകത്തിൽ നിന്നുള്ളവർ ആയിരുന്നെങ്കിൽ ലോകം അതിന്റെ സ്വന്തത്തെ സ്നേഹിക്കുമായിരുന്നു..... നിങ്ങൾ ലോകത്തിൽനിന്നുള്ളവർ അല്ല. ഇതിനാൽ ആകുന്നു ലോകം നിങ്ങളെ ദ്വേഷിക്കുന്നത്." (യോഹ. 15, 19) എന്നീ വേദവാക്യം കത്തോലിക്കാസഭയിൽ ചേർന്നതുനിമിത്തം പീഡകൾ സഹിക്കേണ്ടിവരുന്നവർ അനുസ്മരിക്കട്ടെ.

തിരുസഭയുടെ ആരംഭകാലത്തു പുറജാതിക്കാരിൽനിന്നും യഹൂദന്മാരിൽനിന്നും ക്രിസ്തുമതം സ്വീകരിച്ചവർ ക്രിസ്തുവിനേയും സുവിശേഷത്തേയുംപ്രതി സ്വകുടുംബാംഗങ്ങളിൽനിന്നുപോലും അനുഭവിക്കേണ്ടിവന്ന പീഡകൾ എത്രയെത്ര എന്നു സഭാചരിത്രത്തിന്റെ പുറങ്ങൾ വിളിച്ചുപറയുന്നില്ലേ? ക്രിസ്തുനാഥൻ ഈ പീഡകളേയും വൈഷമ്യങ്ങളേയും മുൻകൂട്ടി വെളിപ്പെടുത്തിയിട്ടുണ്ട്. അവിടുന്ന് അരുളിച്ചെയ്യുന്നു: "ആരെങ്കിലും മനുഷ്യരുടെമുമ്പിൽ എന്നെ നിഷേധിച്ചുപറഞ്ഞാൽ ഞാനും സ്വർഗ്ഗത്തിലുള്ള എന്റെ പിതാവിന്റെ മുമ്പിൽ അവനെ നിഷേധിച്ചു പറയും. ഭൂമിയിൽ സമാധാനം സ്ഥാപിക്കുവാൻ ഞാൻ വന്നിരിക്കുന്നു എന്നു നിങ്ങൾ വിചാരിക്കരുത്. സമാധാനമല്ല, വാൾ അത്രെ സ്ഥാപിക്കുവാൻ ഞാൻ വന്നിരിക്കുന്നത്. എന്തുകൊണ്ടെന്നാൽ ഒരു മനുഷ്യനെ അവന്റെ അപ്പനു വിരോധമായും, മകളെ അവളുടെ അമ്മയ്ക്കു വിരോധമായും, മരുമകളെ അവളുടെ അമ്മാവിഅമ്മയ്ക്കു വിരോധമായും ഭിന്നിപ്പിക്കുവാൻ ഞാൻ വന്നിരിക്കുന്നു. ഇങ്ങനെ ഒരു മനുഷ്യന്റെ വീട്ടുകാർതന്നെ അവന്റെ ശത്രുക്കളായിത്തീരും. സഹോദരൻ തന്റെ സഹോദരനെയും പിതാവു തന്റെ പുത്രനെയും മരണത്തിന് ഏല്പിച്ചുകൊടുക്കും. മക്കൾ തങ്ങളുടെ പിതാക്കന്മാർക്കു വിരോധമായി നിന്ന് അവരെ കൊല്ലിക്കും. നിങ്ങൾ എന്റെ നാമംനിമിത്തം സകല മനുഷ്യരാലും ദ്വേഷിക്കപ്പെട്ടവരായിത്തീരും. അവർ തങ്ങളുടെ സംഘങ്ങളിൽനിന്നു നിങ്ങളെ പുറത്താക്കും. നിങ്ങളെ കൊല്ലുന്ന ഏവനും താൻ ദൈവത്തിനു ബലി സമർപ്പിക്കുന്നു എന്നു വിചാരിക്കുന്ന നാഴിക വരികയും ചെയ്യും. എന്നെക്കാൾ കൂടുതലായി അപ്പനേയോ അമ്മയേയോ സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനല്ല; എന്നെക്കാൾ കൂടുതലായി മകനേയോ മകളേയോ സ്നേഹിക്കുന്നവനും എനിക്കു യോഗ്യനല്ല" (മത്താ. 10, 33—36. 21—22 37; യോഹ. 16, 2). കുടുംബാംഗങ്ങളുടെയുംമററും എതിർപ്പുമൂലം സത്യസഭയായ കത്തോലിക്കാസഭയിൽ ചേരാൻ മടിക്കുന്നവർ ദിവ്യരക്ഷകന്റെ ഈ വാക്യങ്ങൾ നിരന്തരം ചിന്താവിഷയമാക്കട്ടെ! സത്യസഭയെ ആശ്ലേഷിക്കുന്നതുകൊണ്ടു മാതാപിതാക്കന്മാരും മക്കളും തമ്മിലോ, ഭാര്യയും ഭർത്താവും തമ്മിലോ ഭിന്നതയുണ്ടാകുന്നെങ്കിൽ കർത്താവാണ് അതിന് ഉത്തരവാദിയെന്നോ, അസത്യത്തിനും അധർമ്മത്തിനും എതിരായി ലോകത്തിൽ വാൾ സ്ഥാപിച്ചിരിക്കുന്ന കർത്താവു പല പീഡകൾക്കിടയിൽ ലോകത്തിനു ഒരിക്കലും നൽകാൻ സാധിക്കാത്ത സമാധാനം തന്നെ സ്നേഹിക്കുന്നവർക്ക് നൽകുമെന്നും വിചാരിച്ചു സമാശ്വസിക്കട്ടെ.

ലൗകികമായ കാര്യലാഭമോ, നഷ്ടമോ ബുദ്ധിമുട്ടോ സത്യസഭാപ്രവേശത്തിൽനിന്ന് ആരെയെങ്കിലും അകററിനിറുത്തുന്നെങ്കിൽ അവർ

"ലോകം താതസഹോദരർ ജാതിയും
മററാട്ടും
ആകെയുപേക്ഷിച്ചീശ്വരനായ് മര
ണം സ്നേഹിച്ച
സഹോദരന്മാരെ സദാകാലം
സ്മരണം ചെയ്യുക നന്നേറാം."

അതേ, വയലിൽ വിലയേറിയ നിധി കണ്ടെത്തിയ മനുഷ്യൻ അതു ഒളിച്ചുവച്ചുംകൊണ്ട് തന്റെ സന്തോഷംനിമിത്തം പോയി തനിക്കുള്ളതെല്ലാം വിററ് ആ വയൽ വാങ്ങിയതുപോലെ (മത്താ. 13, 44) മിശിഹായോടുള്ള സ്നേഹത്തെയും സ്വർഗ്ഗരാജ്യത്തിലെ അനന്തസൗഭാഗ്യത്തെയുംപ്രതി എല്ലാ ത്യാഗവും പീഡയും സഹിക്കുന്നതിനും ജീവൻതന്നെയും സസന്തോഷം ബലികഴിക്കുന്നതിനും രക്തസാക്ഷികൾ സന്നദ്ധരായി. "തന്റെ ജീവനെ രക്ഷിക്കുവാൻ ആഗ്രഹിക്കുന്നവൻ അതു നശിപ്പിക്കുന്നു; എന്നെക്കരുതി തന്റെ ജീവനെ നശിപ്പിക്കുന്നവൻ ആരോ അവൻ അതു രക്ഷിക്കുന്നു. എന്തുകൊണ്ടെന്നാൽ ഒരു മനുഷ്യൻ ലോകം മുഴുവൻ അവകാശപ്പെടുത്തിയിട്ട് തന്റെ ആത്മാവിനെ നശിപ്പിക്കുകയോ നഷ്ടമാക്കുകയോ ചെയ്താൽ അവനു എന്തു പ്രയോജനമുണ്ടാകുന്നു?" (ലൂക്കാ. 9, 24—25) "അല്ലെങ്കിൽ ഒരു മനുഷ്യൻ തന്റെ ആത്മാവിനു പകരമായി എന്തു കൊടുക്കും?" (മത്താ. 16, 26) "നിത്യജീവങ്കൽവരെ നിലനില്ക്കുന്നതായ ആഹാരത്തിനായിട്ടല്ലാതെ നശിച്ചുപോകുന്ന ആഹാരത്തിനായി നിങ്ങൾ അദ്ധ്വാനിക്കേണ്ടാ." (യോഹ. 6, 27) "ചിതലാകട്ടെ പുഴുവാകട്ടെ നശിപ്പിക്കാത്തതും കള്ളന്മാർ തുരന്നു മോഷ്ടിക്കാത്തതുമായ സ്ഥലമായ സ്വർഗ്ഗത്തിൽ നിങ്ങൾ നിക്ഷേപങ്ങൾ സൂക്ഷിച്ചുവയ്ക്കുവിൻ." (മത്താ. 6, 20) "നിങ്ങൾ ദൈവത്തിന്റെ രാജ്യവും അവന്റെ നീതിയും ആദ്യമേ അന്വേഷിക്കുവിൻ. അപ്പോൾ ഇവയെല്ലാം കൂട്ടിച്ചേർത്തു നിങ്ങൾക്കു തരപ്പെടും." (മത്താ. 6, 33)

മനുഷ്യരിൽ ആദ്ധ്യാത്മികചിന്ത ഇക്കാലത്തു വളരെ കുറഞ്ഞുപോയെങ്കിലും രണ്ടായിരത്തോളം വർഷങ്ങൾക്കുമുമ്പ് ക്രിസ്തുനാഥൻ അരുളിച്ചെയ്ത ഈ വാക്യങ്ങളുടെ താല്പര്യത്തിനോ അർത്ഥപുഷ്ടിക്കോ കാലപ്പഴക്കംകൊണ്ടു യാതൊരു കുറവും വന്നിട്ടില്ല. തിരുസഭയുടെ ആദിമശതാബ്ദങ്ങളിലെ രക്തസാക്ഷികളുടെ കാലത്ത് എന്നതുപോലെ ഈ വാക്യങ്ങൾ ഇപ്പോഴും സജീവവും സത്യസന്ധവും ശ്രദ്ധാർഹവും സ്വീകാര്യയോഗ്യവുമത്രെ. ആകയാൽ ലൗകികമായ യാതൊന്നും സത്യസഭയെ ആശ്ലേഷിക്കുന്നതിൽനിന്ന് ആരെയും അകററാതിരിക്കട്ടെ.

### 7. നിരന്തരമായ പരിശ്രമം തീവ്രമായ പ്രാർത്ഥന

മാർത്തോമ്മാശ്ലീഹായുടെ അനുചരന്മാരായ നസ്രാണിക്രിസ്ത്യാനികളെല്ലാം മാതൃസഭയായ കത്തോലിക്കാസഭയിൽ വന്നുചേരണമെങ്കിൽ ഇങ്ങനെ അനേകം തെററിദ്ധാരണകളും മുൻവിധികളും പാരമ്പര്യത്തിലുള്ള പ്രതിബന്ധങ്ങളും നീങ്ങി കത്തോലിക്കാസഭയെപ്പററി മതിപ്പും ബഹുമാനവും അവരിൽ വർദ്ധിക്കയും, എല്ലാ ത്യാഗവും സഹിച്ചു—ജീവൻതന്നെയും ഉപേക്ഷിച്ചു—കത്തോലിക്കാസഭയിൽ പ്രവേശിക്കത്തക്കവിധം സുദൃഢമായ വിശ്വാസവും മനോധൈര്യവും അവർക്കു ലഭിക്കയും ചെയ്യേണ്ടിയിരിക്കുന്നു. സാധാരണഗതിക്കു ഇവയെല്ലാം ഏതാനും ആഴ്ചകൾകൊണ്ടോ, മാസങ്ങൾകൊണ്ടോ, വർഷങ്ങൾകൊണ്ടോ സാധിക്കുമെന്നു വിചാരിച്ചുകൂടാ. "എന്നെ അയച്ച പിതാവു ആകർഷിച്ചിട്ടല്ലാതെ ഒരു മനുഷ്യനും എന്റെ അടുക്കൽ വരുവാൻ കഴികയില്ല" (യോഹ. 6, 44). "നിങ്ങളുടെ കണ്ണുകൾ ഉയർത്തി നിലങ്ങൾ പണ്ടേതന്നെ വെളുത്തു കൊയ്ത്തിനു അടുത്തിരിക്കുന്നതു കാണുവിൻ" (യോ

(ശേഷം 11-ാം പേജിൽ)

---

നിന്നും ബ. ഗ്രേഷ്യൻ അച്ചന്റെ (കപ്പൂച്ചിൻ) നേതൃത്വത്തിലും സമാരംഭിച്ച്, ഡിസംബർ 28-ാംനു ഉച്ചയോടുകൂടി ഇരുപതുമൈൽ നടന്ന് തൃപ്പൂണിത്തുറ വന്നുചേർന്നു. പാലയൂർ, മേലൂർ, ചേവൂർ, ഞാറയ്ക്കൽ, ഇടക്കുന്ന്, പുളിങ്കുന്ന്, പാപ്പുക്കര മുതലായ സ്ഥലങ്ങളിൽനിന്ന് വളരെപ്പേർ ബസ്സ്മാർഗ്ഗവും ബോട്ടുമാർഗ്ഗവും തൃപ്പൂണിത്തുറ എത്തിയിരുന്നു.

രണ്ടേകാലിനു മേലുണ്ടായിരുന്ന തീർത്ഥകരെല്ലാവരും വിശ്രമത്തിനുശേഷം, രണ്ടുമണിക്കു തൃപ്പൂണിത്തുറ വികാരി, റെ. ബ. തളിയത്തു തോമാച്ചന്റെ നേതൃത്വത്തിൽ എറണാകുളത്തെ സമ്മേളനസ്ഥലത്തേക്ക് പ്രദക്ഷിണം ആരംഭിച്ചു. ഓരോ ഇടവകക്കാരും അവരുടെ പ്രത്യേകം കൊടി ഉയർത്തിപ്പിടിച്ചിരുന്നു. എല്ലാവരുടെയും കൈകളിൽ മുന്നടിനീളമുള്ള മരക്കുരിശും ജപമാലയുമേന്തി, മൂന്നാംസഭക്കാർ വലിയ ഉത്തരീയവും സത്യാരാധനക്കാർ അവരുടെ യൂണിഫോറം ബാഡ്ജും ധരിച്ച്, 26 മൈൽദൂരം നടത്തിയ പ്രദക്ഷിണം, കാണികളായ അക്രൈസ്തവരെപ്പോലും വിസ്മയഭരിതരാക്കുകയും ജൂബിലിയാഘോഷങ്ങളെപ്പററി അവർക്ക് കൂടുതൽ പരിജ്ഞാനം പ്രദാനംചെയ്യുകയുംചെയ്തു. പ്രദക്ഷിണത്താൽ പാപപ്പരിഹാരം നേടി, ക്രൂശിതനായ മിശിഹായെ അനുകരിക്കുവാനും പ്രാർത്ഥനവഴി ഒന്നു സമീപിക്കുവാനും കാണികളെവർക്കും പ്രചോദനം നൽകുന്ന ഒന്നായിരുന്നു ഇതെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ശത്രുക്കളെ വെട്ടിയരിയുന്നതിനും പ്രതിബന്ധങ്ങളെ തല്ലിത്തകർക്കുന്നതിനുമുള്ള അരിവാളും ചുററികയുമായി കമ്മ്യൂണിസ്റ്റുകാർ മുന്നോട്ടു കുതിക്കുമ്പോൾ, എന്തും സഹിക്കുന്നതിനും, എല്ലാം ത്യജിക്കുന്നതിനും തങ്ങൾ സന്നദ്ധർ എന്ന ഭാവമായിരുന്നു അവരിൽ കാണപ്പെട്ടിരുന്നത്.

അഞ്ചുമണിയോടെ പ്രദക്ഷിണം സമ്മേളനപ്പന്തലിൽ പ്രവേശിച്ച് അവർക്ക് പ്രത്യേകം സജ്ജമാക്കിയിരുന്ന സ്ഥലങ്ങളിൽ ഓരോരുത്തരും ഉപവിഷ്ടരായി. ശ്ലീഹായുടെ ജൂബിലിചിഹ്നങ്ങളിൽ വിശേഷവിധം അലങ്കരിച്ചു തയാറാക്കിയ പന്തലിൽ പ്രതിഷ്ഠിക്കപ്പെട്ട. ആ ജൂബിലി ആഘോഷദിവസങ്ങളിലെല്ലാം രാപകൽ വ്യത്യാസമില്ലാതെ വിശ്വാസികൾ ഈ ഫോട്ടോചുററി മുട്ടുകുത്തിയിരുന്നു, കാഴ്ചനേർച്ചകൾ സമർപ്പിക്കുന്നതിനും, ഏറെയൊട്ടുചിപ്പുകളെ മിശിഹായുടെ പാദത്തിങ്കൽ നിക്ഷേപിക്കുന്നതിനും. ആ തിരുസ്വരൂപങ്ങൾ വഹിച്ചുകൊണ്ട് രാജ്യത്തിലെ വിവിധ ഭാഗങ്ങളിൽ പ്രദക്ഷിണം നടത്തുവാൻ ആലോചനയുള്ളതായി അറിയുന്നു.

തങ്ങളുടെ വിശ്വാസത്തെ ഉച്ചൈസ്തരം വിളിച്ചറിയിച്ച്, ജൂബിലിയാഘോഷങ്ങളെ ചൈതന്യപൂർണ്ണമാക്കിത്തീർത്ത ഫ്രാൻസിസ്കൻ മൂന്നാംസഭാംഗങ്ങളും സത്യാരാധനാസഖ്യാംഗങ്ങളും ശ്ലാഘനീയരാണ്. ക്രൂശിതനായ ഈശോ അവരോരോരുത്തരെയും അനുഗ്രഹിച്ചാശീർവ്വദിക്കുമാറാകട്ടെ.

വില്പനയ്ക്കു തയ്യാർ

റബേക്ക്, ഹാർമോണിയം, ബുൾബുൾ, ഫ്ളൂട്ട്, മൗത്ത് ഓർഗൻ, റബേക്കച്ചരടുകൾ മുതലായവ.

പ്രൈസ്‌ലിസ്റ്റിന് ആവശ്യപ്പെടുക:—

സെൻറ മേരീസ് ബുക്ക് ഡെപ്പോ
ആൻഡ് ആർട്ട് ഹോം,
ഭരണങ്ങാനം, T. C.

പ്രഹസനം

# സ്നേഹത്തിനു സാധിക്കും x

(കെ. എം. തോമസ്)

കഥാപാത്രങ്ങൾ

ജോസൻ
ലിസി (അയാളുടെ ഭാര്യ)
ലിസിയുടെ അമ്മ
ഗ്രേസി (ലിസിയുടെ ഇളയ സഹോദരി)
ജോണി (കുടുംബസ്നേഹിതൻ)

രംഗം ഒന്ന്

ലിസി: ഇന്നലെ വൈകിട്ടത്തോട്ട് അമ്മേക്ക് എന്തോ ഒരു വിഷമംപോലെ .... അതു കണ്ടിട്ട് എനിക്കും വല്ലാത്തൊരു വിഷമം.

ജോസൻ: അതു ഇന്നും ഇന്നലെയും മററും തുടങ്ങിയതല്ല ലിസി...... കല്യാണം കഴിഞ്ഞു ഈ വീട്ടിനകത്തു കാലു കുത്തിയപ്പോൾമുതൽ അതും ഉണ്ട്. ഇവിടെ അല്പം കൂടിയെന്നുമാത്രം ...... ലിസി! ഇവിടത്തെ ജീവിതംകൊണ്ടു ഞാൻ മടുത്തു. അങ്ങോട്ടു പോയാൽ കുററം; ഇങ്ങോട്ടു വന്നാൽ കുററം.

ലിസി: ഞാനൊന്നിനും അങ്ങയെ കുററപ്പെടുത്തിയില്ലല്ലോ...... പിന്നെ, അമ്മച്ചിയല്ലേ; എനിക്കു വല്ലതും പറയാനൊക്കുമോ...... കണ്ണിൽ കാണുന്നതെല്ലാം അമ്മച്ചിക്കു കുററമാ...... അതു ഇന്നും ഇന്നലെയുമല്ല; അപ്പച്ചൻ മരിച്ചകാലംതൊട്ടേ അങ്ങനെയാ.

ജോസൻ: നീയും ഗ്രേസിയുമാണെങ്കിൽ, ആ പെരുമാററംകൊണ്ടു തഴമ്പിച്ചുകഴിഞ്ഞു. പക്ഷെ എനിക്കൊക്കുകില്ല ഇങ്ങനെ ഇരിക്കാൻ. മിനിഞ്ഞാന്നു രാത്രി ഞങ്ങൾ അല്പം താമസിച്ചതിനു ഞാൻ എന്തുമാത്രം ശകാരം കേട്ടെന്നോ ......ഞാനും ഇവിടത്തെ വേലക്കാരനും മററും അല്ലല്ലോ.

ലിസി: എന്തുചെയ്യാനാ...... ഈ അൻപതാമത്തെ വയസ്സിൽ അമ്മച്ചീടെ സ്വഭാവം മാററാനൊക്കുമോ?

ജോസൻ: വേണമെന്നു ഞാൻ പറഞ്ഞോ ......എന്തായാലും ഇനിയും ഇവിടെ താമസിക്കാൻ ഞാൻ ഒരുക്കമല്ല. നമുക്കു രണ്ടുപേർക്കും എന്റെ വീട്ടിലേക്കു പോകാം. അതായിരിക്കും നല്ലത്.

ലിസി: തീർച്ചയായും അമ്മച്ചി സമ്മതിക്കുകേല.

ജോസൻ: അമ്മച്ചി സമ്മതിക്കുകയില്ലെങ്കിൽ വേണ്ട. നിന്റെ അമ്മച്ചിയുടെ കീഴിൽ പാർക്കാമെന്നു കരാറൊന്നുമില്ലല്ലോ...... എന്തായാലും ഞാൻ തീരുമാനിച്ചു; പോകയും ചെയ്യും.

ലിസി: ഒരു രണ്ടുമിനിട്ടു സ്വസ്ഥമായിരുന്നു സംസാരിക്കാമെന്നുവച്ചാൽ, അതിനും സമ്മതിക്കേല...... അതാ വരുന്നു.

അമ്മ: ഇതെന്തൊരു സംസാരം. നേരം വെളുത്താൽ വൈകുവോളം കുശുകുശുപ്പുതന്നെ. കുശുകുശുപ്പ്...... നിനക്കും അടുക്കളയിലോട്ടൊന്നു ചെന്നുകൂടേ? ആ പെണ്ണിനെ ഒന്നു സഹായിക്കരുതോ. പണ്ടൊക്കെ അടിച്ചുപിടിച്ചാൽ അടുക്കളേൽ കേറുകില്ലായിരുന്നു. കല്യാണം കഴിഞ്ഞു; അവളുടെ മടിയും പോയതു.

ലിസി: ഇത്ര നേരം അടുക്കളയിലായിരുന്നമ്മച്ചീ ....... കുളിച്ചിട്ടു വന്നിട്ട......

അമ്മ: കുട്ടനെന്ത്യേ? അതിനെ നോക്കാനും സമയമില്ലായോ?

ലിസി: ഗ്രേസിയെടുത്തുകൊണ്ടു പോയിരിക്കയാ.

(കുഞ്ഞിന്റെ കരച്ചിൽ)

അമ്മ: ഓ അതു കിടന്നു കരയുന്നു; നീ ഇവിടെ വർത്തമാനത്തിലും.

ലിസി: അവർടെ നിർബന്ധത്തിനു എടുത്തോണ്ടു പോയതാ; അതിനു കുററം എനിക്കാ. (ലിസി പോകുന്നു)

അമ്മ: ഇങ്ങനെയുണ്ടോ മടിപിടിച്ച ഒരു പെണ്ണ്?

ജോസൻ: ഈ ചെറിയ കാര്യത്തിനൊക്കെ അമ്മച്ചി കോപിക്കാൻ തുടങ്ങിയാലോ...... അവൾ ഇങ്ങോട്ടു വന്നതല്ലേയുള്ളു.

അമ്മ: വന്നിട്ടു മണിക്കൂറു പത്തിരുപത്തു കഴിഞ്ഞാലും ഇപ്പം വന്നതേ നിനക്കു തോന്നൂ...... പെൺപിള്ളേരായാൽ വല്ലപ്പോഴെങ്കിലും അടുക്കളയിലൊക്കെ കേറണം.

ജോസൻ: അതു വേണ്ടെന്നു ഞാൻ പറഞ്ഞില്ല; നേരം വെളുത്തപ്പിന്നെ ഇത്രയുംനേരം അവൾ അടുക്കളയിലായിരുന്നു.

അമ്മ: അതെയതെ.

ജോസൻ: അതൊന്നും പോരാ അമ്മച്ചീക്ക്. അവൾ അടുക്കള ഉൽത്തന്നെയായിരുന്നു എന്നു ഞാൻ.............. പിന്നെ, അമ്മച്ചിയോട് ഒരു കാര്യം പറയണമെന്നു വിചാരിച്ചിരിക്കയായിരുന്നു.

അമ്മ: എന്തിനാ വിചാരിച്ചിരിക്കുന്നു. അങ്ങു പറഞ്ഞേക്കരുതോ?

ജോസൻ: അതിനൊരു സൗകര്യം കിട്ടിയില്ല...... ഞാനും ലിസിയും വീട്ടിലേക്കൊന്നു പോകയാ.

അമ്മ: വീട്ടിലേക്കോ? പിന്നെ ഇതെന്നാ, കാട്ടിൽ മററോ ആണോ?

ജോസൻ: എന്റെ വീട്ടിലേക്കെന്നു പോകുന്ന കാര്യമാ ഞാൻ പറഞ്ഞത്.

അമ്മ: ഓഹോ! അതെനിക്കു പിടികിട്ടിയില്ല. അപ്പം നിങ്ങളു പോണോ, അല്ല...... ഉം, ഇത്ര പെട്ടെന്ന്.

ജോസൻ: പെട്ടെന്നൊന്നും ഉണ്ടായ തീരുമാനമല്ല...... കുറെക്കാലമായി വിചാരിക്കുന്നു ഒന്നു പോകണമെന്ന്.

അമ്മ: ഇവിടത്തെ ജീവിതംകൊണ്ടു മതിയായിരിക്കും അല്ലേ?

ജോസൻ: സ്വർഗ്ഗത്തിൽത്തന്നെ സ്ഥിരമായ താമസമായാലും, കുറെക്കഴിയുമ്പോൾ മടുത്തുപോകും.

അമ്മ: നിന്റെ ചില മുടന്തൻന്യായങ്ങൾ—അതു കേൾക്കുമ്പോഴാ എനിക്കു ചൊറിച്ചിലിളകുന്നു. സ്വർഗ്ഗത്തിൽ താമസിച്ചാലും മടുക്കുംപോലും...... കൊള്ളാം കൊള്ളാം...... എന്തായാലും, ജോസൻ സ്വർഗ്ഗത്തിനു പൊയ്ക്കോ. എന്റെ മകളെ നരകത്തിലയക്കാനും മററും ഞാൻ തയ്യാറല്ല.

ജോസൻ: അപ്പം എന്റെ വീടു നരകമാണെന്നാ അമ്മച്ചി പറയുന്നേ! അത്രയ്ക്കങ്ങു താഴ്ത്തണ്ട.

അമ്മ: ഉം താഴ്ത്തിയാൽ...... നിന്റെ ആൾക്കാരുടെ വിശേഷമൊന്നും പറയാതിരിക്കയാ നല്ലത്....... എന്റെ മകളെ അയക്കുന്നില്ല; മനസ്സിലായോ?

ജോസൻ: ഇങ്ങനെ മർക്കടമുഷ്ടി പിടിച്ചാലോ? നിങ്ങടെ മകളാ ലിസിയെങ്കിൽ, അവൾ എന്റെ ഭാര്യയുംകൂടിയാ.

അമ്മ: അതൊക്കെത്തന്നെയാ ഞാൻ സംസാരിക്കുന്നതു ...... അവൾ നിന്നെയോ അതോ എന്നെയോ അനുസരിക്കുന്നതെന്നു ഒന്നു കണ്ടിട്ടുതന്നെ.

ജോസൻ: അതു ഇപ്പംതന്നെ പരീക്ഷിക്കാമല്ലോ...... ഛേ! അന്നേ വല്യപ്പച്ചൻ പറഞ്ഞതാ ഈ കുടുംബവുമായി ബന്ധമൊന്നും വേണ്ടെന്ന് ...... പക്ഷെ അന്നതു കേൾക്കുവാനുള്ള ബുദ്ധി എനിക്കുണ്ടായില്ല...... എന്തായാലും ഞാൻ പോകുകതന്നെ.

അമ്മ: പോകുകയോ വരികയോ എന്തെങ്കിലും ആകാം......നീ പൊയ്ക്കോ—അതുതന്നെയാ നല്ലത്. നിന്റെ തോന്ന്യാസങ്ങളൊക്കെ നിന്റെ വീട്ടിലേ നടക്കൂ. വേറിയ അഭ്യാസം വേണ്ടതാണോ ഇവിടെ ചെലവാകില്ല......ഹും, നിനക്കു പോകാം. പക്ഷെ ഞാനറിഞ്ഞേപ്പോൾ തിരിച്ചിങ്ങോട്ടു കയറാമെന്നു വിചാരിക്കേണ്ട.

ജോസൻ: കുറെ കടന്ന ശിക്ഷയാണല്ലോ.

ഗ്രേസി: (പ്രവേശിച്ചിട്ട്) എന്താ അമ്മച്ചീ ഇത്ര ബഹളം. അമ്മച്ചിക്കെപ്പോഴും വഴക്കുതന്നെ വഴക്ക്.

അമ്മ: മിണ്ടാതിരിയെടി പെണ്ണേ!...... നീയെന്നെ വല്ലതും പഠിപ്പിച്ചോ?

ജോസൻ: ഗ്രേസി, നിന്റെ കൊച്ചമ്മയും ഞാനും എന്റെ വീട്ടിലേക്കൊന്നു പോകട്ടെയെന്നു ചോദിച്ചതിന്റെ മറുപടിയാ ഈ കേട്ടതൊക്കെ.

അമ്മ: നിർത്തു നിർത്ത്. അവളുടെ മധ്യസ്ഥമൊന്നും ഇവിടെ വേണ്ട. നീ പോകാൻ തീരുമാനിച്ചെങ്കിൽ അതുതന്നെ നടക്കട്ടെ...... ഗ്രേസി! കൊച്ചമ്മയെ ഇങ്ങു വിളി. അവളും പോകാനാണോ തീരുമാനമെന്നറിയണ്ടേ?

(നിശ്ശബ്ദത)

ഗ്രേസി: ഇതാ അമ്മച്ചി ലിസിക്കൊച്ചമ്മ.

ലിസി: എന്തിനാ അമ്മച്ചി വിളിച്ചു.. ...കുട്ടനു പാലു കൊടുത്തില്ല. എനിക്കു അകത്തോട്ടു പോണം.

ജോസൻ: ലിസി! ഞാൻ വീട്ടിലേക്കൊന്നു പോകുകാ......നീ പോരുന്നോ?

അമ്മ: എടീ! നിനക്കും പോണമെങ്കിൽ പോകാം...... പിന്നെ ഒരു കാര്യം! പടിവാതിലിനിപ്പുറം എത്തിനോക്കരുത്. ഒന്നെങ്കിൽ നിന്റെ ജോസൻ; അല്ലെങ്കിൽ ഞാൻ. ഇഷ്ടംപോലാകാം.

ലിസി: എന്റെ ദൈവമേ, ഞാൻ എന്തു ചെയ്യാനാ!

അമ്മ: നീ ചെയ്യുന്നതിനു ദൈവം എന്തുവേണം?

ലിസി: കഷ്ടം ഈ പതനത്തിലായല്ലോ!

ജോസൻ: സമയംപോണു ലിസി... ഇനിയും ഇവിടെക്കഴിയുന്ന ഓരോ നിമിഷവും എന്റെ ഹൃദയത്തിൽ വേദന കൂട്ടുകയാണ്. എന്തെങ്കിലും ഒന്നു തീരുമാനിക്ക്.

അമ്മ: നിന്റെ ചെവിക്കെന്താ? നിന്നോടല്ല അവനീപ്പറയുന്നത്. അവനോടൊപ്പം പോകാൻ ആലോചനയുണ്ടെങ്കിൽ നിനക്കു പോകാം.

ലിസി: അമ്മച്ചീ! ഞങ്ങൾ പോയിട്ട് ഒന്നുരണ്ടാഴ്ച കഴിഞ്ഞു വരാം.

അമ്മ: പോയാൽ പിന്നെ വരികയും മററും വേണ്ട...... തിരിച്ചുവരവൊക്കെ ഞാൻ മരിച്ചിട്ട്. മനസ്സിലായോ?

(അല്പനേരത്തെ നിശ്ശബ്ദത)

ജോസൻ: ലിസി നീ പോരുന്നില്ല, അല്ലേ...... എന്തായാലും ഞാൻ പോകുന്നു. നിന്റെ അമ്മച്ചിയെയാണോ എന്നെക്കാൾ നിനക്കു കാര്യം.

(ജോസൻ നടക്കുന്നു. ലിസി ഒരു ദീർഘനിശ്വാസവും എടുക്കുന്നു)

അമ്മ: ഒരുത്തന്റേം സ്വാതന്ത്ര്യം ഇവിടെ നടപ്പില്ല.

ഗ്രേസി: (പുറകെ ഓടിച്ചെന്ന്) ചേട്ടാ! ചേട്ടൻ പോകയാണോ?

ജോസൻ: അതെ ഗ്രേസി. ഞാൻ പോയെങ്കിൽമാത്രമേ നിന്റെ അമ്മച്ചിക്കു സുഖമാവൂ.

രംഗം രണ്ട്

ലിസി: ഓ എന്തൊരു വേദന. എന്റെ നെഞ്ചിനകം പിളർക്കുന്നപോലെ.

ഗ്രേസി: കൊച്ചമ്മ ഒന്നുറങ്ങിക്കിടന്നേ. എത്ര രാത്രിയായി ഉറങ്ങിയിട്ട്. അതിന്റെയാ.

ലിസി: ഉം ഉറങ്ങീട്ട്......എങ്ങനെ ഉറങ്ങാനാ!

ഗ്രേസി: കൊച്ചമ്മേ! ഈ ചൂടുകഞ്ഞി വല്ലതും. കൈകാലൊക്കെയൊന്നുടഞ്ഞതാ... എല്ലാം ഇപ്പോൾ തീരും.

ലിസി: തീരും......ഇന്നു നാലുനാളായി ദിവസം...... ഓ ഞാനെന്നേ പോകേണ്ടിയിരുന്നു.

ഗ്രേസി: കഴിഞ്ഞതൊക്കെ കഴിഞ്ഞുപോയില്ലേ. അതോർത്തു വിഷമിച്ചാലോ?

ലിസി: ഒരു ഭാര്യയുടെ ഭർത്താവിനെയാണ് ആദ്യം ഗ്രേസി; അമ്മച്ചിയെയല്ല. ഓ എന്തൊരു തളർച്ച. നീ എന്റെ കാലൊന്നു തിരുമ്മാമോ?

ഗ്രേസി: കൊച്ചമ്മ ഇത്രയൊക്കെ ആലോചിച്ചിട്ടും ഈ കഴപ്പമെല്ലാം. ഇതെല്ലാം കാണുന്ന ദൈവമില്ലേ! എല്ലാം നേരെയാകും.

ലിസി: എല്ലാം നേരെയാകും. ശരിയാ......പക്ഷെ എന്റെ പാപമൊന്നും എന്നും നിലനില്ക്കും. ഓ ഞാനതു ചെയ്യല്ലായിരുന്നു......ഞാനങ്ങു മരിച്ചാൽ മതിയായിരുന്നു.

ഗ്രേസി: കൊച്ചമ്മ അനാവശ്യമൊന്നും പറയാതെ കിടന്നേ......അല്ല, മരുന്നും കഴിച്ചില്ലല്ലോ! ഞാൻ എടുത്തുതരാൻ മറന്നുപോയതുകൊണ്ടു വേണ്ടെന്നുവച്ചു, അല്ലേ?

ലിസി: ഉം മരുന്ന്. ഒന്നെങ്കട്ടെ. ഈ നീറലും കൂടെ കടിച്ചേച്ചും മതി.

ഗ്രേസി: ഇങ്ങനെ തുടങ്ങിയാലോ? ഡോക്ടറു വരുമ്പോ എന്തുപറയും!

ലിസി: ഡോക്ടറും മരുന്നും ......എനിക്കു രോഗമൊന്നും ഇല്ല......നിന്റെ ചേട്ടനെ ഒരു നോക്കു കാണാൻ കിട്ടിയിരുന്നേൽ......ഓ അമ്മച്ചി എന്തെല്ലാം കള്ളക്കഥകളാണ് എന്നു പറഞ്ഞുകേൾപ്പിച്ചു......അതൊക്കെ ഞാൻ വിശ്വസിക്കുകയും ചെയ്തു എന്റെ പാപം, അതു മറക്കാനും പററില്ല.

ഗ്രേസി: അതാ ഡോക്ടറാണെന്നു തോന്നുന്നു വരുന്നത്.........അമ്മച്ചിയുമുണ്ട്.

ലിസി: ഡോക്ടറും അമ്മച്ചിയും രണ്ടുപേരുംകൂടി എനിക്കെന്താവശ്യം? (നടന്നടുക്കുന്ന ബൂട്ട്സിന്റെ ശബ്ദം)

രംഗം മൂന്ന്

അമ്മ: നിന്റെ കൊച്ചമ്മയെക്കൊണ്ടു ഞാൻ വിഷമിച്ചു. ഇങ്ങനെയുണ്ടോ ഒരു കരച്ചിൽ! മാസം രണ്ടുകഴിഞ്ഞു...... പെണ്ണു കരഞ്ഞു എല്ലാംതൊലച്ചിരിക്കയായി.

ഗ്രേസി: അമ്മച്ചിക്കു പറഞ്ഞാ മതിയല്ലോ......കൊച്ചമ്മയുടെ വിഷമം കൊച്ചമ്മക്കല്ലേ അറിയൂ?

അമ്മ: ഈ കരച്ചിൽ നിന്നാലേ രോഗം തീരുള്ളുവെന്നല്ലേ ഡോക്ടർ പറഞ്ഞേച്ചുപോയതു?.........ഇങ്ങനെ കരഞ്ഞു കരഞ്ഞു ഇതു എന്താകുമോ എന്തോ?

ഗ്രേസി: എന്താകുമെന്നോ......ഡോക്ടർക്കു പണം കൊടുത്തതുകൊണ്ടൊന്നും കാര്യമില്ല......ചേട്ടനെ തിരിച്ചുകൊണ്ടു വന്നില്ലെങ്കിൽ......എനിക്കൊന്നും അറിയാൻ പാടില്ല

അമ്മ: ലിസിക്കു സുഖക്കേടാണെന്നു അറിഞ്ഞിട്ടു അവൻ ഇങ്ങോട്ടൊന്നു കയറുന്നുപോലും ഇല്ലല്ലോ

ഗ്രേസി: ചേട്ടൻ തിരിച്ചുവരാത്തതിൽ അമ്മച്ചിക്കും അല്പം സങ്കടമുണ്ട്, അല്ലേ?.......അതൊക്കെ നേരത്തെ ഓർക്കേണ്ടിയിരുന്നു. ചേട്ടനോടു ഈ പടിവാതിൽ കടക്കരുതെന്നു പറഞ്ഞില്ലേ അമ്മച്ചി. അതുകൊണ്ടുതന്നെയാ ചേട്ടൻ വരാത്തത്......എന്നെങ്കിലും അമ്മച്ചി ചേട്ടനോടു സ്നേഹമായിട്ടു പെരുമാറിയിട്ടുണ്ടോ?

അമ്മ: സ്നേഹമായിട്ടു പെരുമാറിയില്ലപോലും......സ്നേഹമായിട്ടു പെരുമാറുന്നതിനു നാമതങ്ങ് അന്യായം കണ്ടാൽ മിണ്ടാതിരിക്കണം, അല്ലേ?

ഗ്രേസി: ചേട്ടനിൽ തെററല്ല അമ്മച്ചി കണ്ടത്. ഒരിക്കലെങ്കിലും ചേട്ടൻ ശരിക്കു ചെയ്യുന്നതു അമ്മച്ചി പറഞ്ഞു ഞാൻ കേട്ടിട്ടില്ല. ചേട്ടൻ വല്ലതുമൊക്കെ മിണ്ടിയാൽ കുററം. അങ്ങോട്ടു തിരിഞ്ഞാൽ കുററം; ഇങ്ങോട്ടു നോക്കിയാൽ കുററം......

അമ്മ: പറയെടി പറ......എന്തായാലും ഇതൊക്കെ ഞാൻ കേൾക്കണം.

ഗ്രേസി: അന്ന അമ്മച്ചി വിചാരിച്ചിരുന്നെങ്കിൽ കൊച്ചമ്മയും ചേട്ടനോടൊപ്പം പൊയ്ക്കോണ്ടേനെ......അതും പോരാഞ്ഞു അമ്മച്ചി എത്രയെത്ര നുണക്കഥകൾ കെട്ടിയുണ്ടാക്കി, കൊച്ചമ്മ

x With the kind permission of the A·I·R·, Madras

യോടു പറഞ്ഞു......അതിന്റെയൊക്കെ റിആക്ഷനാണ് ഇതൊക്കെ.

അമ്മ: കുറേശ്ശെല്ലാം എനിക്കറിയാമെട്ടെ. നിന്റെ ചേട്ടനും കൊച്ചമ്മയും സത്യവാനും സാവിത്രിയും.

ഗ്രേസി: അമ്മച്ചി കോപിക്കാതെ ഒന്നാലോചിച്ചുനോക്കു. അമ്മച്ചി വരച്ചവരയിൽ ചേട്ടൻ നില്ക്കണമെന്ന ദുരാഗ്രഹമല്ലേ ഇതിനെല്ലാം അടിയിൽ ......അമ്മച്ചിക്കു അല്പം സ്നേഹമുണ്ടായിരുന്നെങ്കിൽ, ഇതൊന്നും നടക്കില്ലായിരുന്നു.

അമ്മ: ഗ്രേസീ! നീ പറഞ്ഞതിൽ എന്തെല്ലാമൊക്കെ കാര്യമില്ലാതില്ല. (നിശ്ശബ്ദത) അവരുടെ കാര്യങ്ങളിൽ ഞാൻ അത്രയധികം ചെയ്യേണ്ടതില്ലായിരുന്നു. ജോസന്റെ ഭാര്യയേക്കാൾ അവൻ എന്റെ മകനാണെന്ന ബോധമാണ് എന്നെ വഴിതെറ്റിച്ചതു്...... പക്ഷേ അതൊക്കെ കഴിഞ്ഞുപോയില്ലേ. ലീസിയെ ഈ കിടപ്പിൽനിന്നു എഴുന്നേല്പിക്കാനെന്താ മാർഗ്ഗം?

ഗ്രേസി: മാർഗ്ഗമൊന്നേയുള്ളു. ചേട്ടനെ ഉടൻ കൊണ്ടുവരിക. ഈ രോഗത്തിന് മരുന്നു് ചേട്ടനാ.

അമ്മ: ജോസൻ വരുമോ? (കണ്ണീരിന്റെ കലച്ചിൽ) അതാ കുട്ടൻ കയറുന്നു. ഞാൻ കാരണം അവനും മുഷിപ്പല്യ കഴിച്ചിട്ടു മാസം രണ്ടാകുന്നു...... ജോണി, ജോണിയല്ലേ അതു് ഞാൻ അകത്തേക്കു ചെല്ലട്ടെ. എന്നെക്കണ്ടേ പോകാവൂ എന്നു പറയണം.

ജോണി: (പ്രവേശിച്ചു) അമ്മച്ചിയും മോളുംകൂടെ എന്തായിരുന്നു വർത്തമാനം?......ലീസിക്കു സുഖമല്ലേ?

ഗ്രേസി: ഇന്നലെ രാത്രി, വലിയ കൈകാൽ തളർച്ചയും മറ്റുമായിരുന്നു. നേരം വെളുത്തതിൽപ്പിന്നെ അല്പം ആശ്വാസമുണ്ട്.

ജോണി: ഗർഭവുംവച്ചു് ഇങ്ങനെ കളിച്ചിരുന്നാൽ.

ഗ്രേസി: അമ്മച്ചിക്കും അതു തോന്നിത്തുടങ്ങിയെന്നു തോന്നുന്നു. ചേട്ടനെ തിരിച്ചുകൊണ്ടുവരുന്ന കാര്യത്തിൽ പാതി മനസ്സു വന്നിട്ടുണ്ട്.

ജോണി: അപ്പോൾ കാര്യങ്ങളൊക്കെ നേരെയാകാനുള്ള ലക്ഷണമൊക്കെ ഉണ്ടായിപ്പോയി ... പക്ഷേ ജോസൻ വരുമോ?

ഗ്രേസി: ചേട്ടൻ വരാതിരിക്കുമോ? അമ്മച്ചിയുടെ മാനസാന്തരവും, കൊച്ചമ്മയുടെ സ്ഥിതിയും ചേട്ടനെ മനസ്സിലാക്കിയാൽ ചേട്ടൻ വന്നുതന്നെ .... ഇതിന്റെയൊന്നും ആവശ്യമില്ലായിരുന്നു, ചേട്ടനോടു് അമ്മച്ചിക്കല്പം സ്നേഹമുണ്ടായിരുന്നാൽ.

ജോണി: സ്നേഹമുണ്ടായിരുന്നാൽ, എന്തെല്ലാം സാധിക്കുമായിരുന്നു.

ഗ്രേസി: എന്തായാലും ചേട്ടനെ തിരിച്ചുകൊണ്ടുവരുന്നകാര്യം ഇനിയും വെച്ചുനീട്ടുന്നതു കുഴപ്പത്തിനാണ് .... അതുകൊണ്ടു് ജോണി ഇന്നുതന്നെ ചേട്ടനെ ഒന്നു കാണണം. അമ്മച്ചിയുടെ പഴയ സ്വഭാവമേ മാറിയെന്നു പറയു. ചേട്ടൻ വരും; വരാതിരിക്കില്ല.

### രംഗം നാല്

ജോണി: പലവട്ടം ശ്രമിച്ചതാണ് ഇങ്ങോട്ടൊന്നു കയറാൻ; ഇതുവരെ സാധിച്ചില്ല.

ജോസൻ: ഞാനും പുറത്തൊട്ടേക്കൊന്നും ഇറങ്ങാറില്ല. അതുകൊണ്ടാണ് അങ്ങോട്ടൊന്നും കാണാത്തതു്. പിന്നെ എന്താ പതിവില്ലാതെ ജോണിച്ചൻ എന്നെത്തേടിയിറങ്ങിയതു്?

ജോണി: അറിഞ്ഞില്ലേ, ലീസിയുടെ സുഖക്കേടുകാര്യമൊന്നും? ജോസനെ അങ്ങോട്ടു കൂട്ടിക്കൊണ്ടുപോകാനാണ് ഞാൻ വന്നതു്.

ജോസൻ: കൊള്ളാം കൊള്ളാം. വളരെ നല്ലതു്. പരോപകാരിയായിട്ടാണല്ലോ പുറപ്പാടു്. പിന്നെ തിരിച്ചുപോകണോ വേണ്ടയോ എന്നുള്ളതു് എന്റെ കാര്യം. അതിൽ ആരുടെയും ഉപദേശമൊന്നും ആവശ്യമില്ല. മനസ്സിലായോ?

ജോണി: ഇത്ര പെട്ടെന്നു ആളു മാറിയോ? ഞാൻ ജോസനെ ഉപദേശിക്കാനൊന്നും വന്നതല്ല. അതിനൊട്ടു പ്രാപ്തിയുമില്ല. പിന്നെ ലീസിക്കു സുഖക്കേടു് അധികമായതുകൊണ്ടു്...

ജോസൻ: 'സുഖക്കേടു്' അധികമല്ലേ? അതിനു ഞാൻ എന്തുവേണം? അവളുടെ അമ്മച്ചിയില്ലേ അടുത്തു്?

ജോണി: സ്നേഹപൂർവ്വം ഒന്നാലോചിച്ചുനോക്കു എന്താ, 'അല്ലറചില്ലറ' വഴക്കിനു ജോസൻ അവിടന്നിറങ്ങി. അന്നു തുടങ്ങി ലീസിക്കും അസുഖം. അതു വളർന്നു ഇത്തരമായി. ഇനിയും ഇതു കൂടാൻ അനുവദിച്ചാൽ? അതുകൊണ്ടു് ലീസിയെ ഓർത്തെങ്കിലും ജോസൻ വരണം.

ജോസൻ: സ്നേഹമില്ലാത്തവരുടെ സമീപത്തേക്ക് ഞാൻ എന്തായാലും ഇല്ല.

ജോണി: സ്നേഹമില്ലാത്തവരെന്നോ? അതൊക്കെ പണ്ടു് പണ്ടു്. പഴയ ലീസിയുടെ അമ്മച്ചിയല്ല ഇന്നത്തെതു്. ആളേ മാറിപ്പോയി. അതാ ഗ്രേസി വരുന്നു ഗ്രേസിതന്നെ പറയും അതൊക്കെ.

ഗ്രേസി: ചേട്ടാ! കഴിഞ്ഞതെല്ലാം മറന്നു് ചേട്ടൻ ഉടൻ വരണം. ഞങ്ങളോടു് അല്പമെങ്കിലും സ്നേഹമുണ്ടെങ്കിൽ. ചേട്ടനെ കാണണം കാണണം എന്നു പറയാൻ തുടങ്ങിയിട്ടു് ആഴ്ചകൾതന്നെ പലതായി

ജോസൻ: എന്നെ എന്തിനു കാണണം? നിങ്ങളുടെ അമ്മച്ചിയില്ലേ, മകളെ നോക്കിക്കൊള്ളാൻ?

ഗ്രേസി: ചേട്ടനെയാണു, അമ്മച്ചിയെയല്ല കൊച്ചമ്മക്കു് ആവശ്യം.

ജോസൻ: എന്നു നീ പറഞ്ഞാൽ മതിയോ?

ഗ്രേസി: അമ്മച്ചിയും ചേട്ടനുവേണ്ടി കാത്തിരിക്കുന്നു.

ജോസൻ: ആരു് അമ്മച്ചിയോ?

ഗ്രേസി: അമ്മച്ചിയുടെ തെറ്റുകൾ അമ്മച്ചിക്കുതന്നെ മനസ്സിലായി. ചേട്ടനോടു അങ്ങിനെയൊക്കെ അന്നു പറയേണ്ടതില്ലായിരുന്നെന്നു് അമ്മച്ചിക്കിപ്പോൾ തോന്നുന്നുണ്ടു്. ചേട്ടൻ വരണം; അല്പമെങ്കിലും സ്നേഹമുണ്ടെങ്കിൽ. ഇല്ലെങ്കിൽ കൊച്ചമ്മയുടെ ജീവിതം— എനിക്കോർക്കാൻകൂടി കഴിയുന്നില്ല.

ജോസൻ: ഓഹോ. അപ്പോൾ ഞാൻ മടങ്ങുന്നതു് ഒരു ആവശ്യമായിത്തീർന്നിരിക്കുന്നു. ഇങ്ങനെ ഒരവസരത്തിനു വേണ്ടി ഞാൻ എത്രനാളായി കാത്തിരിക്കുന്നു. ഇനിയും ഞാൻ മടങ്ങുന്നില്ലെങ്കിൽ, അതിൽ തെറ്റുകാരൻ ഞാനായിരിക്കും.

ഗ്രേസി: ചേട്ടന്റെ വരവും കാത്തു് കൊച്ചമ്മ കിടക്കുന്നുണ്ടാവണം. ചേട്ടൻ ചെല്ലുമ്പോൾ എന്തൊരു സന്തോഷമായിരിക്കും!

ജോണി: എന്നാൽ നമുക്കു് ഇറങ്ങാം.

ജോസൻ: ഞാൻ അകത്തു കയറി ഷർട്ടുമാറി ഉടൻ എത്തിയേക്കാം.

ജോണി: ആകട്ടെ വേഗം വരു.

ഗ്രേസി: ഞാൻ പറഞ്ഞില്ലേ, ചേട്ടനെ കാര്യങ്ങൾ വേണ്ടവിധം ധരിപ്പിച്ചാൽ ചേട്ടൻ മടങ്ങുമെന്നു്. യഥാർത്ഥ സ്നേഹമില്ലാത്തതായിരുന്നു ഈ കുഴപ്പങ്ങൾക്കെല്ലാം കാരണം.

ജോണി: ശരിയാണു് ഗ്രേസീ. സ്നേഹത്തിനു് എന്താണു് സാധിക്കാത്തതു്?

# വിമർശനവീഥി

## "മാതൃഭൂമി"യിലെ നിരൂപണം "സത്യദീപ"ത്തെ പിന്താങ്ങുന്നു

മിസ് ആനി ജോസഫ് എഴുതിയ "മോളെന്റെ മോൻ നിന്റെ" എന്ന നോവലിലെ കത്തോലിക്കാമതസംബന്ധമായ ചില ഭാഗങ്ങളെ വിമർശിച്ചു് ഞങ്ങൾ ഒരു ലേഖനപരമ്പര പ്രസിദ്ധീകരിച്ചിരുന്നല്ലോ. അതിനു ഞങ്ങളെ പ്രേരിപ്പിച്ചതു് എം. എ. ക്കാരനായ ഒരു കത്തോലിക്കാ വിദ്യാർത്ഥി പ്രസ്തുത ഗ്രന്ഥത്തിന്റെ ഒരു പ്രതി അയച്ചുതന്നുകൊണ്ടു് എഴുതിയ ഒരു കത്താണെന്നു് വിമർശനത്തിന്റെ ആരംഭത്തിൽ ഞങ്ങൾ പ്രസ്താവിച്ചിരുന്നു. "വിദ്യാർത്ഥികളുടെയിടയിൽ വളരെയേറെ പ്രചരണം സിദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു നോവലാണതു് ഈ പുസ്തകം. വെ. അച്ചൻ മനസ്സിരുത്തി ഒരാവർത്തി വായിച്ചു് ഗ്രന്ഥകർത്രി ഉന്നയിച്ചിട്ടുള്ള വാദഗതികളെ ഖണ്ഡിച്ചു് ഒരു ലേഖനമെഴുതി ഞങ്ങളെ രക്ഷിക്കണമെന്നപേക്ഷിക്കുവാനാണു ഞാനിതെഴുതുന്നതു്. വെ. അച്ചനു് മറ്റു വളരെ ഗഹനങ്ങളായ ലേഖനങ്ങളെഴുതേണ്ടതുണ്ടാകാം. പക്ഷേ ഈ പുസ്തകം വായിച്ചു് ഒരു നിരൂപണം എഴുതി നമ്മുടെ വിശ്വാസസത്യങ്ങളെ സംരക്ഷിക്കേണ്ട ചുമതല ഞങ്ങളെപ്പോലുള്ള എത്രയോ കത്തോലിക്കാവിദ്യാർത്ഥികൾ അങ്ങയെ ഭരമേല്പിക്കുന്നു" കത്തിലെ ഈ അഭ്യർത്ഥനയനുസരിച്ചു് പ്രസ്തുത ഗ്രന്ഥം ഞങ്ങൾ വായിച്ചു. "കത്തോലിക്കാവിശ്വാസസത്യത്തിനും സന്മാർഗ്ഗത്തിനും കത്തോലിക്കർക്കും യോജിക്കാത്തവയും, അവയെപ്പററി വായനക്കാരിൽ സംശയം ജനിപ്പിക്കുവാൻ ഇടയുള്ളവയും, അങ്ങനെ സാധാരണക്കാരും യുവാക്കളുമായ കത്തോലിക്കാവായനക്കാരുടെ വിശ്വാസത്തിനും സന്മാർഗ്ഗത്തിനും കത്തോലിക്കർക്കും ഇളക്കംതട്ടിക്കാൻ എളുപ്പമുള്ളവയുമായ പല പ്രസ്താവനകളും വാദപ്രതിവാദങ്ങളും അഭിപ്രായപ്രകടനങ്ങളും ഗ്രന്ഥത്തിലുണ്ടു്" എന്നു ഞങ്ങൾക്കു ബോദ്ധ്യമായി. അവയിൽ ചിലതു ചൂണ്ടിക്കാണിക്കുകയും വിമർശിക്കുകയും വിശദീകരിക്കുകയും ചെയ്യുവാനാണു് പ്രസ്തുത ലേഖനപരമ്പരകൊണ്ടു് ഞങ്ങളുദ്ദേശിച്ചതു്. കത്തോലിക്കാമത സംബന്ധമായി ഗ്രന്ഥത്തിൽ അടങ്ങിയിട്ടുള്ളതും ഞങ്ങളുടെ വിമർശനത്തിനു് വിഷയീഭവിച്ചിട്ടുള്ളതുമായ ഭാഗങ്ങളെപ്പററി കത്തെഴുതിയ വിദ്യാർത്ഥി ഉന്നയിച്ച ആരോപണങ്ങൾ അടിസ്ഥാനരഹിതങ്ങളല്ലെന്നാണു് ഇപ്പോഴും ഞങ്ങൾക്കുള്ള ബോദ്ധ്യം. അതിനെ സ്ഥിരീകരിക്കുവാൻപോന്ന ചില അഭിപ്രായപ്രകടനങ്ങൾ, പ്രസ്തുത ഗ്രന്ഥത്തെ നിരൂപണംചെയ്തു് "മാതൃഭൂമി" ആഴ്ചപ്പതിപ്പിൽ കഴിഞ്ഞ ഒക്ടോബർ 4-ാം നു-യിലെ ലക്കത്തിൽ പ്രസിദ്ധംചെയ്ത ഒരു ലേഖനത്തിൽ കാണുകയുണ്ടായി.

### മാതൃഭൂമിയിലെ അഭിപ്രായപ്രകടനങ്ങൾ

മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസ്തുത ഗ്രന്ഥം നിരൂപണംചെയ്തിരിക്കുന്നതു് "എ പി പി നമ്പൂതിരി, ബി ഒ എൽ" അവർകളാണു്. ആ നിരൂപണത്തിൽ ഗ്രന്ഥത്തിലെ മതസംബന്ധമായ ഭാഗങ്ങളെപ്പററി പ്രകാശിപ്പിച്ചിരിക്കുന്ന അഭിപ്രായങ്ങൾ ചുവടെ ഉദ്ധരിക്കാം:

"ക്രൈസ്തവമതത്തിന്റെ താൽക്കാലിക സ്ഥിതിയേയും ഇതരാചാരങ്ങളെയും പററി കുട്ടിക്കും കുട്ടിയുടെ പിതാവിനും ഉള്ള അഭിപ്രായം വിപ്ലവപരമാണെങ്കിലും യുക്തിയുക്തമാണു്" ... മേരിയിൽ തന്റെ ഭർത്താവിന്റെ വീട്ടിൽ "തിരുഹൃദയ"പ്രതിഷ്ഠ കഴിക്കാൻ എത്തിയ വൈദികനോടു് മതത്തിന്റെ പൊള്ളത്തരത്തെക്കുറിച്ചും കമ്മ്യൂണിസത്തിന്റെ മഹിമാവിനെക്കുറിച്ചും കുട്ടി വികാരോജ്ജ്വലമായി ചെയ്യുന്ന പ്രസംഗം ... മതം മനുഷ്യത്വം പുലരാനുള്ള പദ്ധതികൾ ആവിഷ്കരണമെന്നും അവർക്കു് ബോധ്യപ്പെടുന്നുണ്ടു്. കൂട്ടത്തിൽ കമ്മ്യൂണിസ്റ്റു് വ്യവസ്ഥിതിയുടെ അനിവാര്യതയെക്കുറിച്ചു് ആനി ജോസഫ് പ്രസ്താവിക്കുന്നതു്—കഥയില്ലെങ്കിൽ അങ്ങനെ പറയാൻ സ്വാതന്ത്ര്യമുള്ള കാര്യങ്ങൾ...."

ക്രൈസ്തവമതത്തിന്റെ താല്ക്കാലിക സ്ഥിതിയേയും ഇതരാചാരങ്ങളെയും പററി കുട്ടിക്കും കുട്ടിയുടെ പിതാവിനും ഉള്ള അഭിപ്രായം "വിപ്ലവപരമാണെ"ന്ന പ്രസ്താവത്തിന്റെ അർത്ഥമെന്തു്? കത്തോലിക്കാസഭ പഠിപ്പിക്കുന്നതും കത്തോലിക്കർ അവശ്യം സ്വീകരിക്കേണ്ടതും സ്വീകരിച്ചുപോരുന്നതുമായ മതോപദേശങ്ങൾക്കു് മൗലികമായും വ്യത്യസ്തമായ അഭിപ്രായം എന്നല്ലാതെ മറെറന്താണു്? കുട്ടിക്കും കുട്ടിയുടെ പിതാവിനും ഉള്ള അഭിപ്രായം വിപ്ലവപരമാണെങ്കിലും "യുക്തിയുക്തമാണു്" എന്നു് നിരൂപകൻ പ്രസ്താവിക്കുന്നു. വിപ്ലവപരമായ അഭിപ്രായം യുക്തിയുക്തമാണു് എന്നതിന്റെ അർത്ഥം, എല്ലാ മതോപദേശങ്ങളെ അപേക്ഷിച്ചു് അഭിപ്രായം വിപ്ലവപരമായതു് ആ മതോപദേശങ്ങൾ യുക്തിഹീനങ്ങളാണെന്നല്ലയോ? കത്തോലിക്കർ പഠിപ്പിക്കുന്നതും കത്തോലിക്കർ അവശ്യം സ്വീകരിക്കേണ്ടതും സ്വീകരിച്ചുപോരുന്നതുമായ മതോപദേശങ്ങൾ യുക്തിഹീനങ്ങളാണെന്നു് താല്പര്യം. ക്രിസ്തുവിന്റെ ദൈവത്വം, മനുഷ്യാവതാരം, പരിത്രാണം മുതലായി കുട്ടിയും അവളുടെ അമ്മയും തമ്മിലുള്ള സംഭാഷണത്തിനു് വിഷയമായ സംഗതികൾ ക്രിസ്തുമതത്തിലെ ഏററവും ഗഹനങ്ങളായ തത്വങ്ങളാകുന്നു. അവ യുക്തിഹീനങ്ങൾ, യുക്തിക്കു് എതിരായവ, ആണെന്നാണു് അക്രൈസ്തവരായ പലരുടേയും അഭിപ്രായം. അവ യുക്തിക്കു് അതീതങ്ങളാണെന്നും എന്നാൽ യുക്തിക്കെതിരല്ലെന്നും ആണു് കത്തോലിക്കരുടെ മറുപടി. ആ വസ്തുത അവർ തെളിയിക്കുകയും ചെയ്യുന്നു. തെളിയിക്കുവാൻ നൽകുന്ന ന്യായങ്ങളാണു് ആ ഭാഗം സംബന്ധിച്ചുള്ള വിമർശനത്തിൽ ഞങ്ങൾ വിശദീകരിച്ചിട്ടുള്ളതു്. ആകയാൽ കുട്ടിയുടേയും കുട്ടിയുടെ പിതാവിന്റെയും അവ സംബന്ധിച്ചുള്ള അഭിപ്രായം കത്തോലിക്കർ സ്വീകരിച്ചുകൂടാത്തതും അകത്തോലിക്കർക്കു് സ്വീകാര്യവുമാണെന്നുള്ള ധാരണയാണു് ആ ഗ്രന്ഥത്തിന്റെ പാരായണം, ഹൈന്ദവനായ പ്രസ്തുത നിരൂപകനിൽ ജനിപ്പിച്ചിരിക്കുന്നതെന്നു സ്പഷ്ടം.

മേരിയിൽ തന്റെ ഭർത്താവിന്റെ വീട്ടിൽ തിരുഹൃദയപ്രതിഷ്ഠ കഴിക്കാൻ എത്തിയ വൈദികനോടു് മതത്തിന്റെ പൊള്ളത്തരത്തെക്കുറിച്ചും കമ്മ്യൂണിസത്തിന്റെ മഹിമാവിനെക്കുറിച്ചും കുട്ടി വികാരോജ്ജ്വലമായ പ്രസംഗം നടത്തുന്നു എന്നും, മതം മനുഷ്യത്വം പുലരാനുള്ള പദ്ധതികൾ ആവിഷ്കരണമെന്നു് അവർക്കു് ബോധ്യപ്പെടുത്തുന്നുണ്ടു്" എന്നും പ്രസ്തുത നിരൂപകൻ പ്രസ്താവിക്കുന്നു. ആ വൈദികനുമായി കുട്ടി നടത്തുന്ന സംഭാഷണവും വാദപ്രതിവാദവും പ്രസ്തുത ഹൈന്ദവനിരൂപകനിൽ എന്തെന്തു ധാരണയാണു് സംജാതമാക്കിയതെന്നു് അദ്ദേഹത്തിന്റെ ഈ പ്രസ്താവത്തിൽനിന്നു കാണാം. അതേ ധാരണതന്നെ മററു പല വായനക്കാരിലും അവ ജനിപ്പിക്കുവാൻ ഇടയുണ്ടെന്ന ആശങ്ക ഞങ്ങൾക്കു കത്തെഴുതിയ വിദ്യാർത്ഥിക്കും ഞങ്ങൾക്കും ഉണ്ടായതു് അടിസ്ഥാനം കൂടാതെയല്ലെന്നു് സ്പഷ്ടമല്ലയോ? അതുകൊണ്ടത്രേ, കമ്മ്യൂണിസത്തിന്റെ യഥാർത്ഥ സ്വഭാവത്തെയും കമ്മ്യൂണിസം അധികാരത്തിലിരിക്കുന്ന രാജ്യങ്ങളിൽ നടമാടുന്ന നാനാതരം നാശങ്ങളേയും വിശദീകരിക്കുവാനും, 'മനുഷ്യത്വം പുലരാനുള്ള പദ്ധതി'കളുടെ കാര്യത്തിൽ കത്തോലിക്കാസഭ അവലംബിച്ചുപോന്നിട്ടുള്ള നയമെന്തെന്നു് വെളിപ്പെടുത്തുവാനും വിമർശനപരമ്പരയിൽ കുറെ വലിയ ഭാഗം ഞങ്ങൾ ഉപയോഗപ്പെടുത്തിയതു്. ആകയാൽ "കത്തോലിക്കാവിശ്വാസസത്യത്തിനും സന്മാർഗ്ഗത്തിനും കത്തോലിക്കർക്കും യോജിക്കാത്തവയും, അവയെപ്പററി വായനക്കാരിൽ സംശയം ജനിപ്പിക്കുവാൻ ഇടയുള്ളവയും, അങ്ങനെ സാധാരണക്കാരും യുവാക്കളുമായ കത്തോലിക്കാവായനക്കാരുടെ വിശ്വാസത്തിനും സന്മാർഗ്ഗത്തിനും കത്തോലിക്കർക്കും ഇളക്കംതട്ടിക്കാൻ എളുപ്പമുള്ളവയുമായ പല പ്രസ്താവനകളും വാദപ്രതിവാദങ്ങളും അഭിപ്രായപ്രകടനങ്ങളും ഗ്രന്ഥത്തിലുണ്ടു്" എന്ന ഞങ്ങളുടെ ബോദ്ധ്യം യഥാർത്ഥമാണെന്നു തെളിയിക്കുവാൻ മാതൃഭൂമിയിലെ നിരൂപണം തികച്ചും പര്യാപ്തമായിരിക്കുന്നു!

---



ആധുനികധൂർത്തപുത്രൻ
പിതൃഭവനത്തിൽ

## തിരുകൊച്ചിവാർത്തകൾ

### ഹൈക്കോടതി വിഭജനം

തിരു-കൊച്ചി ഹൈക്കോടതി വിഭജനത്തിനു കേന്ദ്രകാബിനററ് അനുമതി നൽകിയിരിക്കുന്നതായറിയുന്നു. മൂന്നു ജഡ്ജിമാരിൽ കവിയാതെ ഹൈക്കോടതിയുടെ ഒരു ബെഞ്ചു തിരുവനന്തപുരത്തു സ്ഥാപിക്കുവാൻ ആവശ്യമായ ഭേദഗതി ഹൈക്കോടതി ആക്ടിൽ വരുത്തുന്നതിനുള്ള ഒരു ബില്ല് അടുത്ത ബഡ്ജററ് സമ്മേളനത്തിൽ അവതരിപ്പിക്കപ്പെടുന്നതാണ്.

### സെക്കണ്ടറി വിദ്യാഭ്യാസകമ്മീഷൻ

ഇൻഡ്യ മുട്ടുകെയുള്ള സെക്കണ്ടറി വിദ്യാഭ്യാസരംഗം പഠനംചെയ്തു വേണ്ട പരിഷ്കരണനിർദ്ദേശങ്ങളെ ഉൾക്കൊള്ളിച്ചു റിപ്പോർട്ടുചെയ്യുവാൻ കേന്ദ്രഗവമ്മെൻറു നിയമിച്ചിട്ടുള്ള വിദ്യാഭ്യാസകമ്മീഷൻ തിരുകൊച്ചി സംസ്ഥാനം സന്ദർശിച്ചു ജനു. 16-ാംനു- മടങ്ങിപ്പോയിരിക്കുന്നു. മദ്രാസ് സർവ്വകലാശാലയിലെ വൈസ്ചാൻസലറായ ഡോക്ടർ ലക്ഷ്മണസ്വാമി മുതലിയാരാണു കമ്മീഷൻെറ അദ്ധ്യക്ഷൻ. തിരുകൊച്ചി മന്ത്രിമാരും, അദ്ധ്യാപകസംഘടനകളും, പ്രിൻസിപ്പാളന്മാർ, ഹെഡ്മാസ്റ്റർമാർ, മാനേജർമാർ എന്നിവരുടെ പ്രതിനിധികളുമായി സംസ്ഥാനത്തെ സെക്കണ്ടറിവിദ്യാഭ്യാസപരിഷ്കരണം സംബന്ധിച്ചു കമ്മീഷൻ സംഭാഷണം നടത്തുകയുണ്ടായി. ഏപ്രിൽമാസത്തോടുകൂടി കമ്മീഷൻ റിപ്പോർട്ടുസമപ്പിക്കുന്നതാണെന്നറിയുന്നു.

## ഇൻഡ്യാവാർത്തകൾ

### കോൺഗ്രസ് വാർഷികം

ഇൻഡ്യൻ നാഷനൽ കോൺഗ്രസിൻെറ 58-ാമത്തെ വാർഷികം ഹൈദരാബാദിൽ സജ്ജമാക്കിയിരിക്കുന്ന നാനൽനഗറിൽ ജനുവരി 13-ാംനു- ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നു. ഇൻഡ്യാഗവമ്മെൻറിൻെറ വിദേശനയം, പഞ്ചവത്സരപദ്ധതി, ഭാഷാപ്രവിശ്യാരൂപീകരണം, ദക്ഷിണാഫ്രിക്കൻപ്രശ്നം മുതലായവ സംബന്ധിച്ചു പ്രമേയങ്ങൾ ഈ അവസരത്തെ സമ്മേളനത്തിൽ ചർച്ചചെയ്യപ്പെടുന്നതാണ്.

### സർവ്വസൈന്യാധിപൻ

ഇൻഡ്യയുടെ സർവ്വസൈന്യാധിപനായ ജനറൽ കാരിയപ്പ തൽസ്ഥാനത്തുനിന്നു ഒഴിയുകയും പകരം ജനറൽ രാജേന്ദ്രസിംഗ്ജി സർവ്വസൈന്യാധിപനായി ജനുവരി 15-ാംനു- ചാർജ്ജെടുക്കുകയും ചെയ്തിരിക്കുന്നു.

### ഭൂദാനയജ്ഞം

ഭൂദാനയജ്ഞപ്രസ്ഥാനത്തിനു ഇതുവരെ ഇൻഡ്യയിൽ 4,50,000 ഏക്കർ ഭൂമി ലഭിച്ചിട്ടുണ്ടെന്നും ഇതിൽ 3 ലക്ഷം ഏക്കറും യു. പി. യിൽനിന്നാണെന്നും ഭൂദാനയജ്ഞസമിതിയുടെ ഒരു വക്താവു വെളിപ്പെടുത്തിയിരിക്കുന്നു.

## വിദേശവാർത്തകൾ

### ടിറേറാ പ്രസിഡണ്ടായി

യൂഗോസ്ലാവിയായുടെ പുതിയ ഭരണഘടനയനുസരിച്ചു മാർഷൽ ടിറേറാ യൂഗോസ്ലാവിയായുടെ ഒന്നാമത്തെ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

### റഷ്യയിൽ ശുദ്ധീകരണം

രണ്ടു സോവ്യററു നേതാക്കളെ കൊലപ്പെടുത്തുകയും മററുചിലരെ കൊലപ്പെടുത്തുവാൻ ഗൂഢാലോചന നടത്തുകയും ചെയ്തു എന്ന ആരോപണത്തിന്മേൽ റഷ്യയിൽ 9 ഡോക്ടർമാർ അറസ്റ്റുചെയ്യപ്പെട്ടിരിക്കുന്നു. റഷ്യയ്ക്കുള്ളിൽ രഹസ്യശത്രുക്കളുണ്ടെന്നും അവർ സ്റ്റാലിനു ഇണങ്ങാത്തവരാണെന്നും സോവ്യററുപത്രമായ ഇസെവസ്റ്റിയാ പ്രസ്താവിച്ചിരിക്കുന്നതായി മോസ്കോയിൽനിന്നു ടാസ് ന്യൂസ് ഏജൻസിയായ ററാസ് റിപ്പോർട്ടു ചെയ്തിരിക്കുന്നു. ഇതോടുകൂടി സോവ്യററു യൂണിയനിൽ ഭയങ്കരമായ ഒരു ശുദ്ധീകരണം ആരംഭിച്ചിരിക്കുന്നതായി ലണ്ടൻ റേഡിയോ പ്രഖ്യാപിച്ചിരിക്കുന്നു. പൂർവ്വജർമ്മനിയിലെ കമ്മ്യൂണിസ്റ്റു നേതാക്കളായ 4 യഹൂദന്മാർ പീഡനത്തെ ഭയന്നു കുടുംബസമേതം പശ്ചിമജർമ്മനിയിൽ അഭയംപ്രാപിച്ചിരിക്കുന്നതായി മററൊരു റിപ്പോർട്ടിൽ കാണുന്നു.

### ഏഷ്യൻ സോഷ്യലിസ്റ്റ് കോൺഫറൻസ്

റങ്കൂണിൽ സമ്മേളിച്ച ഏഷ്യൻ സോഷ്യലിസ്റ്റ് സമ്മേളനം സോഷ്യലിസ്റ്റ് ഇൻറർനാഷണലുമായി ബന്ധമില്ലാതിരിക്കത്തക്കവിധത്തിൽ "ഏഷ്യൻ സോഷ്യലിസ്റ്റ് കോൺഫറൻസ്" എന്ന പേരിൽ ഒരു പ്രത്യേകസംഘടന രൂപീകരിക്കാൻ തീരുമാനിച്ചിരിക്കുന്നു. മുതലാളിത്തത്തേയും കമ്മ്യൂണിസത്തേയും എതിർത്തു അവസാനിപ്പിക്കുകയും ജനാധിപത്യപരമായ സോഷ്യലിസം നടപ്പിൽവരുത്തുകയുമാണു തങ്ങളുടെ ലക്ഷ്യമെന്നു കോൺഫറൻസിൻെറ നയപ്രഖ്യാപനത്തിൽ പറഞ്ഞിരിക്കുന്നു.


*നിരാശപ്പെടേണ്ട!!*

*നിങ്ങളുടെ രോഗത്തിന്ന് എത്ര പഴക്കമുണ്ടായാലും വിരോധമില്ല; രോഗലക്ഷണങ്ങളുടെ മൂലകാരണങ്ങളും പ്രതിവിധികളും കണ്ടുപിടിക്കുവാൻ*

**500 പേജുള്ള "അറിയേണ്ടുംകാര്യങ്ങൾ"**

*എന്ന പുസ്തകം നിങ്ങളെ സഹായിക്കും. വില- 2 ക. മാത്രം.*

*കൂടുതൽ വിവരങ്ങൾക്ക് എഴുതുക:- മാനേജർ, **കാളൻ**, നെല്ലായി. P. O.*


### ഫാദർ ഡഡ്ലി നിര്യാതനായി

The Shadow on the Earth, Will Men be like Gods?, The Masterful Monk, The Coming of the Monster മുതലായ പ്രസിദ്ധഗ്രന്ഥങ്ങളുടെ കർത്താവായ ഫാദർ ഒ. ഏഫ്. ഡഡ്ലി 70-ാമത്തെ വയസ്സിൽ ഇംഗ്ലണ്ടിൽവച്ചു നിര്യാതനായിരിക്കുന്നു. ആംഗ്ലിക്കൻ പുരോഹിതനായിരുന്ന ഇദ്ദേഹം 1915-ൽ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. 1917-ൽ കത്തോലിക്കാ പുരോഹിതനായി അഭിഷേചിക്കപ്പെട്ടു. 1919-ൽ കത്തോലിക്കാ മിഷനറി സൊസൈററിയിൽ ചേർന്നു. 1933-ൽ അദ്ദേഹം അതിൻെറ ശ്രേഷ്ഠനാകയും 1947 വരെ ആ സ്ഥാനം വഹിക്കുകയുംചെയ്തു. ഇംഗ്ലണ്ടിനു പുറമെ ആസ്ത്രേലിയ, അമേരിക്ക മുതലായ രാജ്യങ്ങളിലും അദ്ദേഹം പ്രസംഗപരമ്പരകൾ നടത്തിയിട്ടുണ്ടു. അത്യന്തം ആകർഷകമായ ഒരു ഭാഷാരീതി അദ്ദേഹത്തിനു പാരമ്പര്യമായിരുന്നുവെന്ന സംഗതി പ്രത്യേകം പ്രസ്താവ്യമാണ്.


## കുട്ടികളുടെ കുർബാന

(പ്രസാധകൻ: ഫാ. മാത്യു നടയ്ക്കൽ)

വി. കർബാനയിൽ സജീവമായും ഭക്തിപൂർവ്വമായും പങ്കുകൊള്ളുന്നതിനു സഹായകമായ ഒരു കൈപ്പുസ്തകം. ഭക്തിനിർഭരങ്ങളായ ചില ഗാനങ്ങളും, കുമ്പസാരത്തിനും, ദിവ്യകാരുണ്യസ്വീകരണത്തിനും സഹായകരമായ ജപങ്ങളുംകൂടി ചേർത്തിരിക്കുന്നു. വില 2 ണ.

മുക്കന്നൂർ ബുക്ക് ഡിപ്പോ, എറണാകുളം; സെൻട്രൽ ബുക്ക് ഡിപ്പോ, കോട്ടയം; കാത്തലിക്ക് മിഷൻ പ്രസ്സ്, കോട്ടയം

എന്നീ സ്ഥലങ്ങളിൽ നിന്നു കമ്മീഷൻസഹിതം പുസ്തകം കിട്ടുന്നതാണ്.


## ഇടവകവാർത്തകൾ

—മുക്കാട്ടുകര: അഭിവന്ദ്യ തൃശ്ശൂർ മെത്രാൻ തിരുമനസ്സിലെ പൗരോഹിത്യജൂബിലിയും സംബന്ധിച്ചു ഡിസം. 29-ാംനു- മോൺ. പോൾ കാക്കശ്ശേരിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ റവ ഫാ തോമസ് കോട്ടുങ്കല്ലേൽ, മി പി സി ജോസഫ് എം എ എന്നിവർ പ്രസംഗിക്കുകയും മി കൈക്കമ പറമ്പൻ ഒരു കഥാപ്രസംഗം നടത്തുകയുംചെയ്തു.

—കരാഞ്ചിറ: അഭിവന്ദ്യ തൃശ്ശൂർ മെത്രാൻ തിരുമനസ്സിലെ ജൂബിലിയും, വിൻസെൻറ് ഡി പോൾ സംഘം, മിഷൻലീഗ് എന്നിവയുടെ വാർഷികവും ഡിസം. 20-ാംനു- തൃശ്ശൂർ മെത്രാൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടിരിക്കുന്നു. പൊതുയോഗത്തിൽ വെരി റവ ഫാ ആൻറണി തെക്കിനിയത്തു പ്രസംഗിച്ചു. അന്നേദിവസം 1000 ത്തോളം സാധുക്കൾക്കു ഭക്ഷണം നൽകുകയുമുണ്ടായി.

—കുന്നംകുളം: മരിയസഖ്യവാർഷികം റവ ഫാ നോർബെർട്ടിൻെറ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു.

—ഒല്ലൂക്കര: വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ പ്രഥമവാർഷികം ഡോ. എൽ ജെ ചിററൂർ അവർകളുടെ അദ്ധ്യക്ഷതയിൽ ജനു. 1-ാംനു- ആഘോഷിക്കപ്പെട്ടു. മെ. പി ടി ജോസഫ്, മത്തായി തെങ്ങുംപള്ളി എന്നിവർ പ്രസംഗിച്ചു.

—മംഗലപ്പുഴ സെമിനാരി: അഭിവന്ദ്യ ബിഷപ്പുമാരുടെ ജൂബിലിയാഘോഷങ്ങൾ ജനു. 4, 5, 6 എന്നീ തിയതികളിൽ യഥാക്രമം കൊച്ചിമെത്രാൻ, ആലപ്പുഴമെത്രാൻ, എറണാകുളം അതിരൂപതാ വികാരി ജനറാൾ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ടു.

—ആമ്പക്കാട്ട്: അഭിവന്ദ്യ ജൂബിലി ജനു. 4-ാംനു- വെരി റവ ഫാ സെബാസ്ത്യൻ അവർകളുടെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു.


### കച്ചവടക്കാരുടെ പ്രത്യേകശ്രദ്ധയ്ക്ക്.

ബ്രൂക്കിങ്ങിനു പ്രയാസമായതിനാലും ഇലകളിൽ എണ്ണയിനും ഉഴുന്നിനും വില ക്കുറയുന്നതിനാലും മാവിനും എണ്ണയ്ക്കും വില കൂട്ടണമെന്നായി വന്നിരിക്കുന്ന വിവരം അറിയിച്ചുകൊള്ളുന്നു.

കൃഷി വദ്ധിപ്പിക്കുക

കൃഷി അഭിവൃദ്ധിപ്പെടണമെങ്കിൽ നല്ലകന്നുകാലികൾ അത്യന്താപേക്ഷിതമാണല്ലോ. കമ്മേർസ്യൽ റൈസ് മില്ലിൽ പ്രത്യേക നിലയിൽ തയ്യാറാക്കുന്ന കിത്തിപ്പെട്ട കന്നുകാലി ആഹാരം വാങ്ങി ഉപയോഗിച്ചു കന്നുകാലികളെ പുഷ്ടിപ്പെടുത്തുക. ട്രേയിഡ് മാക്ക് നോക്കി വാങ്ങുവിൻ



കമ്മേർസ്യൽ റൈസ് മിൽ, കൊക്കാലെ ✳ തൃശ്ശൂർ

Phone 102 Tel CIARYEM

നിങ്ങൾക്കു ആവശ്യമുള്ള പ്രസിദ്ധി നേടിയ ഉഴുന്നുമാവു്, കറാച്ചിതവിട്, കിത്തിപ്പെട്ട കന്നുകാലി ആഹാരം, കലപ്പില്ലാത്ത ആട്ടുമാവ് നല്ലെണ്ണ എള്ളും പിണ്ണാക്കു ഇവകൾ മി മിതമായ വിലക്കും തങ്ങളുടെ ഡിപ്പോയിലും കിട്ടുന്നതാണ്.

കമേർസിയൽ റൈസ് മിൽ,

കൊക്കാലെ. തൃശ്ശൂർ

ഫോൺ: 102 കമ്പി: CIARYEM


### ഓപ്പറേഷനശേഷം വേദനവേണ്ട

ഓപ്പറേഷനുശേഷം വേദനകൂടാതെ സുഖംപ്രാപിക്കുവാൻ രോഗിയെ സഹായിക്കുന്ന ഒരു സിദ്ധൌഷധം കണ്ടുപിടിച്ചിരിക്കുന്നതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു. എഫോകെയിൻ (Efocaine) എന്നാണു അതിൻെറ പേര്. ഏതാനും മാസങ്ങളായി, അമേരിക്കയിലെ വിജയപ്രദമായി ഉപയോഗിച്ചുതുടങ്ങിയിട്ടുണ്ടു. ഇപ്പോൾ ഇംഗ്ലണ്ടിലുമുള്ള വലിയതോതിൽ നിർമ്മിച്ചു ആസ്പത്രികളിൽ ഉപയോഗിച്ചുവരുന്നുണ്ട്. ഓപ്പറേഷനുശേഷം ഈ ഔഷധം കുത്തിവച്ചാൽ വേദന ഉണ്ടാകയില്ല എന്നു മാത്രമല്ല, മുറിവു ഉണങ്ങുന്നതിനു തടസ്സമുണ്ടാകയുമില്ല എന്നത്രെ നിരവധി പരീക്ഷണങ്ങൾ തെളിയിച്ചിരിക്കുന്നതു്. ഉദരവും ശ്വാസകോശവും സംബന്ധിച്ച ശസ്ത്രക്രിയകളുടെ കാര്യത്തിൽ ഈ ഔഷധം അത്യന്തം ഉപകാരപ്രദമായി കാണപ്പെട്ടിരിക്കുന്നു. സ്ത്രീകളുടെ പ്രസവവേദന ലഘൂകരിക്കാനും ഇതു ഉപയോഗിക്കാമോ എന്നു തീർച്ചയാക്കാനായി ഇപ്പോൾ ഡോക്ടർമാർ പരീക്ഷണങ്ങൾ നടത്തിവരികയാണ്.



ആധുനികധൂർത്തപുത്രൻ പിതൃഭവനത്തിനു വെളിയിൽ

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി


റവ. ഡോ. ജോസഫ് പാറേക്കാട്ടിൽ ബി. ഏ., ഡി. ഡി.

Vol. 26 | ERNAKULAM JANUARY 21, 1953 | No. 22


# തിരുനാൾമംഗളം



തിരുവനന്തപുരം മെത്രാപ്പോലീത്താ മാർ ഈവാനിയോസിന്റെ നാമഹേതുകനായ വി. ജോൺ ക്രിസോസ്റ്റമിന്റെ തിരുനാൾ അടുത്ത ചൊവ്വാഴ്ചയാണ്.



പാലാമെത്രാൻ മോസ്ററ് റവ. ഡോക്ടർ വയലിൽ തിരുമനസ്സിലെ നാമഹേതുകനായ വി. സെബസ്ത്യാനോസിന്റെ തിരുനാൾ ഇന്നലെയായിരുന്നു.

# ക്രിസ്തുമതപ്രചരണം — ഒരു പത്രത്തിന്റെ തെററിദ്ധാരണ

ഈ ജനുവരി 6-ാംതീയതിയിലെ "ദീപിക"യിൽ "രണ്ടാം വസന്തത്തു്" എന്ന ശീർഷകത്തിൽ ഒരു മുഖപ്രസംഗം ഉണ്ടായിരുന്നു. ഭാരതത്തെ ക്രിസ്തുധർമ്മത്തിലേക്കാകർഷിക്കുവാൻ കത്തോലിക്കർക്കു നൽകിയ ഉദ്ബോധനമായിരുന്നു അതു്. അതിലെ ചില വാചകങ്ങളുദ്ധരിക്കാം.

"തോമാശ്ലീഹായുടെ ജൂബിലിയുടെ മാഹാത്മ്യം ... കർദ്ദിനാൾ ഗിൽറോയി തിരുമനസ്സുകൊണ്ടു് ആശംസിച്ചതു് ഈ ജൂബിലിയാഘോഷം ഭാരതത്തിൽ ക്രൈസ്തവധർമ്മത്തിന്റെ ഒരു രണ്ടാം വസന്തത്തിനു വഴിതെളിക്കട്ടെ എന്നത്രെ. ഈ ആശംസ സഫലമാക്കുക കർത്തവ്യം ഇന്ത്യൻ കത്തോലിക്കരുടേതാകുന്നു. കത്തോലിക്കരുടെ മതതീക്ഷ്ണതയും സ്വാശ്രയബുദ്ധിയും ത്യാഗശീലവും സമ്മേളിക്കുന്നെങ്കിൽ മാത്രമേ ഈ ജൂബിലിയാഘോഷം ഒരു രണ്ടാം വസന്തത്തിനു വഴി തെളിക്കു. മനുഷ്യാത്മാവിന്റെ സുഖജീവിതത്തിനും അതിന്റെ രോഗം ചികിത്സിക്കപ്പെട്ടാൽ പാപശാന്തിക്കും സാക്ഷാൽ ദൈവം തന്നെ നൽകിയിട്ടുള്ള ചികിത്സാക്രമമാണ് കത്തോലിക്കാമതത്തിലുള്ളതെന്നു കത്തോലിക്കർ ആത്മാർത്ഥമായി വിശ്വസിക്കുന്നു. ഈ ചികിത്സാക്രമങ്ങൾ മനുഷ്യാത്മാവിനു വേണ്ടപോലെ പ്രയോജനപ്പെടുകയില്ലെന്നും അവർ വിശ്വസിക്കുന്നു. ഈ അവസ്ഥയിൽ സ്നേഹസ്വരൂപിയായ ഒരു കത്തോലിക്കന്റെ കർത്തവ്യവും ധർമ്മവും ആ ചികിത്സാക്രമങ്ങളെപ്പററി മററുള്ളവരെ പറഞ്ഞു മനസ്സിലാക്കുവാൻ ശ്രമിക്കുകയാണ്. ശ്രമിക്കാത്തതു് ഒരു മഹാപാപകർമ്മമായിട്ടേ ന്യായബോധമുള്ളവർ കരുതുകയുള്ളു."

ഈ മതപ്രചരണപരിശ്രമത്തിനു മുൻകാലങ്ങളെ അപേക്ഷിച്ചു് ഇന്നുള്ള അനുകൂലസാഹചര്യങ്ങളെപ്പററിയും മുഖപ്രസംഗത്തിൽ പ്രസ്താവിച്ചിരുന്നു. ഭാരതീയ സമൂഹവ്യവസ്ഥിതിയിലെ ജാതിക്കെട്ടിന്റെ തകർച്ച, മററു രാജ്യങ്ങളുമായും കേന്ദ്രങ്ങളുമായും ഇന്നു ഭാരതത്തിനുള്ള സജീവമായ ബന്ധം, ഭാരതത്തിലെ കത്തോലിക്കാസഭ കൂടുതൽ കൂടുതൽ ഭാരതീയമാക്കപ്പെട്ടുകൊണ്ടിരിക്കുന്നതു്, മതവിശ്വാസങ്ങളിൽ ഹിന്ദുക്കൾക്കുള്ള സഹിഷ്ണുത, ഇന്ത്യൻ ഭരണഘടന അംഗീകരിച്ചിട്ടുള്ള മതപ്രചരണസ്വാതന്ത്ര്യം, ഇവയാണ് അനുകൂലമായ ആ സാഹചര്യങ്ങൾ.

"ഇത്രമേൽ അനുകൂലസാഹചര്യങ്ങളുള്ള ഈ രണ്ടാം വസന്തത്തിൽ ക്രിസ്തുസന്ദേശത്തിനുവേണ്ടി വേലചെയ്യുവാൻ ഒരു വിശ്വാസദാർഢ്യവും മതതീക്ഷ്ണതയും ത്യാഗശീലവുമുള്ള മാർത്തോമ്മാമാരും സെന്റ് സേവ്യർമാരും ഉണ്ടാകേണ്ടതു് ഭാരതത്തിൽനിന്നും പ്രത്യേകിച്ചും കേരളത്തിൽനിന്നുമാകുന്നു. എന്നാൽമാത്രമേ ഒന്നാം നൂററാണ്ടുമുതൽ ക്രിസ്തുസന്ദേശവാഹികളാണ് ഞങ്ങൾ എന്ന അഭിമാനവും ഈ ജൂബിലിയാഘോഷങ്ങളും നിറവേററപ്പെടുകയും സാധൂകരിക്കപ്പെടുകയും ചെയ്യുകയുള്ളു."

## "മലയാളരാജ്യ"ത്തിന്റെ വിമർശനം

ദീപികയിലെ ഈ മുഖപ്രസംഗത്തിനു് മറുപടിയായും വിമർശനമായും "ക്രിസ്തുമതവികസനം" എന്ന ശീർഷകത്തിൽ "മലയാളരാജ്യം" ജനുവരി 8-ാംനു ഒരു മുഖപ്രസംഗമെഴുതി. അതിലെ സംഗതങ്ങളായ ഭാഗങ്ങൾ ഉദ്ധരിക്കുകയും അവയിൽ അടങ്ങിയിരിക്കുന്ന അബദ്ധധാരണകൾ ചൂണ്ടിക്കാണിക്കുകയും ചെയ്യാം.

"ക്രിസ്തുമതവികസനത്തിനുള്ള ഒരു നൂതനപ്രസ്ഥാനം കത്തോലിക്കാപുരോഹിതന്മാരുടെ ആഭിമുഖ്യത്തിൽ നടത്തുവാൻ നിശ്ചയിച്ചുകഴിഞ്ഞിരിക്കുന്നതായി ദീപികയുടെ മുഖപ്രസംഗത്തിൽനിന്നു് "അനുമാനിക്കാം." ക്രിസ്തുമതപ്രചരണം തന്റെ അസ്തിത്വത്തിന്റെ നിദാനമായിട്ടാണ് കത്തോലിക്കാസഭ കരുതിയിരുന്നതു്. സഭയെ സ്ഥാപിച്ച ക്രിസ്തുതന്നെ ക്രിസ്തുമതപ്രചരണം സഭയുടെ അനുപേക്ഷണീയ കർത്തവ്യമായി നിശ്ചയിച്ചിട്ടുണ്ടു്. ആ കർത്തവ്യം അതിന്റെ ജനനം ഉൽഘാടനംചെയ്യപ്പെട്ട പന്തക്കുസ്താദിനംമുതൽ സഭ ഇന്നോളം നിർവ്വഹിച്ചുകൊണ്ടിരിക്കുകയാണ്. മാർത്തോമ്മാശ്ലീഹായും സെന്റ് ഫ്രാൻസിസ് സേവ്യറും ആ കർത്തവ്യനിർവ്വഹണത്തിനായിട്ടാണ് ഇന്ത്യയിലും മററു പൗരസ്ത്യരാജ്യങ്ങളിലും വന്നതും പ്രയത്നിച്ചതും. ക്രിസ്തുമതപ്രചരണം സഭയുടെ അനുപേക്ഷണീയകർത്തവ്യമാണെന്നുള്ള വസ്തുത കത്തോലിക്കാസഭ ഒരു കാലത്തും ഒരിടത്തും മറച്ചുവച്ചിട്ടില്ല; മറച്ചുവയ്ക്കുകയുമില്ല. കത്തോലിക്കാസഭയിൽ വൈദികന്മാരും അവൈദികന്മാരുമുണ്ടു്. ക്രിസ്തുമതപ്രചരണത്തിന്റെ കർത്തവ്യം ഇക്കൂട്ടരിലും ക്രിസ്തു ചുമത്തിയിട്ടുണ്ടെന്നു് അവകാശിക്കാം. ആ കർത്തവ്യനിർവ്വഹണത്തിൽ വൈദികർ നേതൃത്വം വഹിക്കുന്നെന്നു മാത്രം. ആകയാൽ ദീപികയുടെ മുഖപ്രസംഗത്തിൽ "ഒരു നൂതന പ്രസ്ഥാനം കത്തോലിക്കാ പുരോഹിതന്മാരുടെ ആഭിമുഖ്യത്തിൽ" ക്രിസ്തുമതവികസനത്തിനായി നടത്തുവാൻ നിശ്ചയിച്ചുകഴിഞ്ഞിരിക്കുന്നതായി ആരും തെററിദ്ധരിക്കേണ്ട ആവശ്യമില്ല.

"എന്നാൽ പഴയമട്ടിൽ ആയിരിക്കുകയില്ല ഈ ആകർഷണം എന്നുള്ളതു നിശ്ചയമാണ്. എന്തായാലും ഈ ആകർഷണം ഭാരതത്തിൽ നടക്കുന്നതിനെക്കാൾ ഏററം തീവ്രമാകുന്നതു തിരുകൊച്ചിയിലാണെന്നും, ഈ സംസ്ഥാനത്തുള്ളവരാണ് പ്രത്യേകിച്ചും ഈ വികസനത്തിന്റെ ഭാരം വഹിക്കേണ്ടി വരുന്നതെന്നുമാണ് ഞങ്ങളുടെ അഭിപ്രായം." മലയാളരാജ്യത്തിന്റെ ഈ അഭിപ്രായത്തിലും അബദ്ധധാരണകൾ കടന്നുകൂടിയിട്ടുണ്ടു്. ഇതരമതസ്ഥരെ ക്രിസ്തുമതത്തിലേക്കാകർഷിക്കുവാൻ കത്തോലിക്കാസഭ സ്വീകരിച്ചിട്ടുള്ളതും സ്വീകരിക്കാൻ കടപ്പെട്ടതുമായ മാർഗ്ഗം എന്നും ഒന്നുതന്നെയാണ്. "നിങ്ങൾ പോയി എല്ലാ ജാതികളോടും പ്രസംഗിക്കുക" എന്ന ക്രിസ്തുവിന്റെ വചനങ്ങളിൽ അടങ്ങിയിരിക്കുന്നതാണ് ആ മാർഗ്ഗം. ആ പ്രസംഗം ശ്രവിച്ചു് സ്വമനസ്സാ അതിൽ വിശ്വസിക്കുന്നവരെമാത്രമേ കത്തോലിക്കാസഭ അതിന്റെ അംഗങ്ങളായി സ്വീകരിക്കുകയുള്ളു. പ്രലോഭനങ്ങളോ വഞ്ചനകളോ ബലപ്രയോഗങ്ങളോ ക്രിസ്തുമതപ്രചരണത്തിനു സ്വീകരിക്കുവാൻ സഭയുടെ സിദ്ധാന്തവും നിയമവും അനുവദിക്കുന്നില്ല. "ക്രിസ്തുസന്ദേശത്തിനുവേണ്ടി വേലചെയ്യുവാൻ ഒരു വിശ്വാസദാർഢ്യവും മതതീക്ഷ്ണതയും ത്യാഗശീലവുമുള്ള മാർത്തോമ്മാമാരും സെന്റ് സേവ്യർമാരും" ദീപിക ആഹ്വാനം ചെയ്യുന്നതിൽനിന്നുതന്നെ ഈ വസ്തുത സുവ്യക്തമാകുന്നുണ്ടു്.

ആ മഹാത്മാക്കളെപ്പോലെ ഉറച്ച വിശ്വാസവും തീക്ഷ്ണമായ സ്നേഹവും ജീവനെപ്പോലും ത്യജിക്കുവാനുള്ള ത്യാഗശീലവും കത്തോലിക്കർക്കുണ്ടായിരിക്കണമെന്നും അവവഴിയായി ഭാരതത്തെ ക്രിസ്തുമതത്തിലേക്കു ആകർഷിക്കണമെന്നുമാണ് ദീപികയുടെ ഉദ്ബോധനം. തിരു-കൊച്ചിയെപ്പററി ദീപിക പ്രത്യേകം എടുത്തുപറയാനുള്ള കാരണം, ക്രിസ്തുമതപ്രചരണത്തിനാവശ്യമുള്ള പ്രസ്തുത ഗുണങ്ങൾ തിരു-കൊച്ചിയിലെ കത്തോലിക്കരുടെയിടയിൽ കൂടുതലായി കാണുന്നുണ്ടെന്നുള്ള ബോദ്ധ്യമാണ്. തിരു-കൊച്ചിയിലെ യുവതീയുവാക്കൾ നൂറുകണക്കിനും ആയിരക്കണക്കിനുമാണ് നാടും വീടും വിട്ടു് പരകീയമായ സകല ബന്ധങ്ങളും പരിത്യജിച്ചു് ഇന്ത്യയിലെ മററു പ്രദേശങ്ങളിൽ പോയി ക്രിസ്തുമതപ്രചരണജോലിയിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നതു്. ഇക്കാലങ്ങളിൽനിന്നുള്ള മെത്രാന്മാരും വൈദികശ്രേഷ്ഠന്മാരും തിരു-കൊച്ചിയിൽ നിന്നുതന്നെ ... സന്യാസസമൂഹങ്ങളിൽ പ്രവേശിച്ചു് ക്രിസ്തുമതപ്രചരണത്തിനായി ജോലിചെയ്യുവാൻ സന്നദ്ധരായുള്ള യുവാക്കന്മാരേയും യുവതികളേയും നൽകുന്നതിൽ മുൻപന്തിയിൽ നിൽക്കുന്നതു് ... പ്രസ്തുത ആകർഷണവും ... ഈ ക്രിസ്തുമതവികസനത്തിന്റെ "ഭാരം" സഹിക്കേണ്ടവരെന്നുള്ള മലയാളരാജ്യത്തിന്റെ അഭിപ്രായം തികച്ചും അബദ്ധമാകുന്നു.

## സംഘട്ടനങ്ങളിൽ കലാശിക്കുമെന്നോ?

"ഞങ്ങളുടെ മതമാണ് മെച്ചമെന്നുള്ള പ്രചരണം മററുള്ളവരും ഇടങ്ങിയാൽ ഒടുവിൽ തിരു-കൊച്ചിയിലും ഇൻഡ്യയിലും വലിയ വലിയ സംഘട്ടനങ്ങളിൽ കലാശിക്കുന്നതാണ്" എന്നുള്ള മലയാളരാജ്യത്തിന്റെ പ്രവചനം അടിസ്ഥാനരഹിതമാകുന്നു. അതിനു തെളിവു് കത്തോലിക്കാസഭ ഇന്ത്യയിലും തിരു-കൊച്ചിയിലും എന്നുവേണ്ട ലോകത്തിലെ പലയിടത്തും നടത്തിക്കൊണ്ടിരുന്നതും ഇരിക്കുന്നതുമായ മതപ്രചരണത്തിൽ യാതൊരു സംഘട്ടനത്തിനും ഇടവരുത്തിയിട്ടില്ലെന്നുള്ള വസ്തുതതന്നെ. ഇടവരുത്തുവാനുള്ള യാതൊരു സമ്പ്രദായവും തങ്ങളുടെ മതപ്രചരണങ്ങളിൽ സ്വീകരിച്ചുകൂടാ എന്നുള്ള നിർബന്ധം കത്തോലിക്കാസഭയ്ക്കുണ്ടു്. രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവും മററുമായ രംഗങ്ങളിൽ തങ്ങളുടെ അഭിപ്രായമാണ് മെച്ചമെന്നുള്ള പ്രചരണം ഓരോ സംഘവും കക്ഷിയും നടത്തിക്കൊണ്ടിരിക്കുക ഇന്നത്തെ ഒരു സാധാരണസംഭവമാണല്ലോ. അതിന്റെ ഫലമായി യാതൊരു സംഘട്ടനവും നടക്കുന്നില്ല. ആ പ്രചരണരീതികളിൽ നീതിരഹിതമായും, പ്രകോപനപരവുമായ യാതൊരു രീതിയും തങ്ങളുടെ മതപ്രചരണത്തിനു കത്തോലിക്കാസഭ സ്വീകരിക്കുകയില്ലെന്നു തീർച്ചയുള്ളതിനാൽ സംഘട്ടനത്തെപ്പററിയുള്ള ഭയാശങ്കകൾ കേവലം അടിസ്ഥാനരഹിതങ്ങളാകുന്നു.

"ഇങ്ങനെ വികസനത്തിനാണ് പുരോഹിതന്മാർ ഒരുങ്ങി പ്രവർത്തിച്ചിരുന്നതെങ്കിൽ ഗവണ്മെന്റു സ്ഥാപനങ്ങൾ മുതലായി അധികാരവും സ്വാധീനശക്തിയുമുള്ള സംസ്ഥാനത്തിലെ സമൂഹസ്ഥാപനങ്ങൾ എങ്ങനെ ആ വിഭാഗത്തിൽപ്പെട്ടവരുടെ കൈയിൽ കൊടുക്കാതെ പോലീസിനേയും കോടതിയേയും എല്ലാം ആകർഷണത്തിനും വികസനത്തിനുമായി പ്രയോജനപ്പെടുത്തിയാൽ ഈ സംസ്ഥാനത്തിൽ മററുമതസ്ഥരുടെ അവസ്ഥ എന്തായിരിക്കും?" മലയാളരാജ്യത്തിന്റെ ഈ ഭയപ്പാടുകളെല്ലാം സാങ്കല്പികങ്ങൾ മാത്രമാകുന്നു. "പഴയമട്ടിൽ ആയിരിക്കാത്ത ഏതോ ഒരു നൂതനപ്രസ്ഥാനം കത്തോലിക്കാപുരോഹിതന്മാരുടെ ആഭിമുഖ്യത്തിൽ നടത്തുവാൻ നിശ്ചയിച്ചുകഴിഞ്ഞിരിക്കുന്നു" എന്ന അബദ്ധമായ സങ്കല്പത്തിന്റെ സന്താനങ്ങൾ മാത്രമാണവ. ആ സഹജീവിയോടു ഞങ്ങൾ ഉറപ്പുപറഞ്ഞുകൊള്ളുന്നു. കത്തോലിക്കർ നടത്തിയിട്ടുള്ള മതപ്രചരണങ്ങൾ ഇത്തരം ആപത്തുകളൊന്നും ഇതുവരെ തിരുകൊച്ചിയിലോ മററിവിടെയുമോ ഉണ്ടാക്കിയിട്ടില്ലാത്തതുപോലെ മേലിലും ഉണ്ടാകയില്ലെന്നു് ആർക്കും ധൈര്യപ്പെട്ടിരിക്കാവുന്നതാണ്. കത്തോലിക്കാ മതപ്രചരണം കമ്മ്യൂണിസപ്രചരണംപോലെ ഏതു മാർഗ്ഗവും ഉപയോഗിച്ചു് എവിടെയും നുഴഞ്ഞുകയറി ആരെയും അടിപ്പെടുത്തി ലൗകികമായ അധികാരവും സ്വാധീനവും കൈക്കലാക്കുവാനുള്ള ഒരു പദ്ധതിയല്ലെന്നു് ആ സഹജീവിയെ ഞങ്ങൾ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

"ഇതെല്ലാം ഒരു കൂട്ടക്കുഴപ്പത്തിലേക്കു ചെന്നുചാടുമെന്നു ഞങ്ങൾ ദീപികയെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. ഉള്ളതിനെ കാലോചിതമായി പരിഷ്ക്കരിച്ചു ചെന്നുപോരുകാർ നേടുകയല്ലാതെ ആകർഷിക്കാനും വികസിക്കാനുമുള്ള ഉദ്യോഗത്തിൽ കൂട്ടക്കുഴപ്പങ്ങളും ഇന്നത്തെ നിലയിലും അധഃപതിച്ച രാഷ്ട്രീയസ്ഥിതിഗതികളും ഈ സംസ്ഥാനത്തു മാത്രമായിരിക്കും. ദീപികയുടെ അഭിപ്രായം തീർച്ചയും ആധുനികവും പരിഷ്കൃതവുമായ ക്രിസ്ത്യാനികളുടെ മുഴുവൻ അഭിപ്രായമായിരിക്കയില്ലെന്നു വിശ്വസിക്കാം." മലയാളരാജ്യത്തിന്റെ ഈ ആശങ്കകളിലും അഭിപ്രായങ്ങളിലും ഞങ്ങൾ മുകളിൽ ചൂണ്ടിക്കാണിച്ച അബദ്ധധാരണകളാണ് അടങ്ങിയിരിക്കുന്നതു്. സമാധാനപ്രചരണം കത്തോലിക്കാസഭയുടെ "ദുരാഗ്രഹ"മല്ല. ആ പ്രചരണത്തിനുവേണ്ടിയുള്ള അതിന്റെ പരിശ്രമങ്ങളിൽ യാതൊരു "കൂട്ടക്കുഴപ്പങ്ങളും" ഉണ്ടാകുന്നതല്ല. "രാഷ്ട്രീയ"മായ ഉദ്ദേശങ്ങളൊന്നും ആ പ്രസ്ഥാനത്തിന്റെ പിന്നിലില്ല. സമാധാനപരവും ആദ്ധ്യാത്മികവും ...

ത്ത സ്വാതന്ത്ര്യപ്രഖ്യാപനം താൽക്കാലികമായാൽ പോലും ആ സമുദായം അതിന്റെ പക്ഷത്തു നിൽക്കാതിരിക്കില്ല. ... 'ക്രിസ്തുവിന്റെ സന്ദേശങ്ങളും അതിന്റെ പരിപാവനതയും' പറ്റി ഒക്കെ അഭിപ്രായവ്യത്യാസമില്ല് എന്നു പറയുന്ന ... ആശങ്കകളും പ്രകടിപ്പിച്ചുകാണുന്നതു് ആശ്വാസകരമായിരിക്കുന്നു.

## മക്കടമുഷ്ടിക്കാരാണെന്നോ?

"ഭാരതത്തെ പുനരുദ്ധരിക്കാൻ ... ക്രിസ്തീയപുരോഹിതന്മാരുടെയും ഉപദേശങ്ങളെയും ... മക്കടമുഷ്ടിക്കാരായ ഒരു സമൂഹത്തിന്റെ ... 1951 ജൂൺ 2-ാം ... 1926-ൽ കത്തോലിക്കരുടെ സംഖ്യ 400 ... 600 ... 15,000,000 ... 20,800,000 ... 14,800 ... 26,800-ൽ ... കഴിഞ്ഞ 25 വർഷങ്ങളിലെ ... 88 ... 1926-മുതൽ ...

... ക്രിസ്തുവിന്റെ സഭ അന്യോന്യ ... ഷിക്കേണ്ടതാണെന്ന് എന്നും നിഷ്കർഷിക്കുന്നുണ്ട്.

## പ്രസാധകക്കുറിപ്പുകൾ

### അഖിലേന്ത്യാ കത്തോലിക്കാ സർവ്വകലാശാല വിദ്യാർത്ഥി സഖ്യം

### ഹൈദരാബാദ് സമ്മേളനം

അഖിലലോക കത്തോലിക്കാ സർവ്വകലാശാല വിദ്യാർത്ഥികളുടെ സാർവ്വദേശീയ പ്രസ്ഥാനമാണ് 'പാക്സ് റൊമാന'. അതിനോട് സംഘടിപ്പിച്ചിട്ടുള്ള ഇന്ത്യയിലെ കത്തോലിക്കാ സർവ്വകലാശാല വിദ്യാർത്ഥികളുടെ ഒരു ഫെഡറേഷനാണ് ... കോൺഗ്രസ്സ് ... ഡിസംബർ 20, 21, 22 തീയതികളിൽ ... കോളേജിൽ സമ്മേളിച്ചു. ഇന്ത്യയുടെ നാനാഭാഗങ്ങളിൽനിന്നും 2500 വിദ്യാർത്ഥികൾ അതിൽ സംബന്ധിച്ചിരുന്നു. അവരിൽ 650 പേർ യുവതികളായിരുന്നു. ...

## പ. പിതാവിന്റെ സന്ദേശം

... 1209 ...

## ഏഷ്യൻ സോഷ്യലിസ്റ്റ് സംഘടന

... 36 ഗ്രൂപ്പുകൾ ... 6 ...

## സ്റ്റാലിന്റെ പുതിയ അടവ്

...

പ്രതിപക്ഷത്തോടെ പാസായതുമായ നിർദ്ദേശത്തെ സോവ്യററുഷ്യ അവഹേളനങ്ങളോടുകൂടി നിരാകരിച്ചിട്ടും അതിന്റെ പ്ലേറ്റണായിൽ കമ്മ്യൂണിസ്റ്റുകളെന്ന അതു തിരസ്കരിച്ചിട്ടും ആലോചിക്കുമ്പോൾ സ്റ്റാലിന്റെ ഈ പ്രസ്താവനകൾക്ക് യാതൊരർത്ഥവും ഇല്ലെന്നു സ്പഷ്ടമാണ്. സ്റ്റാലിന്റെ ഭാഷയിൽ "സമാധാനം" എന്നു പറഞ്ഞാൽ സോവ്യററു് സാമ്രാജ്യം വിപുലീകരിക്കുവാനുള്ള ശ്രമങ്ങൾക്ക് ഇതരരാജ്യങ്ങൾ വഴങ്ങിക്കൊടുക്കുക എന്നാണർത്ഥം. സോവ്യററുഷ്യയുടെ കീഴിൽ "സമാധാന കോൺഗ്രസ്സ്" പലേടത്തും നടത്തുകയും അതേസമയംതന്നെ സോവ്യററു് സായുധശക്തിയെ ഭീമമായി വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയും അതിനെ തടയുവാൻ പാശ്ചാത്യരാജ്യങ്ങൾ നടത്തുന്ന ആയുധീകരണത്തെ അപലപിക്കുകയും ചെയ്യുന്ന കുഴപ്പം എന്തൊരു വിരോധാഭാസമാണ്! പാശ്ചാത്യശക്തികളുടെ ആയുധീകരണത്തെ തടയുവാനും ആ രാജ്യങ്ങളിലെ ജനങ്ങളിൽ സമാധാനത്തെപ്പററിയുള്ള മായാമോഹം ഉളവാക്കി അവരെ ആ ഗവൺമെന്റുകൾക്കെതിരായി ഇളക്കിവിടാനും തക്കംവരുമ്പോൾ ആക്രമണം അഴിച്ചുവിടാനും വേണ്ടിയുള്ള തന്ത്രം മാത്രമാണ് സമാധാനത്തിന്റെ പേരുംപറഞ്ഞുള്ള സ്റ്റാലിന്റെ ഈ പ്രസ്താവങ്ങളെല്ലാം.

### അമേരിക്കൻ സഹായത്തെ
### കമ്മ്യൂണിസ്ററുകൾ അപലപിക്കുന്നു

തിരുവനന്തപുരം കോർപ്പറേഷൻ തിരഞ്ഞെടുപ്പു പ്രചരണയോഗം ഉൽഘാടനംചെയ്തുകൊണ്ട് മുഖ്യമന്ത്രി ശ്രീ എ ജെ ജോൺ ജനുവരി 7-ാംനു- ചെയ്ത പ്രസംഗത്തിൽ ഇങ്ങനെ പ്രസ്താവിച്ചിരുന്നു: "ഇവിടെ വർഗ്ഗസമരത്തിനു വകയില്ലാതെ വന്നെങ്കിലോ എന്നു ഭയന്നിട്ടാണ് കമ്മ്യൂണിസ്റ്റുകാർ ഇവിടത്തെ പഞ്ചവത്സരപദ്ധതിയേയും കമ്മ്യൂണിററി പ്രോജക്ട് പ്രസ്ഥാനത്തെയും കണ്ണടച്ചു വിമർശിക്കുന്നതു്. അമേരിക്കൻ ഡോളർ അവർക്കു വർജ്ജ്യമാണ്. പക്ഷേ റഷ്യയിലെ പഞ്ചവത്സരപദ്ധതികൾക്കായി 150 കോടി ഡോളർ അവർ കടമെടുത്തു. അതിൽ തെററില്ലതാനും."

അമേരിക്ക ഇൻഡ്യക്കു നൽകുന്ന പണസംബന്ധവും വിദഗ്ദ്ധോപദേശസംബന്ധവുമായ സഹായത്തെ ഇൻഡ്യൻ കമ്മ്യൂണിസ്റ്റു പാർട്ടി സർവ്വ സമാ അപലപിച്ചുകൊണ്ടാണിരിക്കുന്നതെന്നു് പ്രസിദ്ധമാണ്. തിരു-കൊച്ചി നിയമസഭയിൽതന്നെ കമ്മ്യൂണിസ്റ്റ് സാമാജികന്മാർ ഈ അപലപനം പലപ്പോഴും മുഴക്കിയിട്ടുണ്ട്. കേന്ദ്രപാർലമെന്റിലെ കമ്മ്യൂണിസ്റ്റ്ഗ്രൂപ്പു സംവിധാനംചെയ്ത ഒരു പ്രസംഗപരമ്പരയ്ക്കിടയിൽ ഒരു പ്രാസംഗികൻ ഈ അപലപനത്തെ ഏററവും ശക്തിയായ ഭാഷയിൽ പ്രകാശിപ്പിക്കുകയുണ്ടായി. "ഈ രാജ്യത്തിനു് സഹായം നൽകുന്നവർ അതിനെ ഭാരംവഹിക്കുന്ന മൃഗത്തെപ്പോലെ ഉപയോഗിക്കുമെന്നുള്ള അപകടമുണ്ടാകുന്നു. റഷ്യയും ചൈനയും നിർവ്വഹിച്ചിട്ടുള്ളപോലെയുള്ള ഒരു യഥാർത്ഥ പദ്ധതി ഇൻഡ്യയിൽ നിർവ്വഹിക്കാൻ കഴിയും." റഷ്യയും ചൈനയും അവിടങ്ങളിലെ പദ്ധതികൾ നിർവ്വഹിച്ചതെങ്ങനെയെന്നു് ഇൻഡ്യൻ കമ്മ്യൂണിസ്റ്റുകൾക്ക് അറിവില്ലാഞ്ഞിട്ടാണോ? അറിവുണ്ടായിട്ടും ഇൻഡ്യയെ കുഴപ്പത്തിലാക്കുവാൻ മനഃപൂർവ്വം അവർ ഈ അപലപനവ്യവസായം നടത്തുകയാണോ?

റഷ്യയിലെ കാര്യം ആദ്യമെടുക്കാം. 1928 ഒക്ടോബർ 9-ാംനു- യു എസ് എ യിലെ ജനറൽ ഇലക്ട്രിക്ക് കമ്പനി റഷ്യൻ അംടോർഗ്ഗുമായി (Amtorg) ചെയ്ത ഉടമ്പടിയനുസരിച്ച് സോവ്യററ് ഗവൺമെന്റിനു് 26,000,000 ഡോളർ കടം കൊടുത്തു; സോവ്യററ് ഇലക്ട്രിക്കൽ വ്യവസായസ്ഥാപനങ്ങൾക്ക് അവയുടെ വിപുലീകരണത്തിനാവശ്യമായ യന്ത്രങ്ങളിലും മററു സാമഗ്രികളിലും ഒരു വിഭാഗം പ്രദാനംചെയ്തു. 1929 മേയ് 31-ാംനു- ഹെൻറി ഫോർഡും റഷ്യൻ അംടോർഗ്ഗും തമ്മിൽ ചെയ്ത ഉടമ്പടിയനുസരിച്ച് ഫോർഡ് Neizhni-Novgorod എന്ന സ്ഥലത്തുള്ള സോവ്യററ് ഫാക്ടറിയുടെ സ്വരൂപവും ഘടനയും സാധിച്ചുകൊടുത്തു. തൽഫലമായി ആ ഫാക്ടറിക്ക് കൊല്ലംതോറും 100,000 കാറുകൾവീതം നിർമ്മിക്കുവാൻ കഴിവുണ്ടായി; തന്റെ പേറ്റന്റുകളെല്ലാം ഫോർഡ് ബോൾഷെവിക്കുകൾക്ക് കൊടുത്തു; അമേരിക്കൻ എൻജിനിയർമാരെ റഷ്യയിലേക്കയച്ചു; റഷ്യയിലെ കാർനിർമ്മാണകരായ എൻജിനിയർമാർക്കും മെക്കാനിക്കുകൾക്കും അമേരിക്കയിൽ പരിശീലനം നൽകി; റഷ്യക്ക് അത്യാവശ്യകമായ സാധനങ്ങൾ യു എസ് എ യിൽനിന്നു വാങ്ങാൻ ഹ്രസ്വകാലകടവായ്പകൾ കൊടുത്തു. ചുരുക്കിപ്പറഞ്ഞാൽ റഷ്യയിലെ ആദ്യത്തെ പഞ്ചവത്സരപദ്ധതിയുടെ ചിലവിലേക്കുവേണ്ടി വിദേശഗവർമ്മെന്റുകളിൽനിന്നു് കടംവാങ്ങിയ പണവും വിദേശകയററുമതിക്കാരിൽനിന്നു വായ്പവാങ്ങിയ സാധനങ്ങളുടെ വിലയുംകൂടി 1400,000,000 ഡോളർ 1931-ൽ സോവ്യററ് ഗവർമ്മെണ്ട് കൊടുക്കേണ്ടിവന്നിരുന്നു.

സോവ്യററുയൂണിയനിലെ നേതാക്കന്മാർ വ്യവസായങ്ങളിൽ വൈദഗ്ദ്ധ്യവും പരിശീലനവും ലഭിച്ച ആളുകളെ കിട്ടുവാനും പാശ്ചാത്യക്യാപ്പിററലിസ്റ്റ്രാജ്യങ്ങളുടെ സഹായം തേടിയിട്ടുണ്ട്. ആദ്യത്തെ പഞ്ചവത്സരപദ്ധതിയുടെ ജീവൽപ്രധാനമായ പ്രാരംഭദശകളിൽ ആവശ്യകമായിരുന്ന മെഷീനറിയന്ത്രങ്ങൾക്കും ആ രാജ്യങ്ങളെത്തന്നെയാണ് അവർ ആശ്രയിച്ചതു്. ഉദാഹരണമായി റഷ്യയിലെ മഹത്തായ ഹൈഡ്റോ എലക്ട്രിക്ക് പദ്ധതി (Dnieper River hydro-electric system) സ്ഥാപിച്ചതു് എഫ് കൂപ്പർ എന്ന അമേരിക്കൻ എൻജിനിയറിന്റെ മേൽനോട്ടത്തിലാണു്. അതിന്റെ അടിസ്ഥാനങ്ങളായ സജ്ജീകരണങ്ങളെല്ലാം യു എസ് എ യിലെ Schenectady എന്ന സ്ഥലത്തെ എലക്ട്രിക്ക് കമ്പനിയുടെ പ്ലാന്റുകളിൽനിന്നാണ് ലഭിച്ചതു്. ഇതുപോലെ അനേകം ദൃഷ്ടാന്തങ്ങളുദ്ധരിക്കുവാനുണ്ട്.

ചൈനയുടെ കാര്യമാണെങ്കിൽ, ആ രാജ്യം സോവ്യററ് ഉപദേഷ്ടാക്കന്മാരെയും ടെക്നീഷ്യന്മാരെയുംകൊണ്ട് നിറഞ്ഞിരിക്കുകയാണെന്നും സോവ്യററ് യൂണിയനിൽനിന്നു് വളരെയധികം കടമെടുത്തിട്ടുണ്ടെന്നും എല്ലാവർക്കുമറിയാം. സോവ്യററ് യൂണിയനിലെ അഭിനന്ദകന്മാർ മാത്രമല്ല സ്വതന്ത്രന്മാരായ നിരീക്ഷകന്മാരും ഈ വസ്തുതയ്ക്ക് സാക്ഷ്യംവഹിച്ചിട്ടുണ്ട്.

പിന്നെ എന്തിനാണ് ഇന്ത്യൻ കമ്മ്യൂണിസ്റ്റുകാർ ഈ അപവാദവ്യവസായം നടത്തിക്കൊണ്ടിരിക്കുന്നതു്? ഇന്ത്യ സാമ്പത്തികമായി ഉയരരുതെന്നും, ഇന്ത്യയിൽ ദാരിദ്ര്യം എന്നും നടമാടണമെന്നും, അതിന്റെ ഫലമായി കമ്മ്യൂണിസത്തിനു് ഇവിടെ പ്രാബല്യം സിദ്ധിക്കണമെന്നും, ഒടുവിൽ ചൈനയും ടിബററും വടക്കേ കൊറിയയും കിഴക്കേ യൂറോപ്പും പോലെ ഇന്ത്യയും സ്റ്റാലിന്റെ സാമ്രാജ്യദുർമ്മോഹത്തിനു് ഇരയായിത്തീരണമെന്നും മാത്രമേ അവർക്കു് ആഗ്രഹമുള്ളു.

## അടുത്തയാഴ്ചയിൽ

ജനുവരി

25 ഞാ: ദനഹാ 3-ാം ഞായർ
26 തി: പോളികാർപ്പ്
27 ചൊ: ജോൺ ക്രിസോസ്തോമോസ്
28 ബു: ആഗ്നസ്
29 വ്യാ: ഫ്രാൻസിസ് സാലേസ്
30 വെ: മർത്തീന
31 ശ: പത്രോസ് നൊലാസ്കോ.

## കലണ്ടറുകൾ

താഴെ പറയുന്ന സ്ഥാപനങ്ങളിൽനിന്നയച്ചുതന്ന മനോഹരമായ കലണ്ടറുകൾ നന്ദിപൂർവ്വം കൈപ്പററിയിരിക്കുന്നു.

ഐ എസ് പ്രസ്സ്, എറണാകുളം; ഹിന്ദുസ്ഥാൻ സിറാമിക് & ടൈൽ വർക്ക്സ്, ആലുവാ; ദി നാഷനൽ ഇൻഡസ്ട്രിയൽസ്, ചാലക്കുടി.


# നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം

എന്നീ ഔഷധങ്ങളും,

## "അറിയേണ്ടും കാര്യങ്ങൾ"

എന്നപുസ്തകവും കിട്ടുന്ന സ്ഥലങ്ങൾ

## കാളൻസ് ഏജൻസികൾ

1. ആലുവാ
M/s ടി. കെ. ജോസഫ് & കമ്പനി, ജൂബിലി വ്യാപാരം, പോസ്റ്റാഫീസിനു സമീപം, മാർക്കററ് റോഡ്.

2. പാലാരിവട്ടം
M/s കത്തോലിക്സ് S. B. സ്റ്റാൾ.

3. കാലടി
M/s കെ. കെ. കുഞ്ഞപ്പു & ടി. വി. മേനാപ്പൻ, മർച്ചന്റ്സ്

4. പെരുമ്പാവൂർ
Mr. എം. വി. ജോസഫ്, ജനറൽ മർച്ചന്റ്

5. കോതമംഗലം
Dr. പി. ഡി. വർഗ്ഗീസ്, കത്തോലിക്കാപള്ളിക്കു സമീപം

6. മൂവാററുപുഴ
Mr. പി. എ. ഫ്രാൻസിസ്, കച്ചേരിത്താഴം

7. വാഴക്കുളം
Mr. എം. കെ. കുര്യാക്കോസ്, ജൂബിലിവ്യാപാരം

8. കരിമണ്ണൂർ
Mr. എം. സി. പൗലോസ്, മണ്ണുക്കൽ സ്റ്റോർ, ഹൈസ്കൂളിനു സമീപം

9. കാഞ്ഞാർ
Mr. മൈക്കിൾ വർക്കി വിട്ടിയാങ്കൽ ജൂബിലി വ്യാപാരം

10. അർപ്പൂക്കര
M/s സെന്റ് ജോസഫ്സ് ജൂബിലി & ജനറൽ സ്റ്റോഴ്സ് (ശാഖ), പുളിക്കാട്ടുശേരി ബസ്സ്റ്റാന്റിനു സമീപം


11. വൈക്കം
M/s പേൾ മെഡിക്കൽ സ്റ്റോഴ്സ്, ബോട്ടു ജെട്ടിക്കു സമീപം

12. ഹരിപ്പാട്ട്
Mr. സി. എം. ചാക്കോ

13. കൊല്ലം
M/s ജെമിനി ബ്രദേഴ്സ്, വലിയകട, മെയിൻറോഡ്

14. കൊട്ടിയം
M/s സെന്റ് ആന്റണീസ് ഷാപ്പ്

മററു സ്ഥലങ്ങൾ അടുത്തതിൽ— കാളൻ, നെല്ലായി P. O.

ആദ്ധ്യാത്മിക സമരത്തിൽ ഏർപ്പെട്ടിരിക്കുന്ന രണ്ടു കക്ഷികളുടേയും പതാകയിലെ ചിഹ്നങ്ങൾ

1-ാമത്തേതു് സന്തോഷത്തിന്റെയും സമാധാനത്തിന്റെയും പ്രത്യാശയുടേയും ചിഹ്നവും 2-ാമത്തേതു് അസംതൃപ്തിയുടേയും നിരാശയുടേയും വിപ്ലവത്തിന്റെയും അടയാളവുമായി കാണപ്പെടുന്നു. ഒന്നു മററതിനെ ദ്വേഷിക്കുകയും ഭയപ്പെടുത്തുകയും ചെയ്യുമ്പോൾ അതിനെക്കൂടിയും മററതു് സ്നേഹഭിക്ഷ നല്കിക്കൊണ്ടിരിക്കുന്നു. ഒന്നു ത്യാഗത്തിന്റെയും സത്യത്തിന്റെയും ചിഹ്നമായി ശോഭിക്കുമ്പോൾ മററതു് ദുരധികാരവും വക്രതയും പ്രത്യക്ഷപ്പെടുത്തുന്നു. ഒന്നു ലോകത്തിനു പ്രകാശം നൽകിക്കൊണ്ടു് തന്റെ നാഥന്റെ ശക്തിയുള്ള തൃക്കരങ്ങളിൽ ആനന്ദിച്ചു വിശ്രമംകൊള്ളുമ്പോൾ മററതു് സ്വയംശക്തിയിൽ അഹങ്കരിച്ചു് അന്ധകാരത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു.

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.

എം. ടി. ജെ., വെള്ളാംകല്ലൂർ

## സൊഡാലിററിസംഘടനകളുടെ ശ്രദ്ധയ്ക്കു്

തേവരകോളെജ് സൊഡാലിററിയുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധപ്പെടുത്താൻ പോകുന്ന "ഐഡിയൽ" (Ideal) എന്ന മാസികയിലേക്കു കേരളക്കരയിലെ വിവിധ സൊഡാലിററി സംഘടനകളുടെ (കോളെജ്, ഹൈസ്കൂൾ, ഇടവക) ചുരുങ്ങിയ റിപ്പോർട്ടുകൾ ക്ഷണിച്ചുകൊള്ളുന്നു. അവ ജനുവരി 31-നകം താഴെകാണുന്ന മേൽവിലാസത്തിൽ അയച്ചിരിക്കേണ്ടതാണ്.

## ഇന്ത്യൻ കർദ്ദിനാൾ

പൗരസ്ത്യ, പ്രൊപ്പഗാന്താ തിരുസംഘങ്ങളിൽ

പുതിയ കർദ്ദിനാളന്മാർ ഓരോരുത്തർക്കുമുള്ള തിരുസംഘങ്ങൾ ഏതൊക്കെയെന്നു് മാർപ്പാപ്പാ തിരുമേനി നിശ്ചയിച്ചിരിക്കുന്നു. ഇൻഡ്യൻ കർദ്ദിനാൾ ഡോക്ടർ ഗ്രേഷ്യസ് തിരുമേനി പൗരസ്ത്യതിരുസംഘത്തിലേക്കും പ്രോപ്പഗാന്താ തിരുസംഘത്തിലേക്കും നിയോഗിക്കപ്പെട്ടിരിക്കുന്നു.

## അനുമോദനം

ഫാദർ സി. കെ. മററത്തിനു്

ദീർഘനാൾ "കർമ്മലകുസുമം" പത്രാധിപരായിരുന്നു സേവനം അനുഷ്ഠിച്ചിട്ടുള്ള ഫാദർ സി. കെ. മററത്തിനു് "സാഹിത്യതിലക"സ്ഥാനം ലഭിച്ചതിൽ അദ്ദേഹത്തെ അനുമോദിക്കുന്നതിനായി ജനുവരി 12-ാംനു- സായാഹ്നത്തിൽ മാന്നാനം സെന്റ് ജോസഫ്സ് പ്രസ്സ് ഹാളിൽവച്ചു കോൺഗ്രസ് മണ്ഡലം പ്രസിഡന്റു ശ്രീമാൻ ജോർജ്ജ് ജോസഫ് പൊടിപാറ ബി. എ. ബി. എൽ. അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു സമ്മേളനം കൂടുകയുണ്ടായി.

# ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ ക്ലിപ്തം

ക്ലിപ്ത ബാദ്ധ്യതയോടുകൂടി 1938-ൽ തിരുവിതാംകൂർ-കൊച്ചിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടതു്.

## ഹെഡ് ഓഫീസ്: ചങ്ങനാശ്ശേരി

ശാഖകൾ: ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല തിരുവനന്തപുരം

| | | |
|---|---|---|
| അധികൃതമൂലധനം | രൂ | 10,00,000—0—0 |
| വാഗ്ദത്തമൂലധനം | " | 6,00,000—0—0 |
| പിരിഞ്ഞുകിട്ടിയ മൂലധനം | " | 5,95,750—0—0 |

## ഡയറക്ടേഴ്സ്

1. ശ്രീ ചോർജ് വറുഗീസ് ബി. എ., ബി. എൽ., ചങ്ങനാശ്ശേരി (ചെയർമാൻ)
2. " കുഞ്ചെറിയാ കെ. പുന്നൂസ്, പള്ളം
3. " തോമസ് റ്റി. കുരിയാളശ്ശേരിൽ, ചമ്പക്കുളം
4. " ഡൊമിനിക്ക് ജോസഫ് കുരുവിനാക്കുന്നേൽ, ഇടമറ്റം, മീനച്ചിൽ
5. " മൈക്കിൾ എ. കല്ലിവയലിൽ ബി. എ., കോണുപറമ്പിൽ, വിളക്കുമാടം
6. " തോമസ് റ്റി. മാറാട്ടുകുളം എം. എ., ചങ്ങനാശ്ശേരി
7. " മൈക്കിൾ ജെ. കല്ലിവയലിൽ ബി. എസ്സ്സി. കല്ലുകെട്ടി (സെക്രട്ടറി)
8. " കുഞ്ചെറിയാ റ്റി. മാറാട്ടുകുളം എം. എ., ചങ്ങനാശ്ശേരി (മാനേജിംഗ് ഡയറക്ടർ)




പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

നിങ്ങൾ ഇപ്പോൾ വായന ശീലിച്ചിരിക്കും. പുസ്തകങ്ങളും പത്രങ്ങളും എല്ലാം നിങ്ങൾ പതിവായി വായിക്കുന്നുണ്ടായിരിക്കും. ഇന്നലത്തെക്കാൾ അറിവ് ഇന്നു നിങ്ങൾ സമ്പാദിച്ചിരിക്കും, എന്നാണു കുഞ്ഞമ്മാവൻ വിശ്വസിക്കട്ടെ?

പത്രത്തിൽനിന്നും വലിയ ഒരാഘോഷം എറണാകുളത്തുവച്ചു നടന്നു എന്നു ചിലർ അറിഞ്ഞിരിക്കും. ചിലർ ആ ബിഷപ്പിന്റെ ആഘോഷങ്ങളിൽ പങ്കുകൊള്ളുകയും ചെയ്തിരിക്കും. ആയിടയ്ക്കുതന്നെ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു— നമ്മുടെ പ്രിയപ്പെട്ട ഇൻഡ്യാരാജ്യത്തിലെ പ്രധാനമന്ത്രി—നമ്മുടെ നാട്ടു് സന്ദർശിക്കയുണ്ടായി. അദ്ദേഹത്തിന്റെ കൂട്ടത്തിൽ രാജീവനെന്നും സഞ്ജയൻ എന്നും രണ്ടു കുട്ടികളുണ്ടായിരുന്നു. അവർ ആരെന്നു നിങ്ങൾക്കറിയാമോ? നെഹ്റുവിന്റെ മകളുടെ മക്കളാണവർ. നല്ല പ്രസരിപ്പും ഉന്മേഷവുമുള്ള കുട്ടികൾ. അവർ വളരെ നല്ലതിനുമുള്ളവരാണ്. ഭാവിയിൽ അവർ ഇൻഡ്യാരാജ്യത്തിലെ ഭരണാധികാരികളാകയില്ലെന്നാരറിഞ്ഞു! ഒരുപക്ഷെ നിങ്ങളിൽ ചിലരായിരിക്കും ആ സ്ഥാനം അലങ്കരിക്കുവാൻ പോകുന്നതു്.

നിങ്ങൾ സ്വന്തം പരിശ്രമംകൊണ്ടു ഔന്നത്യത്തെ പ്രാപിക്കാൻ ശ്രമിക്കണം. സ്വാശ്രയശീലം നിങ്ങൾക്കുണ്ടായിരിക്കണം. ചില കുട്ടികൾക്ക് പരസഹായം കൂടാതെ ഒന്നും ചെയ്തുകൂടാ. അവർക്ക് പുസ്തകങ്ങൾപോലും അടുക്കിവയ്ക്കാൻ വേറെ ആളുവേണം. പല്ലുതേക്കുന്നതിനും വസ്ത്രമണിയുന്നതിനും കുളിക്കുന്നതിനും ഉടുപ്പു നനയ്ക്കുന്നതിനും എല്ലാം പരാശ്രയം കൂടാതെ സാദ്ധ്യമല്ലാത്തവരെ ത്രയുണ്ടെന്നു നിങ്ങൾ അറിയുന്നുണ്ടോ? ചെറുപ്പത്തിലെ, മറ്റുള്ളവരുടെ സഹായങ്ങൾ സ്വീകരിച്ചുകഴിയുന്നവർക്ക് പ്രായമാകുമ്പോഴും അതൊഴിച്ചുകൂടാൻ പാടില്ലാതെവരും. ഇത് പരിതാപകരമായ ഒരവസ്ഥയാണ്. ഇവരുടെ കഴിവിനെ തീരെ കുറച്ചുകളയും. സ്വന്തമായി ഒരു നിസ്സാരകാര്യംപോലും തീരുമാനിക്കുന്നതിനോ പ്രവർത്തിക്കുന്നതിനോ കഴിയാതെ വരുന്നെങ്കിൽ ആ മനുഷ്യനെക്കൊണ്ടെന്തു പ്രയോജനം? ലോകത്തിനവരെക്കൊണ്ടെന്താ ഗുണം? ആലോചിച്ചുനോക്കൂ. ഒന്നുമുണ്ടാവില്ല. അവൻ വാസ്തവത്തിൽ ഭൂമിക്കൊരു ഭാരമായിരിക്കും.

ഈ കഥ വായിച്ചുനോക്കൂ:—

ഒരിടത്തു് ഒരു നെയ്ത്തുകാരനും അയാളുടെ ഭാര്യയുംകൂടി താമസിച്ചിരുന്നു. ഒരുകാലത്തിയിൽ മുന്നു് നെയ്ത്തുതറികളുണ്ടായിരുന്നു. അതുകൊണ്ടു അങ്ങാടിയിൽപോയി വിറ്റാണ് അവർ കാലയാപനം ചെയ്തിരുന്നതു്. ഒരു ദിവസം പെട്ടെന്നു് ഒരു തറിയുടെ ഏഴുകളിൽ രണ്ടെണ്ണം ഒടിഞ്ഞുപോയി. നെയ്ത്തുകാരനു് മുണ്ടു നെയ്യാൻ നിവൃത്തിയില്ലാതെവന്നു. അക്കാലത്തു് ഇന്നത്തെപ്പോലെ മരക്കടകളും ആശാരിമാരും മറ്റും ഇഷ്ടംപോലെ ഉണ്ടായിരുന്നില്ല. ആവശ്യമുള്ളതെല്ലാം വനത്തിൽപോയി ആവശ്യക്കാർതന്നെ മുറിച്ചുകൊണ്ടുവന്നു ചെത്തി ശരിപ്പെടുത്തി ഉപയോഗിക്കണമായിരുന്നു. ന



ഴുതൽ നെയ്ത്തുകാരൻ പലപ്പോഴും മര ശേഖരിച്ചു. കിട്ടിയില്ല. കുടുംബത്തിൽ പട്ടിണികൊണ്ടു ബാധിച്ചുതുടങ്ങി. ഒരു ദിവസം അയാൾ നിശ്ചയിച്ചു, വനത്തിൽപ്പോയി മരം വെട്ടിക്കൊണ്ടുവരാമെന്നു്.

പിറ്റേദിവസം രാവിലെ കോടാലി

ഷമായി നെയ്ത്തുകാരൻ വനത്തിലെത്തി. അയാൾ ഒരു നല്ല മരം കണ്ടു കോടാലിപൊക്കി അതിന്റെ ചുവട്ടിൽ വെട്ടാൻ ഓങ്ങി. ആദ്യത്തെ വെട്ട് മരത്തിൽ കൊണ്ട നിമിഷത്തിൽ, ആശ്ചര്യമെന്നേ പറയേണ്ടു, ഒരു വനദേവത അവിടെ പ്രത്യക്ഷയായി ഇങ്ങനെ പറഞ്ഞു: 'ഹേ! മനുഷ്യാ, നിങ്ങൾ ദയവുചെയ്തു് ഈ മരം മുറിക്കരുതു്. ഇതിലാണു് ഞാൻ താമസിക്കുന്നതു്. എന്റെ വാസസ്ഥലമായ

## പ്രഥമ ചരമവാർഷികം



ചിറയത്തു് തറയിൽ ചാക്കു മകൾ
കൊച്ചുമറിയം
അരണാട്ടുകര.
മരണം 21—1 1952
R. I. P.

മരം നശിപ്പിക്കാതിരിക്കുന്നതിനു് പ്രത്യുപകാരം ചെയ്യാനും ഞാനൊരുക്കമാണ്. നിങ്ങൾക്കിഷ്ടമുള്ള ഒരു വരം ചോദിച്ചുകൊള്ളുക. അതു ഞാൻ സാധിച്ചുതരാം."

നെയ്ത്തുകാരൻ അതിരറ്റു സന്തോഷിച്ചു. എന്താണു ചോദിക്കേണ്ടതെന്നു് അയാൾക്കു രൂപമുണ്ടായിരുന്നില്ല. അയാൾ അല്പം കഴിഞ്ഞു വരാമെന്നു് വനദേവതയോടു പറഞ്ഞിട്ടു് ഓടി നാട്ടിലെത്തി അയാൾ ഒരു സ്നേഹിതൻ



നുണ്ടായിരുന്നു. ഒരു ക്ഷുരകൻ. ക്ഷുരകനോടു് നെയ്ത്തുകാരൻ വിവരം പറഞ്ഞു. ക്ഷുരകനു് ആശ്ചര്യംതോന്നി. അയാൾ പറഞ്ഞു: "ഹേ! സ്നേഹിതാ, അവസരം പാഴാക്കാതെ ഓടിച്ചെല്ലുക. നിങ്ങളെ ഒരു രാജാവാക്കാൻ പറയുക. അപ്പോൾ ഞാൻ പ്രധാനമന്ത്രിയും

സേനാനായകനും ആകാം. നമുക്കു വളരെ സുഖമായി ജീവിക്കാം." ഇതുകേട്ട നെയ്ത്തുകാരൻ വീട്ടിലെത്തി. സ്വന്തം ഭാര്യയോടു് അഭിപ്രായം ചോദിച്ചു. ഭാര്യ തന്റെ ഭർത്താവിനെ കാര്യമായി ഉപദേശിച്ചു. രാജാവാകുന്നതും ഒരു ക്ഷുരകൻ പറയുന്നതു് അനുസരിക്കുന്നതും രാജാവായാൽ വളരെ ബുദ്ധിമുട്ടുണ്ടാകുമെന്നും അവർ പറഞ്ഞു. ദിവസവും ഓരോ മുണ്ടു നെയ്യുന്നതിനുള്ള കഴിവുണ്ടാക്കുവാൻ ആദ്യം ആവശ്യപ്പെടുക. അതുകൊണ്ടു് നമുക്ക് പഴയപോലെ ജീവിക്കാം. അതുകൂടാതെ പുറകിൽ രണ്ടു കൈകളും ഒരു തലയും കൂടുതൽ ആവശ്യപ്പെടുക. അപ്പോൾ അതുകൊണ്ടു് ഓരോ മുണ്ടു് കൂടുതൽ നെയ്യാം. ആ വരവുകൊണ്ടു് കൂടുതൽ ആർഭാടമായി ജീവിക്കയും ചെയ്യാം."

ഭാര്യയുടെ ഉപദേശമനുസരിച്ചു് നെയ്ത്തുകാരൻ വനത്തിൽ ഓടിയെത്തി തനിക്കു് കൂടുതലായി രണ്ടു കൈകളും ഒരു തലയും നൽകണമെന്നും അങ്ങനെ രണ്ടുകൊണ്ടു് ഒരേ സമയം നെയ്യാനുള്ള കഴിവുണ്ടാക്കിത്തരണമെന്നും അപേക്ഷിച്ചു. വനദേവത അനുഗ്രഹിച്ചു. നെയ്ത്തുകാരൻ പെട്ടെന്നു് രണ്ടു തലയും നാലു കൈകളുമുള്ള ആളായ്ത്തീർന്നു. അയാൾ അത്യന്തം സന്തോഷിച്ചു് നാട്ടിലേക്കു തിരിച്ചു. വഴിയിൽ കണ്ട ആളുകൾ ഭയപ്പെട്ടു് മാറാൻതുടങ്ങി. അവർ കൂട്ടംകൂടി. അസാധാരണമായ നെയ്ത്തുകാരന്റെ വേഷംകണ്ടു് അവർ പേടിച്ചുവിറച്ചു. അതൊരു ഭൂതമാണെന്നും നാട്ടു നശിപ്പിക്കുന്ന ദുർദ്ദേവതയാണെന്നും അവർ വിശ്വസിച്ചു. എല്ലാവരും



കൂടി കുട്ടയും വടിയും കത്തിയുമായി നെയ്ത്തുകാരനെ വളഞ്ഞു. അയാളെത്ര പറഞ്ഞിട്ടും അവർ വകവച്ചില്ല. ജനങ്ങൾ ആ ഇരട്ടത്തലയനെ അവിടെയിട്ടു മർദ്ദിച്ചു. അയാൾ ചോരചർദ്ദിച്ചു മരിച്ചു. വിടെങ്ങാനയാൾക്കു കഴിഞ്ഞില്ല.

സ്വന്തമായി കഴിവില്ലായ്മയാണു് അയാളെ ഉപദേശങ്ങൾ സ്വീകരിക്കാൻ പ്രേരിപ്പിച്ചതു്. ആ ഉപദേശങ്ങൾ അയാളുടെ ജീവഹാനിക്കു കാരണമാകുകയും ചെയ്തു.

കുഞ്ഞുങ്ങൾ നെയ്ത്തുകാരന്റെ കഥ ഓർമ്മിക്കുക. സ്വാശ്രയശീലം ഇപ്പോഴേ നിങ്ങളിൽ വളർത്തുക. ഭാവിയിൽ വിജയം കൈവരട്ടെ!

നിങ്ങളുടെ
സ്വന്തം കുഞ്ഞമ്മാവൻ

——

## എം. സി. എസ്സ്. എൽ. ഉപന്യാസമത്സരം

(ആൻഡ്രൂസ് കോട്ടിരി ബി. എ.,
ജനറൽ സെക്രട്ടറി,
സെൻറ് തോമസ് കോളെജ്, പാലാ)

എം. സി. എസ്സ്. എൽ. ന്റെ ആഭിമുഖ്യത്തിൽ ആണ്ടുതോറും നടത്തിവരാറുള്ള ഉപന്യാസമത്സരം ഇക്കൊല്ലവും നടത്തുന്നതിനു നിശ്ചയിച്ചിരിക്കുന്നു. ബി. എ., ബി. എസ്സ്സി. വിഭാഗത്തിനു് ഇംഗ്ലീഷിലും, ഇൻറർമീഡിയറ്റുവിഭാഗത്തിനും ഹൈസ്കൂൾ വിഭാഗത്തിനും മലയാളത്തിലുമാണു് ഉപന്യാസങ്ങൾ എഴുതേണ്ടതു്.

ഓരോ വിഭാഗത്തിനും 3 വിഷയങ്ങൾവീതം താഴെ കൊടുത്തിരിക്കുന്നു. 1953 ഫെബ്രുവരി 7-ാം‌ശനിയാഴ്ച 10 മണിക്ക് ഉപന്യാസമത്സരം ഓരോ സെൻററിലുംവച്ചു നടത്തുന്നതാണ്. ഇപ്പോൾ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന 3 വിഷയങ്ങളിൽനിന്നു് അപ്പോൾ നിർദ്ദേശിക്കുന്ന ഒരു വിഷയത്തെ സംബന്ധിച്ചു ഫുൾസ്കാപ്പ് 10 പേജിൽ കുറയാതെയും 15 പേജിൽ കവിയാതെയും ഉപന്യാസം എഴുതേണ്ടതാണ്. സമയം 3 മണിക്കൂറായിരിക്കും.

ഓരോ സ്കൂളിൽനിന്നും ഏറ്റം നല്ല രണ്ടു ഉപന്യാസങ്ങൾവീതം ഫെബ്രുവരി 15-ാം‌തീയതിക്കകം ജനറൽ സെക്രട്ടറിക്കു കിട്ടത്തക്കവിധത്തിൽ അയക്കേണ്ടതാണ്. ഓരോ വിഭാഗത്തിനും രണ്ടു സമ്മാനങ്ങൾവീതം ഉണ്ടായിരിക്കുന്നതാണ്.

ലീഗ് അംഗങ്ങൾക്കു മാത്രമേ മത്സരത്തിൽ പ്രവേശനം ഉണ്ടായിരിക്കയുള്ളു.

ഉപന്യാസവിഷയങ്ങൾ

ബി. എ., ബി. എസ്സ്സി.

1) University Students and Catholic Action.
2) A Catholic University for India.
3) Is Communism a solution for the social problem?

ഇൻറർമീഡിയററ്

1) കത്തോലിക്കാ പ്രവർത്തനത്തിൽ സാഹിത്യത്തിനുള്ള സ്ഥാനം.
2) എം. സി. എസ്സ്. എൽ. പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനുള്ള മാർഗ്ഗങ്ങൾ.
3) കത്തോലിക്കാവിദ്യാർത്ഥികളും സാമൂഹ്യപ്രവർത്തനവും.

ഹൈസ്കൂൾ

1) കേരളകത്തോലിക്കരും ഭാരതത്തിലെ വേദപ്രചാരവും.
2) കത്തോലിക്കാവിദ്യാലയങ്ങളിൽ വേദപാഠം കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ.
3) ഇടവകകളിൽ വിദ്യാർത്ഥികൾക്കു സാധിക്കാവുന്ന സേവനം.

# മദ്രാസ്-മൈലാപ്പൂരിലെ ജൂബിലിയാഘോഷം

വി. തോമ്മാശ്ലീഹായുടെ ശവകുടീരം സ്ഥിതിചെയ്യുന്ന മൈലാപ്പൂരിൽ (മദ്രാസ്) ജനുവരി 5മുതൽ 13വരെ തീയതികളിൽ, തോമ്മാശ്ലീഹാ ഭാരതത്തിൽ ആഗമനത്തിന്റെ 19-ാം ശതാബ്ദപൂർത്തിയും വി. സേവ്യറുടെ ചരമത്തിന്റെ 4-ാം ശതാബ്ദപൂർത്തിയും അത്യാഡംബരപൂർവ്വം കൊണ്ടാടിയിരിക്കുന്നു. എല്ലാ ദിവസവും കാലത്തു പൊന്തിഫിക്കൽ കുർബാന ഉണ്ടായിരുന്നു. ചില ദിവസങ്ങളിൽ സാന്തോം കത്തീഡ്രലിലും മറ്റു ദിവസങ്ങളിൽ വേറെ ദേവാലയങ്ങളിലുമാണ് അതു നടന്നത്. ലത്തീൻ, കൽദായ സുറിയാനി, മലങ്കര സുറിയാനി എന്ന മൂന്നു റീത്തുകളിലും പൊന്തിഫിക്കൽ കുർബാന അർപ്പിക്കപ്പെട്ടു.

ജനുവരി 5-ാംനു സായാഹ്നത്തിൽ മദ്രാസ്—മൈലാപ്പൂർ അതിരൂപതയിലെ നിരവധി വൈദികരും അത്മേനികളും, മൈലാപ്പൂരിലെ സെന്റ് ബീഡ്സ് ഹൈസ്കൂളിൽ സന്നിഹിതരായി, ജൂബിലിയാഘോഷങ്ങളിൽ സംബന്ധിക്കുന്നതിനായി എത്തിയിരുന്ന വൈദികമേലദ്ധ്യക്ഷന്മാർക്ക് ഒരു സ്വീകരണം നൽകി. മദ്രാസ്-മൈലാപ്പൂർ മെത്രാപ്പോലീത്താ ഡോക്ടർ മത്തിയാസിനെ കൂടാതെ, മദ്രാസ്-മൈലാപ്പൂർ സഹായമെത്രാൻ മോൺ. എഫ്. ഡ്യു കർവാലോ, തൃശ്ശൂർ മെത്രാൻ ഡോക്ടർ ആലപ്പാട്ട്, ഡൽഹി-സിംല മെത്രാപ്പോലീത്താ ഡോക്ടർ ഫർണാണ്ടസ്, മധുര മെത്രാൻ ഡോക്ടർ ലെനാർഡ്, മംഗലാപുരം സഹായമെത്രാൻ ഡോക്ടർ ബേസിൽ പീരിസ് എന്നീ തിരുമേനിമാർ പ്ലാറ്റ്ഫാറത്തിൽ ഉപവിഷ്ടരായിരുന്നു. ശതാബ്ദാഘോഷക്കമ്മിറ്റിയുടെ സെക്രട്ടറി മി. ആർ. ഇ. ഡേവി തിരുമേനിമാർക്ക് ഒരു മംഗളപത്രം വായിച്ചു സമർപ്പിച്ചു. തോമ്മാശ്ലീഹാ തന്റെ അന്ത്യദിനങ്ങൾ ചെലവഴിക്കുകയും രക്തസാക്ഷിമകുടം ചൂടുകയും ഇൻഡ്യയുടെ ദ്വിതീയപ്പ്രേഷിതനായ വി. സേവ്യർ പ്രാർത്ഥനയിലും തപസ്സിലും നാലുമാസം ചെലവഴിക്കുകയും ചെയ്ത പുണ്യഭൂമിയിലേക്കാണ് അവർ സ്വാഗതം ചെയ്യപ്പെടുന്നതെന്നു മംഗളപത്രത്തിൽ പ്രത്യേകം അനുസ്മരിച്ചിരുന്നു. ഉടനെ സെന്റ് ബീഡ്സ് പ്രിൻസിപ്പൽ ഫാദർ എഫ്. ജി. ഹീൻഡേഡോയുടെ അപേക്ഷപ്രകാരം ഡോക്ടർ മത്തിയാസ് തിരുമേനി, ജൂബിലിസംബന്ധമായ പ്രദർശനം ഉദ്ഘാടനംചെയ്തു. പ്രദർശനം മൂന്നു ഭാഗങ്ങളായിട്ടാണ് തിരിച്ചിരുന്നതു: പോർത്തുഗീസ് കാലത്തിനു മുമ്പ്, പോർത്തുഗീസ് കാലം, ആധുനികകാലം. ശിലാലിഖിതങ്ങൾ, പ്രതിമകൾ, അപ്പസ്തോലന്റെ കത്തുകളുടെ ഫോട്ടോഗ്രാഫുകൾ ആദിയായവ പ്രദർശനവസ്തുക്കളിൽ പെടുന്നു. ഡോക്ടർ മത്തിയാസ് തിരുമേനിയുടെ ഉപസംഹാരപ്രസംഗത്തോടുകൂടി ഇന്നത്തെ ചടങ്ങുകൾ അവസാനിച്ചു.

ജനുവരി 6-ാംനു കാലത്തു തൃശ്ശൂർ മെത്രാൻ ഡോക്ടർ ആലപ്പാട്ട് തിരുമേനി സാന്തോം കത്തീഡ്രലിൽ പൊന്തിഫിക്കൽ കുർബാന അർപ്പിക്കുകയും പ്രസംഗം നടത്തുകയും ചെയ്തു. ഇന്നത്തെ പൊതുയോഗം മദ്രാസിലെ ഇതരദേശ വൈദികരുടെ ആഭിമുഖ്യത്തിലായിരുന്നു. സായാഹ്നത്തിൽ, മലയാളം കോളജിലെ വൈദികരും റോമൻ കത്തോലിക്കാ വിശ്വാസികളും സാന്തോമിലെ മദ്രാസ്-ഡേവിസ്- ചർച്ചിൽ സമ്മേളിച്ചശേഷം സാന്തോം കത്തീഡ്രലിലേക്ക് ഒരു പ്രദക്ഷിണം നടത്തി. മധുരമെത്രാൻ പ്രസംഗിച്ചു. ഇന്നു രാത്രി 10 മണി മുതൽ കാലത്തു 6 മണിവരെ തോമ്മാശ്ലീഹായുടെ ശവകുടീരത്തിനു സമീപം പ്രാർത്ഥനകൾ നടന്നു. ഇംഗ്ലീഷ്, തമിഴ്, തെലുങ്ക്, മലയാളം എന്നീ ഭാഷകളിൽ പ്രസംഗങ്ങളുമുണ്ടായിരുന്നു.

ജനുവരി 7-ാംനു-യിലെ ആഘോഷങ്ങളിൽ പ്രധാനഭാഗം വഹിച്ചതു് ഫ്രാൻസിസ്കൻ സമാജക്കാരാണ്. 16-ാം നൂറ്റാണ്ടിൽ അവരുടെ ആശ്രമങ്ങൾ മൈലാപ്പൂരിൽ ഉണ്ടായിരുന്നതിനാൽ അവർക്ക് ഈ സ്ഥലവുമായി പ്രത്യേകബന്ധമുണ്ട്. പൊതുയോഗം, പ്രദക്ഷിണം, പ്രസംഗങ്ങൾ എന്നിവയ്ക്കു ശേഷം കുംഭകോണം മെത്രാൻ പരി. കുർബാനയുടെ ആശീർവ്വാദം നൽകി. ഇന്നു തോമ്മാശ്ലീഹായെപ്പറ്റിയുള്ള ഒരു തമിഴ് നാടകം അഭിനയിക്കപ്പെട്ടു.

ജനുവരി 8-ാംനു സലേഷ്യൻ സന്യാസസമാജക്കാർ [illegible] നേർക്കുള്ള തങ്ങളുടെ ബഹുമാനാദരങ്ങൾ പ്രകടിപ്പിച്ചു. ഡോക്ടർ മത്തിയാസ് തിരുമേനി പ്രസ്തുത സന്യാസസമാജത്തിൽപ്പെട്ട ആളാണ്. ഇന്നു രാത്രി ഇംഗ്ലീഷിൽ വി. ഫ്രാൻസിസ് സേവ്യറിന്റെ ജീവിതം അധികരിച്ചുള്ള "The Saint in a hurry" എന്ന ഇംഗ്ലീഷ്നാടകം അഭിനയിക്കപ്പെട്ടു.

ജനുവരി 9-ാംനു മൈലാപ്പൂരിലെ സെന്റ് തോമസ് കോൺവെന്റ് ഗ്രൗണ്ട്സിൽ കുട്ടികളുടെ റാലി നടത്തി. ഉദ്ദേശം 1500 പേർ അതിൽ പങ്കുവഹിച്ചു. അനന്തരം സെന്റ് റാഫേൽസ് ഇംഗ്ലീഷ് സ്കൂളിൽവച്ചു നടത്തിയ യോഗത്തിൽ, കുട്ടികളെ ഉദ്ദേശിച്ച് ട്രിച്ചിനാപ്പള്ളിമെത്രാൻ ഇംഗ്ലീഷിലും പോണ്ടിച്ചേരി സഹായമെത്രാൻ തമിഴിലും പ്രസംഗിച്ചു. ഇന്നു കാലത്തു സാന്തോം കത്തീഡ്രലിൽ ബെസ്‌വാഡ മെത്രാൻ ഏതാനും ശെമ്മാശന്മാർക്കു വിവിധ പട്ടങ്ങൾ നൽകുകയുണ്ടായി. തോമ്മാശ്ലീഹായുടെ സ്വരൂപവും വഹിച്ചുകൊണ്ടുള്ള ആഘോഷപൂർവ്വമായ ഒരു പ്രദക്ഷിണം ഇന്നു വൈകുന്നേരം നടത്തി. സേലം മെത്രാൻ ദിവ്യകാരുണ്യാശീർവ്വാദം നൽകി. തോമ്മാശ്ലീഹായുടെ ജീവചരിത്രം അധികരിച്ചുള്ള ഒരു പ്രഹസനം സെന്റ് തോമസ് കോൺവെന്റിലെ ബാലികമാർ അഭിനയിച്ച കാര്യവും പ്രസ്താവ്യമാണ്.

ജനുവരി 10-ാംനു ഡോക്ടർ മത്തിയാസ് തിരുമേനി സേന്റ് തോമസ് മേജർ സെമിനാരി (തെയ്‌നാംപേട്ട്) മൈതാനത്തിൽവച്ച് ഒരു ഉദ്യാനവിരുന്നു നടത്തുകയുണ്ടായി. ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും വിവിധജാതിമതസ്ഥരുമടങ്ങിയ ഒരു വലിയ സംഘം പ്രശസ്തവ്യക്തികൾ അതിൽ പങ്കുവഹിച്ചു. തൂത്തുക്കുടി മെത്രാൻ ഡോക്ടർ റോച്ചു തിരുമേനി ഭാഷാപ്രസംഗം നടത്തി.


ജനുവരി 11-ാംനു കാലത്തു സാന്തോം കത്തീഡ്രൽ അങ്കണത്തിൽ സജ്ജമാക്കിയിരുന്ന 23 അൾത്താരകളിലായി രണ്ടു റീത്തുകളേയും അനുസരിച്ചുകൊണ്ട് ഒരേസമയത്തു 23 (19 + 4) കുർബാനകൾ അർപ്പിക്കപ്പെട്ടു! വൈകുന്നേരം, തോമ്മാശ്ലീഹാ രക്തസാക്ഷിത്വം വരിച്ച സെന്റ് തോമസ് മൗണ്ടിൽനിന്നും അപ്പസ്തോലന്റെ ശവകുടീരം സ്ഥിതിചെയ്യുന്ന സാന്തോം കത്തീഡ്രലിലേക്ക് തീർത്ഥയാത്രാരൂപത്തിലുള്ള ഒരു പ്രദക്ഷിണം നടത്തുകയുണ്ടായി. ഉദ്ദേശം 1900 വർഷങ്ങൾക്കുമുമ്പ് തോമ്മാശ്ലീഹായുടെ മൃതദേഹവും വഹിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ശിഷ്യന്മാർ ആ വഴിയിൽക്കൂടിയായിരിക്കണം യാത്രചെയ്തതു്. മാർഗ്ഗമദ്ധ്യേ തീർത്ഥയാത്രാസംഘം തോമ്മാശ്ലീഹായോടു ബന്ധപ്പെട്ട മൂന്നു പള്ളികൾ സന്ദർശിക്കുകയുണ്ടായി.

ജനുവരി 12-ാംനു മദ്രാസ് ലയോള കോളജിൽ വച്ചു ഡൽഹി-സിംല മെത്രാപ്പോലീത്താ ഡോക്ടർ ജോസഫ് ഫർണാണ്ടസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നാനാജാതിമതസ്ഥരേയും ഉദ്ദേശിച്ചുള്ള ഒരു പൊതുയോഗം നടത്തപ്പെട്ടു.

ജനുവരി 13-ാംനു സാന്തോം കത്തീഡ്രലിൽ നടത്തിയ ദിവ്യകാരുണ്യാശീർവ്വാദത്തോടുകൂടി, 10 ദിവസത്തേക്കു നീണ്ടുനിന്ന ജൂബിലിയാഘോഷ വിജയകരമായി പര്യവസാനിച്ചു. അതിനു മുമ്പായി, ഡൽഹി-സിംല മെത്രാപ്പോലീത്താ തിരുമേനി ചെയ്ത പ്രസംഗത്തിൽ ജൂബിലി അവസാനിക്കുന്നെങ്കിലും അതിന്റെ ചൈതന്യം നിലനിൽക്കണമെന്ന് ഉദ്ബോധിപ്പിച്ചു. മദ്രാസ്-മൈലാപ്പൂർ മെത്രാപ്പോലീത്താ നടത്തിയ കൃതജ്ഞതാപ്രകാശനത്തിൽ സെന്റ് തോമസ് മൗണ്ടിലേക്ക് ഒരു നല്ല റോഡു വെട്ടിക്കുകയും അവിടെ മാടകങ്ങളുള്ള ഒരു "ഗസ്റ്റ്ഹൗസ്" സ്ഥാപിക്കുകയും ചെയ്യുവാനുമുള്ള അദ്ദേഹത്തിന്റെ ഉദ്ദേശ്യം വെളിപ്പെടുത്തി. തിരുമേനി ഇതു: "കത്തോലിക്കാ ടൈംസി"ൽ ഐക്യം ഉളവാക്കേണ്ടതിനെപ്പറ്റി ഞാൻ ആലോചിക്കുകയാണ്. ഐക്യമുള്ള കത്തോലിക്കാ യാതൊരു ശക്തിക്കും നമ്മെ കീഴ്പ്പെടുത്തുവാൻ സാധിക്കയില്ല. ഇതിനായി, അത്മേനികൾ സംഘടിക്കണം. അമേരിക്കയിൽ നൈറ്റ്സ് ഓഫ് കൊളംബസ് എന്ന ഒരു സംഘമുണ്ട്. ഇംഗ്ലണ്ടിലും വിശിഷ്യ അയർലൻഡിലും സ്കോട്ട്ലൻഡിലും നൈറ്റ്സ് ഓഫ് സെന്റ് കൊളംബ എന്ന സംഘടന ഉണ്ട്. ഇൻഡ്യയിൽ നമുക്ക് നൈറ്റ്സ് ഓഫ് സെന്റ് തോമസ് ഉണ്ടാകട്ടെ. പിതാവും മക്കളും എന്ന നിലയിൽ നമുക്ക് യോജിക്കാം. ക്രിസ്തുവിന്റെ രാജ്യം വിജയശ്രീലാളിതമാക്കാൻവേണ്ടി നമുക്കു യോജിക്കാം." ഉടനെ പരിശുദ്ധ കുർബാനയുടെ വാഴ്വും "തെദേവും" എന്ന സ്തോത്രഗീതവും നടന്നു.

———

അൽഫോൻസമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.




Excuse me for delay.
Mrs. T. O. Stephen, Tharayil House, Malayattoor

## നിര്യാതനായി

ബ. പണിക്കശ്ശേരി യോഹന്നാനച്ചൻ

കുറച്ചുനാളായി ശയ്യാവലംബിയായിരുന്ന ബ. പണിക്കശ്ശേരി യോഹന്നാൻ അച്ചൻ അവർകൾ ജനു. 13-ാംനു വെളുപ്പിനു എറണാകുളം ജനറലാശുപത്രിയിൽവെച്ചു നിര്യാതനായിരിക്കുന്നു. മൃതശരീരം പിറ്റേദിവസം അദ്ദേഹത്തിന്റെ ഇടവകയായ പാണാവള്ളിയിൽ എറണാകുളം വികാരി ജനറാൾ റൈറ്റ് റവ. മോൺ. മാത്യു പോത്തനാമുഴി അവർകളുടെ പ്രധാനകാർമ്മികത്വത്തിലും അനേകം വൈദികരുടെ സഹകരണത്തിലും ഒരു വലിയ ജനസമൂഹത്തിന്റെ സാന്നിദ്ധ്യത്തിലും സംസ്കരിക്കപ്പെട്ടു. തോട്ടകം കൊവേന്തയുടെ സുപ്പീരിയർ ആയ വെരി റവ. ഫാദർ മണ്ണാറയാണ് ചരമപ്രസംഗം നടത്തിയതു്.

R I P

## Holy-Childhood Day

## തിരുബാലസംഘ ദിനാഘോഷം

(ജനുവരി 25)

തിരുബാലസംഘദിനാഘോഷത്തിലേക്ക് പ്രത്യേകം ഉണ്ടാക്കിയിട്ടുള്ള ഭംഗിയുള്ള ചുമർപ്പടങ്ങൾ, സ്റ്റാമ്പുകൾ, കൊടികൾ, അലങ്കാരങ്ങളുള്ള കാർഡുകൾ, എന്നിവ നിങ്ങളുടെ രൂപതാ ഡയറക്ടറോടു ഓർഡറായി ആവശ്യപ്പെട്ടാൽ ലഭിക്കുന്നതാണ്. നിങ്ങൾക്ക് ആവശ്യമുള്ള എണ്ണം എത്രയെന്ന് അറിയിക്കുക.

ശരിയായി പ്രവർത്തനം നടത്തിക്കൊണ്ടുവരുന്ന ഒരു തിരുബാലസംഘകേന്ദ്രത്തിൽനിന്നും നൽകിയിട്ടുള്ള ചില നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

പ്രസ്തുത ദിനാഘോഷത്തിലേക്ക് എല്ലാവരെയും, പ്രത്യേകിച്ചു കുട്ടികളേയും, പിഞ്ചുപൈതങ്ങളുള്ള അമ്മമാരേയും, സംഘത്തിലെ പ്രൊമോട്ടർമാരെയും, അംഗങ്ങളേയും, ഗുണകാംക്ഷികളേയും ക്ഷണിക്കണം.

ഈ ആഘോഷം നടത്തപ്പെടേണ്ട വിധം:—

a) പ്രാർത്ഥന, ത്യാഗം എന്നിവകൾ കൊണ്ടു ഒരാഴ്ചത്തെ മുൻകൂട്ടിയുള്ള ഒരുക്കം

ലോകത്തിലെ കുട്ടികൾക്കുവേണ്ടി എല്ലാവിധമുള്ള പ്രാർത്ഥനകൾ സമർപ്പിക്കുവാൻ കുട്ടികളോട് ആവശ്യപ്പെടുക; ദിവ്യ ഉണ്ണിയീശോയോടു നൊവേന കഴിക്കുവാൻ പറയുക; ഈ നിയോഗത്തിനായി സ്വന്തം ത്യാഗപ്രവൃത്തികൾ കുറിച്ചു വെക്കുക. ഉദാ:—മിണ്ടടക്കം, കീഴ്‌വഴക്കപ്രവൃത്തികൾ, ആശയടക്കങ്ങൾ മുതലായവ.

———

അൽഫോൻസമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് കൃതജ്ഞത.

Mrs. Rosy Varghese, Kittoor

———

തദ്ദിനം ഒരു നല്ല കലാപരിപാടി കഴിക്കുക; കഴിയുമെങ്കിൽ തിരുബാലസംഘപരമായ ഒരു പ്രദർശനം (Exhibition) നടത്തുക; സ്ഥലത്തുള്ള ഒരു അനാഥശാല സന്ദർശിക്കുക.

b) പ്രസ്തുത സുദിനത്തിൽതന്നെ ചെയ്യേണ്ടവ:—

കുട്ടികളുടെ പാട്ടുകളും പ്രാർത്ഥനകളും യോജിപ്പിച്ചു അവർക്കുവേണ്ടി ദിവ്യബലി സമർപ്പിക്കുക; പൊതുകുർബാനസ്വീകരണം നടത്തുക; തിരുബാലസംഘത്തെ സംബന്ധിച്ച് ഒരു പ്രസംഗം അവരോടു പറയുക; പ്രത്യേക ഒരു പിരിവ് ഈ സന്ദർഭത്തിൽ എടുക്കുക; കുർബാനയ്ക്കുശേഷം, കുട്ടികളെ ക്രമപ്രകാരം ആശീർവദിക്കുക.

(Ref. Director's Manual)

c) ആഘോഷം അവസാനിപ്പിക്കേണ്ട വിധം:—

1. കുട്ടികൾതന്നെ ദിവ്യഉണ്ണിയുടെ സ്വരൂപം വഹിച്ചുകൊണ്ടു ഒരു പ്രദക്ഷിണം നടത്തുക; സ്വരൂപത്തിന്റെ അടുത്തു ലോകത്തിലുള്ള കുട്ടികളെ ചിത്രീകരിച്ചിട്ടുള്ള വിശേഷപടങ്ങളും, കൊടികളും പിടിക്കുക.
2. പരിശുദ്ധ കുർബാന ആശീർവ്വാദത്തിനുമുമ്പ് മിഷനുവേണ്ടി, ചോദ്യോത്തരരീതിയിലുള്ള കുട്ടികളുടെ പ്രാർത്ഥനകൾ സമർപ്പിക്കപ്പെടുക.
3. മിഷനുവേണ്ടി [illegible] നടത്തുക.
4. തിരുബാലസംഘത്തിലെ ഒരു പ്രധാന പ്രൊമോട്ടർ, പ്രസ്തുത സംഘത്തെപ്പറ്റി ഒരു ചെറുപ്രസംഗം പറയുക:—ഉണ്ണീശോയെക്കുറിച്ചു ഒരു പാട്ടുപാടി ചടങ്ങുകൾ അവസാനിപ്പിക്കുക:—

പ്രാർത്ഥനയുടെ ഐക്യത്തിൽ
മിശിഹായിൽ, വിധേയൻ,

G. V. I. SAMA, S. J.
National Director of the Holy Childhood,
P. B. 69, Madurai, S. India.




## അവരുടെ ജനാധിപത്യം

(ആർ. എബ്രഹാം ജോസഫ്. സി എസ് ലീഗ്, തൊടുപുഴ. പേജ് 32. വില 3 അണ)

"പുരോഗമനം", "സമാധാനം", "ശുദ്ധീകരണം" തുടങ്ങിയ പല പദങ്ങളും ഇന്ന് കമ്മ്യൂണിസ്റ്റുകാർ അവരുടെ സ്വന്തമായ ഓരോ അർത്ഥങ്ങളിലാണല്ലോ പ്രയോഗിച്ചുവരുന്നത്. അക്കൂട്ടത്തിൽ പെടുന്ന ഒന്നാണ് "ജനാധിപത്യ"വും. അവരുടെ ജനാധിപത്യം എത്ര തരത്തിലുള്ളതാണെന്ന് ഈ ഗ്രന്ഥം തെളിയിച്ചു കാണിക്കുന്നുണ്ട്. സാക്ഷാൽ ജനാധിപത്യാദർശങ്ങൾക്കു കടകവിരുദ്ധമായ ഏക കക്ഷി ഭരണവും സ്വേച്ഛാധിപത്യവുമാണ് റഷ്യയിലും മററു കമ്മ്യൂണിസ്റ്റു രാജ്യങ്ങളിലും നിലവിലിരിക്കുന്ന വ്യവസ്ഥിതിയെന്ന് ഗ്രന്ഥകർത്താവ് യുക്തിപൂർവ്വം സമർത്ഥിച്ചിരിക്കുന്നു. ഡെമോക്രസിയുടെ സ്വഭാവം രാജ്യമീമാംസയുടെ മർമ്മം ഗ്രഹിച്ചിട്ടുള്ള ഒരു പണ്ഡിതനെന്നപോലെ അദ്ദേഹം അപഗ്രഥനം ചെയ്യുകയും ചെയ്യുന്നു. പതിരില്ലാത്ത പുരോഗമനസാഹിത്യം കൈകാര്യം ചെയ്യുന്നതിൽ ഗ്രന്ഥകാരന്റെ പാടവം ഇടനീളം തെളിഞ്ഞുകാണാവുന്നതാണ്. കമ്മ്യൂണിസം "ജനാധിപത്യമുന്നണി"യുടെ കഞ്ചുകമണിഞ്ഞ് വേട്ടപിടിക്കാൻ ശ്രമം നടത്തുന്ന ഇക്കാലത്ത്, ഈ ഗ്രന്ഥം സ്വാതന്ത്ര്യസ്നേഹികൾ സർവ്വത്ര പ്രചരിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്.

## ജനാധിപത്യമുന്നണിയുടെ ഉള്ളുകള്ളികൾ

(ജി. ഭരതീയൻ. എ സി എഫ് ബുക്ക് സ്റ്റാൾ, കോട്ടപ്പ്, തൃശ്ശൂർ. പേജ് 18).

മുനിസിപ്പൽ തിരഞ്ഞെടുപ്പു പ്രമാണിച്ച് അടുത്തകാലത്തു രൂപംപ്രാപിച്ചിരിക്കുന്ന "ജനാധിപത്യമുന്നണി"യുടെ ഉള്ളുകള്ളികൾ തുറന്നുകാണിക്കുന്ന ഒരു ഗ്രന്ഥമാണിത്. കമ്മ്യൂണിസ്റ്റുകാരുടെ അക്രമപരിപാടികളെപ്പററി സോദാഹരണം ഇതിൽ പ്രതിപാദിച്ചിരിക്കുന്നു. 16-ാം പേജിൽ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾ ജനാധിപത്യമുന്നണിക്കാരെ ഉത്തരംമുട്ടിക്കുന്നവതന്നെയാണ്. മുൻപറഞ്ഞ ഗ്രന്ഥംപോലെതന്നെ ഇതും അവസരോചിതവും പ്രയോജനപ്രദവുമായിരിക്കുന്നു.

## കമ്മ്യൂണിസം തൊഴിലാളിയെ സമുദ്ധരിക്കുമോ?

(എഫ് അന്തിക്കാട്. എ സി എഫ് ബുക്ക് സ്റ്റാൾ, കോട്ടപ്പ്, തൃശ്ശൂർ. പേജ് 18. വില 2 അണ.)

കമ്മ്യൂണിസം തങ്ങൾക്കു ക്ഷേമമാർഗ്ഗം ഇന്നുതരുമെന്ന മിഥ്യാബോധത്തിനധീനരായ തൊഴിലാളികളുടെ കണ്ണു തുറപ്പിക്കാൻ പര്യാപ്തമായ ഈ ഗ്രന്ഥത്തിനു പ്രചുരപ്രചാരം ആശംസിക്കുന്നു.

## കുടുംബത്തിന്റെ നേരെ

(ശ്രീ നരിക്കുഴി. എസ് എച്ച് ലീഗ്, യു സി കോളേജ്, P O ആലുവാ. പേജ് 39. വില 6 അണ.)

കമ്മ്യൂണിസം തത്വത്തിലും പ്രയോഗത്തിലും കുടുംബജീവിതത്തിന്റെ കണ്ഠകോടാലിയാണെന്ന്, നിരവധി പ്രമാണരേഖകളും അനേകം സാക്ഷ്യങ്ങളുമുദ്ധരിച്ച് ഇതിൽ സമർത്ഥിച്ചിരിക്കുന്നു. ഗ്രന്ഥത്തിന്റെ കെട്ടും മട്ടും നന്നായിരിക്കുന്നുവെങ്കിലും "അച്ഛനമ്മമാർ" എന്നതിനുപകരം "അച്ചനമ്മമാർ" (പേജ് 16) എന്നും മററും അച്ചടിക്കാതിരിപ്പാൻ അടുത്ത പതിപ്പിൽ പ്രത്യേകശ്രദ്ധ പതിക്കേണ്ടതാണ്.

## വിപ്ലവവാഴ്ച

(ജെ നെടുങ്കല്ലേൽ. എസ് എച്ച് ലീഗ്, യു സി കോളേജ്, P O ആലുവാ. പേജ് 41. വില 3 അണ.)

"സർവ്വോദയപ്രസ്ഥാന"ത്തിന്റെ ആഭിമുഖ്യത്തിൽ പ്രത്യക്ഷപ്പെട്ട ലഘുലേഖകൾ ഇപ്പോൾ "വിപ്ലവവാഴ്ച" എന്ന ഗ്രന്ഥരൂപം പ്രാപിച്ചിരിക്കയാണ്. പല ഗ്രന്ഥങ്ങളിൽനിന്നും പത്രമാസികകളിൽനിന്നുമുള്ള ഉദ്ധരണങ്ങളുടെ വെളിച്ചത്തിൽ കമ്മ്യൂണിസത്തിന്റെ തനിനിറം ഗ്രന്ഥകാരൻ അനുവാചകരെ കാണിച്ചുകൊടുക്കുന്നു.

കമ്മ്യൂണിസ്റ്റ് പ്രതിപാദകങ്ങളായ ഇത്തരം നല്ലനല്ല ലഘുഗ്രന്ഥങ്ങൾ അച്ചടിച്ച് ഇവിടങ്ങളിലെല്ലാം ഇടതടവില്ലാതെ പുറത്തുവന്നുകൊണ്ടിരിക്കുന്നു. എന്നാൽ അവ കേരളമൊട്ടുക്ക പ്രചരിപ്പിച്ചെങ്കിൽമാത്രമേ പ്രയോജനമുള്ളു. അതിനു എല്ലാവരും ഉണർന്നു പരിശ്രമിക്കേണ്ടതാണ്.

കുളൻ, നെല്ലായി

ഈ വിലാസത്തിൽ രോഗവിവരങ്ങൾ വിശദമായി എഴുതി അയക്കുന്നവർക്ക് ആവശ്യമായ ഉപദേശങ്ങൾ ഉടനെ ലഭിക്കുന്നതാണ്.

(2-ാം പേജ് തുടർച്ച)

ഹ. 4, 35). "വലഞ്ഞും, ഇടയനില്ലാത്ത ആടുകളെപ്പോലെ ചിതറിയവരായുമിരിക്കുന്ന ജനക്കൂട്ടങ്ങളെ കണ്ടപ്പോൾ ഈശോയ്ക്ക് അവരുടെ പേരിൽ മനസ്സലിവുതോന്നി. ആകയാൽ തന്റെ ശിഷ്യന്മാരോട് അവൻ അരുളിച്ചെയ്തു: കൊയ്ത്തു വലുതു, വേലക്കാരോ ചുരുക്കം. അതുകൊണ്ടു തന്റെ കൊയ്ത്തിനു വേലക്കാരെ അയക്കുവാൻ കൊയ്ത്തിന്റെ ഉടമസ്ഥനോടു നിങ്ങൾ പ്രാർത്ഥിക്കുവിൻ" (മത്താ. 9, 36—38)

വി. പത്രോസിന്റെ യഥാർത്ഥ പിൻഗാമിയും തിരുസഭാദ്ധ്യക്ഷനുമായ റോമാ മാർപ്പാപ്പാ എന്ന ഇടയനിൽനിന്നും, കത്തോലിക്കാസഭയെന്ന തൊഴുത്തിൽനിന്നും അകന്നു വിഭിന്നസഭകളിലായി ചിന്നിച്ചിതറിനടക്കുന്ന അകത്തോലിക്കക്രിസ്ത്യാനികളെന്ന ആട്ടിൻകൂട്ടം മുഴുവൻ ഏക തൊഴുത്തിലും ഏക ഇടയന്റെ കീഴിലും ആകേണ്ടിയിരിക്കുന്നു. "ആട്ടിൻകൂട്ടം മുഴുവൻ ഒന്നും, ഒരു ഇടയനുമാകും" (യോഹ. 10, 16). സദുദ്ദേശ്യത്തോടും ഹൃദയപരമാർത്ഥതയോടുംകൂടി ഏകോദരസഹോദരങ്ങളെപ്പോലെ കത്തോലിക്കരും അകത്തോലിക്കരും പുനരൈക്യവിഷയത്തിൽ ഒത്തൊരുമിച്ചു നിരന്തരമായി പരിശ്രമിച്ചെങ്കിലേ വി. യോഹന്നാസ്ലീഹായുടെ മക്കളെല്ലാം ഒന്നാകയുള്ളു. ഏതാനും നാളത്തേക്കല്ല, ഫലോദയംവരെ എല്ലാവരും നാനാപ്രകാരത്തിലും ഈ ഉദ്ദേശ്യസാദ്ധ്യത്തിനായി യത്നിക്കണം, ഹൃദയംഗമമായി പ്രാർത്ഥിക്കണം.

പ്രസംഗശ്രവണം, ഗ്രന്ഥപാരായണം ആദിയായവയേക്കാൾ ഉത്തമകത്തോലിക്കരുടെ ജീവിതമാതൃകയാണ് സാധാരണക്കാരായ അകത്തോലിക്കരെ കത്തോലിക്കാസഭയിലേക്കു കൂടുതൽ ആകർഷിക്കുന്നതെന്നുള്ള കാര്യം വിസ്മരിച്ചുകൂടാ. ചില കത്തോലിക്കരുടെ അനുകരണയോഗ്യമല്ലാത്ത ജീവിതം കണ്ടുകൊണ്ട് "കത്തോലിക്കാസഭയിൽ ഇന്നാ ഇന്നാ മദ്യപാനികളും ദുർമ്മാർഗ്ഗികളുമുണ്ടല്ലോ. പിന്നെ എന്തിനാണു ഞങ്ങൾ കത്തോലിക്കാസഭയിലേക്കു വരുന്നതു?" എന്നിങ്ങനെ ചില അകത്തോലിക്കർ ചോദിക്കാറുണ്ട്. എല്ലാ ക്രൈസ്തവസഭകളിലും പാപികളുണ്ട്. നമ്മുടെ കർത്താവുതന്നെ തെരഞ്ഞെടുത്തു മൂന്നുകൊല്ലം പഠിപ്പിച്ച പന്ത്രണ്ട് അപ്പോസ്തലന്മാരിൽ ഒരാളായിരുന്ന യൂദാസ് മഹാപാപിയായെങ്കിൽ 43 കോടി ജനങ്ങളുള്ള കത്തോലിക്കാസഭയിൽ ഏതാനും പേർ പാപികളായെങ്കിൽ വിസ്മയിപ്പാനില്ല. കത്തോലിക്കാസഭയിൽ പാപികളുണ്ടെങ്കിൽ മററു ക്രൈസ്തവസഭയിലും ഇല്ലാത്തവിധം അഖിലലോകപ്രസിദ്ധരായ അസംഖ്യം പുണ്യവാന്മാർ കത്തോലിക്കാസഭയിൽ ഉണ്ടായിട്ടുള്ള കാര്യം അനുസ്മരിക്കേണ്ടതാണ്. കത്തോലിക്കാസഭയിൽ അകത്തോലിക്കർ ചേരേണ്ടതു് ആ സഭയിലുള്ള മദ്യപാനികളെയോ ദുർമ്മാർഗ്ഗികളെയോ അനുകരിക്കാനല്ല, പ്രത്യുത ആ സഭയിലെ വിശുദ്ധന്മാരെ അനുകരിക്കുന്നതിനുവേണ്ടിയാണ്. കത്തോലിക്കാസഭ സത്യസഭയായിരിക്കകൊണ്ടു അതിന്റെ അംഗങ്ങളുടെയെല്ലാം നിത്യരക്ഷ സുഭദ്രമായെന്നോ, കത്തോലിക്കർക്ക് എങ്ങനെയും ജീവിക്കാമെന്നോ ആ സഭ പഠിപ്പിക്കുന്നില്ല. വണ്ടി എത്ര നല്ലതായാലും ഡ്രൈവർ എത്ര സമർത്ഥനായാലും ടിക്കററു വാങ്ങി സൂക്ഷിക്കുക, വണ്ടിയിൽനിന്നു എടുത്തുചാടാതിരിക്കുക, പുകവലിക്കാതിരിക്കുക, തലയും കൈയും പുറത്തിടാതിരിക്കുക എന്നിങ്ങനെ പല നിയമങ്ങൾ യാത്രക്കാർ പാലിച്ചെങ്കിലേ ഉദ്ദിഷ്ടസ്ഥലത്തു അവർക്ക് എത്തുവാൻ സാധിക്കയുള്ളു. ഇതുപോലെ ദൈവാനുഗ്രഹമാകുന്ന ടിക്കററു നഷ്ടപ്പെടുത്താതെ ദൈവത്തിന്റെയും സഭയുടെയും നിയമങ്ങളെല്ലാം പാലിച്ചുകൊണ്ടു സത്യസഭയിൽ നന്നായി ജീവിച്ചുമരിക്കുന്നവർക്കേ നിത്യരക്ഷ ലഭിക്കയുള്ളു. ഇക്കാര്യം നമ്മുടെ അകത്തോലിക്കാസഹോദരങ്ങൾ ശരിയായി ഗ്രഹിക്കുന്നതിനുവേണ്ടി കത്തോലിക്കർ നാമമാത്രകത്തോലിക്കരാകാതെ ഉത്തമകത്തോലിക്കരായി ജീവിക്കട്ടെ.

ഇതിനുംപുറമേ ക്രിസ്തു സ്ഥാപിച്ചതും ദൈവത്താൽ മുദ്രിതമായതുമായ ഏകസത്യസഭയെന്ന വണ്ടിയും, അതിനെ ശരിയായി നിയന്ത്രിച്ചു നടത്തുന്നതിനു വി. പത്രോസിന്റെ യഥാർത്ഥ പിൻഗാമിയായ റോമ്മാ മാർപ്പാപ്പായെന്ന അതിവിശിഷ്ടനായ ഡ്രൈവറും ലോകത്തിൽ ഉള്ളപ്പോൾ ശീശ്മയോ പാഷണ്ഡതയോമൂലം ഓരോരോ കാലത്ത് ആവിർഭവിച്ചിട്ടുള്ള മനുഷ്യസ്ഥാപിതങ്ങളും, അനധികൃതങ്ങളുമായ സഭാവണ്ടികളിൽ മനഃപൂർവ്വം കയറി ജീവിതയാത്ര ചെയ്യുന്നതു ദൈവേഷ്ടത്തിനു വിപരീതമായ പ്രവൃത്തിയാണെന്നും, ആത്മനാശം വരുത്തുന്ന മഹാപാപമാണെന്നും കത്തോലിക്കർ തങ്ങളുടെ അകത്തോലിക്കാസഹോദരങ്ങളെ സ്നേഹപൂർവ്വം ഗ്രഹിപ്പിക്കുന്നതിൽ യഥാശക്തി യഥാവസരം ഉത്സാഹിക്കട്ടെ.

മതവിഷയങ്ങളെപ്പററി അകത്തോലിക്കരുമായി സ്നേഹസമന്വിതം സംസാരിച്ചു സംശയങ്ങൾ തീർക്കുക, പ്രസംഗമഹായോഗങ്ങൾ നടത്തുക, കത്തോലിക്കാ ഗ്രന്ഥങ്ങളും മാസികകളും അകത്തോലിക്കരുടെ ഇടയിൽ പ്രചരിപ്പിക്കുക മുതലായവയിൽ കേരളീയകത്തോലിക്കർ ഇന്നത്തെതിൽ കൂടുതൽ ശ്രദ്ധപതിക്കുമെങ്കിൽ കത്തോലിക്കാസഭയുടെ ഉപദേശങ്ങളെപ്പററി ശരിയായ ജ്ഞാനം അകത്തോലിക്കർക്കു ലഭിക്കുന്നതിനും അങ്ങനെ അവരുടെ തെററിദ്ധാരണകളും മുൻവിധികളും സംശയങ്ങളും പാടേ നീങ്ങി കാലക്രമേണ സത്യാന്വേഷണബുദ്ധിയും, ഹൃദയപരമാർത്ഥതയും, ആത്മരക്ഷയിൽ ശുഷ്കാന്തിയുമുള്ളവരെല്ലാം ദൈവാനുഗ്രഹത്താൽ കത്തോലിക്കാസഭയിൽ പ്രവേശിക്കുന്നതിനും ഇടവരുമെന്നുള്ളതിൽ സംശയമില്ല. "പാപിയെ അവന്റെ വഴിതെററിൽനിന്നും തിരിക്കുന്നവൻ തന്റെ ആത്മാവിനെ മരണത്തിൽനിന്നും രക്ഷിക്കയും, തന്റെ പാപങ്ങളുടെ ആധിക്യത്തെ മറയ്ക്കുകയും ചെയ്യുന്നു എന്ന് അവൻ അറിഞ്ഞുകൊള്ളട്ടെ" (യാക്കോ. 5, 20) എന്നുള്ള വി. യാക്കോബ്ശ്ലീഹായുടെ വാക്യവും, "അന്യന്റെ ആത്മാവിനെ നീ രക്ഷിച്ചെങ്കിൽ നിന്റെ ആത്മരക്ഷ നീ സുരക്ഷിതമാക്കിയിരിക്കുന്നു" (Animam salvasti, tuam praedestinasti) എന്നുള്ള വി. ആഗസ്തീനോസിന്റെ വാക്യവും പുനരൈക്യപരിശ്രമങ്ങളിൽ സദാ നമുക്കു പ്രചോദനം നൽകട്ടെ.

(സമാപ്തം)

[ഈ ലേഖനപരമ്പര പുസ്തകരൂപത്തിൽ "കത്തോലിക്ക് ഡിപ്പോ, തിരുവല്ല" എന്ന മേൽവിലാസത്തിൽ എഴുതിച്ചോദിച്ചാൽ 8 ണ. വിലയ്ക്കു കിട്ടുന്നതാണ്.]

# 78-ൽ വി. കുർബാന സ്വീകരിച്ചെന്ന് ശിലാലിഖിതം

വി. കുർബാനയെപ്പററിയുള്ള ശിലാലിഖിതങ്ങളിൽ വച്ച് അതിപുരാതനമെന്ന് വിശ്വസിക്കപ്പെടുന്ന ഒരു ലിഖിതം ഈയിടെ, റോമിലെ പാലന്റൈൻ കുന്നിൽ സ്ഥിതിചെയ്തിരുന്നതും, ഫ്ലാവിയൻ ചക്രവർത്തിമാർ വസിച്ചിരുന്നതുമായ കൊട്ടാരത്തിന്റെ നഷ്ടശിഷ്ടങ്ങളിൽ കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. ലേഖകൻ 78 മേയിൽ വി കുർബാന സ്വീകരിച്ചെന്നാണ് ലിഖിതത്തിന്റെ താല്പര്യം. 22 വയസ്സു പ്രായമുള്ള സിഞ്ഞോർ ഏസിയോ കന്നാത്ത എന്ന ഒരു മെഡിക്കൽ വിദ്യാർത്ഥിയാണ് അതു കണ്ടുപിടിച്ചതു്. മേൽപ്പറഞ്ഞ സ്ഥലത്തു ഗവേഷണം നടത്തുന്നതിനായി കുഴിച്ചിരുന്ന കുഴികളും മററും ചുററിനടന്നു കാണുന്നതിനായി ഈ വിദ്യാർത്ഥി തന്റെ വിശ്രമസമയം ചെലവഴിക്കുക പതിവാണ്. അങ്ങനെയൊരവസരത്തിൽ പുതുതായി ഗവേഷകർ മാന്തിയിരുന്ന റോഡുകളുടെ ഒരു ഭാഗം പരിശോധിച്ചപ്പോഴാണ് ഈ ലിഖിതം അവിചാരിതമായി ദൃഷ്ടികൾക്കു വിഷയീഭവിച്ചതു്.

ഒരു പൂർത്തിയാകാത്ത പ്രസ്തുതലിഖിതം ഇപ്രകാരമാണ്:

Panis accep· in luce crestos susceptus pr· k. Mai Com· Pris· C·ss·

സിഞ്ഞോർ കന്നാത്തതന്നെ അതിനെ ഇപ്രകാരം പൂരിപ്പിച്ചിരിക്കുന്നു:

Panis acceptus in luce Crestos susceptus pridie kalendas maias Commodo et Prisco consulibus·

അതിനെ ഇപ്രകാരം പരിഭാഷപ്പെടുത്താവുന്നതാണ്:

"വെളിച്ചത്തിൽ അപ്പം സ്വീകരിക്കപ്പെട്ടു; 78-ാമാണ്ട് ഏപ്രിൽ 30-ാം നു ക്രിസ്തു സ്വീകരിക്കപ്പെട്ടു."

നീറോയുടെ കാലത്തുണ്ടായതും, വി. പത്രോസിന്റെയും വി. പൗലോസിന്റെയും രക്തസാക്ഷിത്വത്തിനിടയാക്കിയതുമായ ഒന്നാമത്തെ മതപീഡനത്തെ അതിജീവിച്ച ഒരു ക്രിസ്ത്യാനിയാണ് ഈ ലിഖിതത്തിന്റെ കർത്താവെന്നു വിശ്വസിക്കപ്പെടുന്നു. ഒരുപക്ഷേ വി. പൗലോസ് ഫിലിപ്പിയാക്കാർക്കുള്ള ലേഖനത്തിൽ പറയുന്നവരിൽ ഒരാളായിരിക്കാം അദ്ദേഹം. വി. പൗലോസ് പ്രസ്തുത ലേഖനമെഴുതിയതു് റോമിലെ കാരാഗൃഹത്തിൽനിന്നാണ്. തലസ്ഥാനനഗരിയിലെ ക്രിസ്ത്യാനികൾ ഫിലിപ്പിയായിലെ ക്രിസ്ത്യാനികൾക്ക് അഭിവന്ദനങ്ങൾ അയക്കുന്നതായി ലേഖനത്തിൽ പറയുന്നുണ്ട്. തന്മൂലം, വി. പൗലോസ് ക്രിസ്ത്യാനികളിൽ ഒരു വലിയ ഭാഗം മർദ്ദനത്തിനു വിധേയരായി ഇഹലോകവാസം വെടിഞ്ഞു. പ്രസ്തുതസംഭവങ്ങൾ കഴിഞ്ഞ് ഏതാണ്ട് 12 കൊല്ലത്തിനുശേഷമായിരിക്കണം മേൽപ്പറഞ്ഞ ശിലാലിഖിതത്തിന്റെ ഉല്പത്തി.

പരി. കുർബാനയെപ്പററിയുള്ള ശിലാലിഖിതങ്ങളിൽ ഏററം പഴക്കമേറിയതായി ഇതിനു മുമ്പു പരിഗണിക്കപ്പെട്ടിരുന്ന ലിഖിതം സിഞ്ഞോർ കന്നാത്ത കണ്ടുപിടിച്ച ലിഖിതത്തിനുശേഷം നൂറുകൊല്ലംകൂടി കഴിഞ്ഞുള്ളതാണ്. പശ്ചിമേഷ്യയിലെ ഫ്രീജിയാ പ്രദേശത്തു 1882-ൽ, ഇംഗ്ലീഷുകാരനായ ഒരു പുരാവസ്തുഗവേഷകനാൽ അതു കണ്ടുപിടിക്കപ്പെട്ടു.

വേദശാസ്ത്രദൃഷ്ട്യാ വളരെ പ്രാധാന്യമർഹിക്കുന്നവയാണ് ഈ തരങ്ങളായ പുരാതനരേഖകൾ. 16-ാം നൂററാണ്ടിൽ ലൂഥർ പ്രഭൃതികൾ പരി. കുർബാനയിൽ ക്രിസ്തുവിന്റെ യഥാർത്ഥ സാന്നിദ്ധ്യമില്ലെന്നു പഠിപ്പിക്കുകയും ത്രിദന്തീനോസ് സൂനഹദോസ് ആ സിദ്ധാന്തം തെററാണെന്നു വിധിപ്രസ്താവിക്കുകയും ചെയ്തു. നവീകരണപ്രസ്ഥാനക്കാരുടെ ഈ അബദ്ധോപദേശം ക്രിസ്തുസഭയിലെ പുരാതനവിശ്വാസത്തിനു കടകവിരുദ്ധമാണെന്നുള്ളതിനു ആദിമശതകങ്ങളിലെ ശിലാലിഖിതങ്ങൾ തന്നെ മതിയാകുന്ന തെളിവാണ്.

# Sathya Deepam

Vol. 27 Ernakulam January 21, 1953 No. 22


## വിവിധവൃത്താന്തങ്ങൾ

### ബ്രിട്ടീഷ് സർവ്വകലാശാലകളിൽ കത്തോലിക്കാ അന്തരീക്ഷം വളരുന്നു

ഇക്കൊല്ലത്തെ സർവ്വകലാശാലാ പ്രസംഗങ്ങളിൽ മുൻകാലങ്ങളെ അപേക്ഷിച്ച്, കൂടുതൽ കത്തോലിക്കാ വൈദികരേയും അത്മേനികളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഓക്സ്ഫോഡിൽ ഈശോസഭക്കാരെയും ഡൊമിനിക്കൻ സഭക്കാരെയും ലക്ചറന്മാരായി നിയമിച്ചിരിക്കുന്നു. ലീഡ്സ് യൂനിവേഴ്സിറ്റിയിൽ ഇദംപ്രഥമമായിട്ടാണ് ഒരു കത്തോലിക്കാ ചാപ്ലയിനെ ഏർപ്പെടുത്തിയിരിക്കുന്നത്. ഫാദർ ഡ്യൂക്ക് എസ്. ജെ. യാണ് ആ സ്ഥാനത്ത് നിയമിതനായിരിക്കുന്നത്. ലണ്ടൻ യൂണിവേഴ്സിറ്റിയിൽ മോൺസിഞ്ഞോർ ഗോർഡൻ വീലർ എന്നദ്ദേഹത്തെയും നിയമിച്ചുകഴിഞ്ഞു. കേംബ്രിഡ്ജ്, എഡിൻബറാ, ഗ്ലാസ്ഗോ ആദിയായി മററു കലാലയങ്ങളിലും മുഴുവൻസമയവും ജോലിക്കാരായിട്ടുള്ള കത്തോലിക്കാ ചാപ്ലന്മാരെ ഇക്കൊല്ലം ഏർപ്പെടുത്തിയിട്ടുണ്ട്.

### ഫ്റാൻസിസ്കൻ മൂന്നാംസഭ പ്രചുരപ്രചാരത്തിൽ

വിവാഹിതരും, അവിവാഹിതരും, സ്ത്രീകളും, പുരുഷന്മാരും ഉൾപ്പെട്ട വി. ഫ്റാൻസിസ്സിന്റെ മൂന്നാംസഭ 1221-ലാണ് വിശുദ്ധൻ സ്ഥാപിച്ചത്. പുണ്യജീവിതത്തിന് ഉപകരിക്കുന്ന മൂന്നദ്ധ്യായങ്ങൾ മാത്രമാണ് പ്രസ്തുതസഭയുടെ നിയമാവലി. ലോകത്തെ നവീകരിക്കുന്നതിന് അതിനുള്ള ശക്തി അന്യാദൃശമെന്നേ പറയാനുള്ളു. ഇന്നത്തെ ലോകത്തിന് ഈ മൂന്നാംസഭ ഒഴിച്ചുകൂടാത്ത ഒരാവശ്യമെന്നത്രേ സൂക്ഷ്മദൃക്കുകൾ അഭിപ്രായപ്പെടുന്നത്. ഇപ്പോൾ ആകെ 35 ലക്ഷത്തോളം ആളുകൾ അതിൽ ചേർന്നിട്ടുണ്ട്. മൂന്നാംസഭക്കാർക്കായി ഒരു വിസിറ്റർ ഈയിടെ ഓസ്ട്രേലിയാ സന്ദർശിച്ചതിന്റെ ഫലമായി അവിടെ സഭയ്ക്കു അത്ഭുതപൂർവ്വമായ വളർച്ച സിദ്ധിച്ചുവരുന്നതായി അറിയുന്നു.

### അമേരിക്കൻ ഗവർമ്മെണ്ട് വിസമ്മതിക്കുന്നു

കമ്മ്യൂണിസ്റ്റു ബൾഗേറിയാ വധശിക്ഷയ്ക്കു വിധിച്ചിരിക്കുന്ന മെത്രാന്മാരുടെയും വൈദികരുടേയും കാര്യത്തിൽ അമേരിക്കൻ ഗവർമ്മെണ്ടു ഇടപെടണമെന്നു പല കോണുകളിൽനിന്നും നിവേദനങ്ങൾ ചെന്നിരുന്നു. അതിനു മറുപടിയായി സ്റ്റേറ്റുഡിപ്പാർട്ടുമെന്റിൽനിന്നു പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ പറയുന്നു: "ഒന്നാമതായി, അമേരിക്കയും ബൾഗേറിയായും തമ്മിൽ ഇപ്പോൾ നയതന്ത്രബന്ധമില്ല. രണ്ടാമത്, അമേരിക്കാ പ്രതിഷേധിച്ചാലും ഇക്കാര്യത്തിൽ പ്രയോജനമുണ്ടാകുന്നതല്ല. [illegible] ഉണ്ടെന്നാൽ ഈ വിസ്താരത്തിനിടയ്ക്കു ബൾഗേറിയൻ ആഭ്യന്തരമന്ത്രി പ്രകടമായി പ്രസ്താവിച്ചു: 'വത്തിക്കാനാകട്ടെ, അവരുടെ സാമ്രാജ്യവാദികൾക്കാകട്ടെ ഈ കക്ഷികളെ സഹായിക്കാൻ സാധിക്കുന്നതല്ല.'" ആകയാൽ ഈ സംഗതിയിൽ ഇടപെടേണ്ടതില്ലെന്നു ഗവർമ്മെണ്ട് തീരുമാനിച്ചിരിക്കുന്നു.

### വിശ്വാസപ്രമാണം ഉച്ചരിച്ചു മരിച്ചു

ഫാദർ മാത്യൂസ് ചൈനാക്കാരനായ ഒരു യുവവൈദികനായിരുന്നു. രണ്ടുകൊല്ലംമുമ്പ് കമ്മ്യൂണിസ്റ്റുകാർ അദ്ദേഹത്തെ ബന്ധനസ്ഥനാക്കി. മതപരിത്യാഗം ചെയ്യിക്കുന്നതിലേക്ക് പലതരം പീഡനങ്ങൾക്ക് അദ്ദേഹത്തെ വിധേയനാക്കി. കഴുത്തിൽ [illegible] നഗരവീഥിയിൽക്കൂടി പലപ്പോഴും അദ്ദേഹത്തെ നടത്തിക്കൊണ്ടുപോയി. കൂടെക്കൂടെ അദ്ദേഹത്തെ വിസ്തരിച്ചു. കമ്മ്യൂണിസത്തെപ്പററി എന്താണു പറയാനുള്ളതെന്നു ചോദിച്ചപ്പോഴെല്ലാം അദ്ദേഹം വിശ്വാസപ്രമാണം ചൊല്ലുകയായിരുന്നു പതിവ്. ഒരു മാസം മുമ്പ് അദ്ദേഹം തടവിൽ കിടന്നു മരിച്ചു. അപ്പോഴും വിശ്വാസപ്രമാണം ചൊല്ലിക്കൊണ്ടിരുന്നു.

### വെനെസ്വേലായിൽ മൂന്നാം ശതാബ്ദാഘോഷം

തെക്കേ അമേരിക്കയിലെ വെനെസ്വേലായിൽ 1652-ൽ ദൈവജനനിയുടെ ഒരു ദർശനമുണ്ടായി. അതുവരെ സത്യവേദം സ്വീകരിക്കാതെ മാറിനിന്നിരുന്ന അവിടത്തെ ആദിമനിവാസികൾ, തദനന്തരം ഒന്നാകെ ക്രിസ്തുമതത്തിൽ ചേരുകയാണുണ്ടായത്. എന്നിട്ടും അവരുടെ നേതാവ് മാനസാന്തരപ്പെടാതെ എതിർത്തുനിന്നു. സ്വർഗ്ഗരാജ്ഞി അവന്റെ കുടിലിൽ പ്രത്യക്ഷപ്പെട്ടു. അവൻ ഒട്ടും മടിക്കാതെ ആ നാഥയുടെ നേർക്കു അമ്പു തൊടുത്തുവിട്ടു. മാതാവ് അപ്രത്യക്ഷയായി, എന്നാൽ ആ വനരാജന്റെ കയ്യിൽ ഒരു കല്ലു കാണപ്പെട്ടു, അതിന്മേൽ ദൈവജനനിയുടെ പ്രതിരൂപം ദൃശ്യമായി. പ്രസ്തുത കല്ല് ഇന്നു അവിടെയുള്ള മാതാവിന്റെ ബസിലിക്കാദേവാലയത്തിൽ പൂജ്യമായി സൂക്ഷിക്കപ്പെടുന്നു. മേല്പറഞ്ഞ ദർശനത്തിന്റെ മൂന്നാം ശതാബ്ദാഘോഷമാണ് അത്യാഡംബരപൂർവ്വം ഈയിടെ അവിടെ കൊണ്ടാടപ്പെട്ടത്. ക്യൂബായിലെ കർദിനാൾ മെത്രാപ്പോലീത്തായെ തദവസരത്തിലേക്ക് പേപ്പൽപ്രതിനിധിയായി മാർപ്പാപ്പാ അയച്ചിരുന്നു. വിപുലമായ ഒരു മരിയൻകോൺഗ്രസ് സമ്മേളനത്തെ തുടർന്ന് കർദിനാൾ തിരുമേനി പരിശുദ്ധകന്യകയെ വെനെസ്വേലായുടെ രാജ്ഞിയായി കിരീടം ധരിപ്പിച്ചു. പരിശുദ്ധ പിതാവിന്റെ ഒരു റേഡിയോസന്ദേശവും അന്നേദിവസം അവിടെ ശ്രവിക്കപ്പെട്ടു. "ഏററം പരിശുദ്ധയായ കന്യകയുടെ മദ്ധ്യസ്ഥതയാൽ നിങ്ങളുടെ രാജ്യം ഒരു ക്രിസ്തീയരാജ്യമായിത്തീർന്നിരിക്കുന്നു—നിങ്ങളുടെ ശക്തിക്ക് അതു പ്രചോദനം നൽകുന്നു—നിങ്ങളുടെ കുഞ്ഞുങ്ങളെ അതു തട്ടിയുണർത്തുന്നു...." എന്നിങ്ങനെ തിരുമേനി അവരെ അനുമോദിച്ചു.

### മോൺസിഞ്ഞോർ ഗോർഡൻ —അയർലണ്ടുകാരൻ

ഡൽഹിയിലെ വത്തിക്കാൻ ചാർജ് ഡി അഫയേഴ്സായി നിയമിതനായ മോൺ. ജോൺ ഗോർഡൻ 40 കൊല്ലംമുമ്പ് അയർലണ്ടിൽ ഡബ്ലിൻ രൂപതയിലാണ് ജാതനായത്. 1936-ൽ റോമിൽവച്ച് ഗുരുപ്പട്ടമേററു. മൂന്നുകൊല്ലം അയർലണ്ടിലെ വേദപ്രചാരസംഘത്തിന്റെ സെക്രട്ടറിയായി ജോലിനോക്കിയശേഷം 1946-ലാണ് അദ്ദേഹം വത്തിക്കാനിൽ സ്റ്റേയിററു സെക്രട്ടറിയേററിലേക്കു നിയമിതനായത്. കപ്പൂച്ചിൻസഭാംഗമായ ഫാദർ ബ്രയൻ ഗോർഡൻ അദ്ദേഹത്തിന്റെ ഒരു സഹോദരനാണ്.

### ബാൾട്ടിക്ക രാജ്യങ്ങളുടെ ദുർദ്ദശാപാരമ്യം

റഷ്യൻ നുകത്തിൻകീഴ് അമർന്നിരിക്കുന്ന ലിത്തുവേനിയാ മുതലായ ബാൾട്ടിക്ക് രാജ്യങ്ങളുടെ നില ഒന്നിനൊന്നു പരിതാപകരമായിട്ടാണു തീരുന്നത്. പാവപ്പെട്ട ആ ക്രിസ്ത്യൻരാജ്യങ്ങളെ സ്റ്റാലിനു തീറെഴുതിക്കൊടുത്ത ചർച്ചിൽപ്രഭൃതികൾ ഇപ്പോൾ ഇതെല്ലാം കണ്ടുകൊണ്ടിരിക്കയല്ലാതെ എന്തുചെയ്യാൻ കഴിയും. ലിത്തുവേനിയായിൽ ഭൂരിപക്ഷവും കത്തോലിക്കരാണ്. അവരുടെ പള്ളികളും ആശ്രമങ്ങളുമെല്ലാം നേരത്തേ കണ്ടുകെട്ടി. പള്ളിവക മണികൾ, കാസാകൾ മുതലായ ലോഹസാമാനങ്ങൾ ഉരുക്കി റഷ്യയിലേക്കു കടത്തുന്ന വ്യവസായമാണ് ഇപ്പോൾ അവിടെ നടന്നുവരുന്നത്.

### മതപഠനം നിർബന്ധിതമാകുന്നു

തെക്കേ അമേരിക്കയിലെ പരാഗ്വേ ഒരു കത്തോലിക്കാ റിപ്പബ്ളിക്കാണ്. പ്രസിഡണ്ടു കത്തോലിക്കനായിരിക്കണമെന്നുതന്നെ ഭരണഘടനയിൽ വ്യവസ്ഥയുണ്ട്. യുവജനങ്ങളുടെയിടയിൽ മതപഠനവിഷയത്തിൽ കണ്ടുവരുന്ന അനാസ്ഥ നിമിത്തം, പ്രൈമറിസ്കൂളുകളിലും സെക്കണ്ടറിസ്കൂളുകളിലും മതപഠനം മേലിൽ നിർബന്ധവിഷയമാക്കുന്നതിനുള്ള ഒരു നിയമം അടുത്തുതന്നെ അവിടെ പാസ്സാക്കാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു. ഈയാണ്ടുമുതൽ അതു നടപ്പിൽവരുത്താനാണ് ആലോചന. ചെറുപ്പക്കാർ മതബോധമില്ലാതെ വളർന്നുവന്നാൽ രാജ്യത്തിനു അതു ആപൽക്കരമായി ഭവിക്കുമെന്നുള്ളതാണ് നിയമത്തിനു പറയുന്ന കാരണം.

## FAMOUS CONVERTS

**(Continued)**

FATHER LEWIS WATT S. J. was received into the Church at the age of 21 in 1906. He qualified as a solicitor in 1907, but gave up law to enter the Society of Jesus the following year. He finished his course with Honours at the London School of Economics, and was ordained to the Priesthood in 1920. Has been a Professor of Moral Theology since 1923, and has lectured extensively all over England for the Catholic Social Guild. Father Watt is the author of "Capitalism and Morality", "Catholic Social Principles", "The Future of Capitalism", and many pamphlets on social question, on which he is one of the leading authorities in England.

ERIC GILL. When Eric Gill died in 1940, the Catholic Church lost a fearless, though sometimes critical champion. He was the son of a non-conformist parson, who later brought his family into the Church of England. Young Gill apprenticed himself to a London architect. He Soon became something of an artistic genius. He left the Church of England for a sort of agnostic Socialism. At the age of 31 he was baptized into the Catholic Church along with his wife and children. His conversion was the most important thing in his life, as he says in his "Autobiography."

PAUL CLAUDEL, a former French ambassador to the U S A and one of the greatest poets of the century, died but recently. He was a mystic and his works are full of veiled logic and hidden meanings. For many years he was practically an unbeliever if not an atheist. His return to the Church was a hard and bitter struggle. His best known dramas are: "The Golden Head," "The Satin Slipper," "Annunciation." He served in the French Diplomatic Service for over 50 years.

PRINCE DIMITRI GALITZIN, was brought up in the Russian Orthodox Church, but like many of his relatives before him, became a Catholic. He is a near relative of the Prince, priest and pioneer, Dimitri Augustine Galitzin (Alias Pere Smith) over whose tomb a monument has been erected at Loretto, Pennsylvania.

FATHER L. M. BALASUBRAHMANIAM, S. J., was a convert Brahmin from South India. Soon after his conversion he entered the Society of Jesus. He is now Professor at the Pontifical Gregorian University in Rome.


*Permissu Ecclesiastico*

Printed & Published by K. L. Varkey at the Mar Louis Memorial Press Ernakulam.